"നിൻെറ ദൃഷ്ടികളെ നിന്നിലേക്കുതന്നെ പിന്തിരിച്ചിട്ട്, അന്യരുടെ പ്രവൃത്തികളെപ്പററി വിധിക്കാതിരിക്കുന്നതിനു ശ്രദ്ധിക്കുക. മററുള്ളവരെ വിധിക്കുന്നതിൽ ഒരു മനുഷ്യൻ നിഷ്ഫലമായി പ്രയത്നിക്കുകയും, പലപ്പോഴും തെററിപ്പോവുകയും, എളുപ്പത്തിൽ പാപം ചെയ്യുകയും ചെയ്യുന്നു; എന്നാൽ തന്നത്താൻ വിധിക്കുകയും പരിശോധിക്കുകയും ചെയ്യുന്നതിൽ അവൻ എല്ലായ്പോഴും സഫലമായി പ്രയത്നിക്കുന്നു."

—ക്രിസ്ത്വാനുകരണം

# സത്യദീപം

"ഈശോ അടുത്തുചെന്നു അവരോടരുളിച്ചെയ്തു: സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ നിങ്ങൾ പോയി, ഞാൻ നിങ്ങൾക്കു നൽകിയിട്ടുള്ള പ്രമാണങ്ങളെല്ലാം അനുസരിക്കുന്നതിനു സകല ജാതികളേയും പാപ്പിക്കുകയും, പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും നാമത്തിൽ അവരെ സ്നാനപ്പെടുത്തുകയും ചെയ്തുകൊണ്ട് അവരെ ശിഷ്യന്മാരാക്കുവിൻ."

—മത്തായി XXVIII: 18, 19.

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

Reg. No. M. 2293. | 1957 ജൂൺ 12—ബുധനാഴ്ച | Vol. 30, No. 42

# ലോകത്തിൻെറ രക്ഷാമാർഗ്ഗമായ തിരുഹൃദയഭക്തി

(മാത്യു പുളിക്കൽ എസ്. ജെ.)


ഫ്റാൻസിലെ വിസിറേറഷൻ കന്യകാലയത്തിൽ, അബലയായ ഒരു കന്യകയ്ക്കു പ്രത്യക്ഷപ്പെട്ടുകൊണ്ട്, മനുഷ്യസ്നേഹാർദ്രമായ തൻെറ ഹൃദയത്തെ ചൂണ്ടി, ലോകപരിത്രാതാവായ യേശുനാഥൻ ഹൃദയവേദനയോടുകൂടി പറഞ്ഞ വാക്കുകളാണ് "മനുഷ്യമക്കളെ അതിയായി സ്നേഹിക്കുകയും അതിനു പ്രതിഫലമായി വഞ്ചനയും കൃതഘ്നതയുംമാത്രം ലഭിക്കുകയുംചെയ്തിട്ടുള്ള ഈ ഹൃദയത്തെ കണ്ടാലും!" എന്നതു്. ആയിരമായിരം പ്രസംഗപീഠങ്ങളിൽ നിന്നുകൊണ്ട്, ലക്ഷോപലക്ഷങ്ങളെ അഭിമുഖീകരിച്ച്, അനേകമനേകം പ്രാസംഗികന്മാർ ഈ പരമാർത്ഥത്തെ മനുഷ്യഹൃദയങ്ങളിലേക്കു പകർന്നുകൊടുത്തിട്ടുണ്ട്. ദിവ്യനാഥൻെറ അനന്തമായ സ്നേഹവും, ആ സ്നേഹത്തിനു് അവിടുത്തേക്കു ലഭിക്കുന്ന പ്രതിസമ്മാനവും ലോകത്തിനു് അജ്ഞാതമല്ല. "എന്നെ ആശ്വസിപ്പിക്കുവാൻ ഒരുവനെ ഞാനന്വേഷിച്ചു, പക്ഷേ കണ്ടെത്തിയില്ല" എന്ന ദിവ്യനാഥൻെറ സ്നേഹപ്രലപനം ഇന്നും പലപ്രാവശ്യവും ആവർത്തിക്കപ്പെടുന്നുണ്ട്. എന്നാൽ ഹൃദയം തകർന്നുള്ള ആ നിലവിളി വെറും വനരോദനംമാത്രമായിട്ടാണ് പരിണമിച്ചിട്ടുള്ളതു്.

ജലപ്രളയവും അഗ്നിയും ശിലാസമാനമായ മനുഷ്യഹൃദയത്തെ മൃദുലമാക്കുവാൻ അശക്തങ്ങളായിത്തീർന്നപ്പോൾ, നിസ്സഹായനും അബലനുമായ ഒരു ശിശുവായി ദൈവം പുൽക്കൂട്ടിൽ ജാതനായി. മനുഷ്യപുത്രരെ ദൈവപുത്രരാക്കുവാൻ, ദൈവപുത്രൻ മനുഷ്യപുത്രനായി ജന്മമെടുത്തു. അവിടുത്തെ അധരങ്ങളിൽനിന്നു് അടർന്നുവീണ അമൃതവചസ്സുകൾ മാനവനെ പുളകമണിയിച്ചു. അവൻെറ ദുഃഖത്തിൽ അവനോടൊന്നിച്ചു കരയുകയും, അവൻെറ നിസ്സഹായതയിൽ അവനോടൊന്നിച്ചു സഹതപിക്കുകയും ചെയ്തുകൊണ്ട് ആദർശസമ്പൂർണ്ണമായ സ്വജീവിതത്തിലൂടെ അനേകായിരങ്ങളെ അവിടുന്നു് തന്നിലേക്കാകർഷിച്ചു. ഊണും ഉറക്കവും കൂടാതെ ജനക്കൂട്ടങ്ങൾ അദ്ദേഹത്തെ പിൻതുടർന്നു. പുത്രരഹിതരായ മാതാക്കളും, അർദ്ധപ്രാണരായ കുഷ്ഠരോഗികളും ആ ആശാരിപ്പുത്രൻെറ പക്കൽ ആശ്വാസംകണ്ടെത്തി. അങ്ങനെ സർവ്വർക്കും സർവ്വവുമായി അദ്ദേഹം ജീവിച്ചു. ഒടുവിൽ മനുഷ്യനോടുള്ള തൻെറ നിസ്സീമസ്നേഹത്തെ ഉച്ചൈസ്തരം ഉൽഘോഷിച്ചുകൊണ്ടു് കല്ലും മുള്ളും നിറഞ്ഞ വഴിത്താരയിലൂടെ മനുഷ്യൻെറ പാപഭാരമായ കുരിശുമേന്തി നടന്നു് ആ സന്താപയാത്രാന്ത്യത്തിൽ, സ്വജീവനെ കാൽവരിമലമുകളിൽ സജ്ജമാക്കിയ സ്നേഹത്തിൻെറ ബലിപീഠത്തിൽ അവിടുന്നു സസന്തോഷം ഹോമിച്ചു. എന്നാൽ അനേകനൂററാണ്ടുകൾക്കുശേഷം ആ മഹായജ്ഞം വെറുമൊരു കെട്ടുകഥയായി പ്രത്യക്ഷപ്പെടുമെന്നും അങ്ങനെ തൻെറ സ്നേഹവും ത്യാഗവും വിസ്മരിക്കപ്പെടുമെന്നും മനസ്സിലാക്കിയ ആ സർവ്വജ്ഞാനി, തൻെറ ആത്മപരിത്യാഗത്തെ സജീവമാക്കിത്തീർക്കുവാൻവേണ്ടി, സ്വപീഡാനുഭവത്തിനുമുൻപു് വിശുദ്ധ കുർബാന സ്ഥാപിച്ചു. അങ്ങനെ നമ്മുടെ ഭോജനത്തിനായി അവിടുന്നു തന്നെത്തന്നെ നൽകി. എന്നാൽ കോതമ്പിൽനിന്നുണ്ടാക്കപ്പെട്ട ഒരു ചെറിയ അപ്പത്തിൽ, സർവ്വചരാചരങ്ങളേയും അടക്കിഭരിക്കുന്ന സകലനന്മസ്വരൂപിയായ സകലേശൻ അധിവസിക്കുന്നെന്ന പരമാർത്ഥം ഗ്രഹിക്കുവാനും വിശ്വസിക്കുവാനും മനുഷ്യർ വിമുഖത പ്രദർശിപ്പിച്ചു. സക്രാരികൾ അവർ തല്ലിത്തകർത്തു. സ്നേഹത്തിൻെറ സാക്ഷാത്കാരമായ ദിവ്യഓസ്തിയെ മനുഷ്യൻ അവൻെറ കളിപ്പാട്ടമാക്കിത്തീർത്തു. എന്നിട്ടും മനുഷ്യനോടുള്ള അവിടുത്തെ അമൂല്യസ്നേഹം അവനെ നശിപ്പിക്കുവാൻ അവിടുത്തെ അനുവദിച്ചില്ല.

അതിനാൽ കൃതഘ്നതാശരങ്ങളേററ സ്വഹൃദയം ദൃശ്യമാക്കിക്കൊണ്ടു്, സകല നന്മകളുടേയും ഇരിപ്പിടമായ ആ ഹൃദയം വഴിയായി മനുഷ്യനെ ദൈവത്തിങ്കലേക്കടുപ്പിക്കുവാൻ അവിടുന്നു തയാറായി. അങ്ങനെ വി. മർഗ്ഗരീത്താമറിയം വഴിയായി അവിടുത്തെ ഹൃദയം അനുഭവിക്കുന്ന നിസ്സീമമായ വേദനയെ അവിടുന്നു ലോകത്തിനു പ്രത്യക്ഷമാക്കി. അവിടുത്തെ ആശ്വസിപ്പിക്കുവാൻ അവിടുന്നു യാചിച്ചു.

"ഈശോയുടെ മറിയം" എന്ന കന്യകയ്ക്കു പ്രത്യക്ഷപ്പെട്ടുകൊണ്ടു് ഒരിക്കൽ ഈശോ പറയുകയുണ്ടായി. "ഞാൻ അറിയപ്പെടുന്നില്ല! സ്നേഹിക്കപ്പെടുന്നില്ല! ആർക്കും ആവശ്യമില്ലാത്ത ഒരു നിധിയാണു ഞാൻ" എന്നു്. ഈ ലോകത്തിലെ ലക്ഷോപലക്ഷങ്ങളിൽ എത്രപേർ അവിടുത്തെ അറിയുന്നുണ്ടു്? എത്രപേർ അവിടുത്തെ സ്നേഹിക്കുന്നുണ്ടു്? നാം ഓരോരുത്തരും അവിടുത്തെ നല്ലതുപോലെ അറിയുന്നവരാണു്. എന്നാൽ എങ്ങനെയാണു് നാം അവിടുത്തെ സ്നേഹിക്കുന്നതു്?

ഈശോയുടെ തിരുഹൃദയത്തോടുള്ള ഭക്തി അവിടുത്തെ സ്നേഹത്തിൽനിന്നാണുത്ഭവിച്ചിട്ടുള്ളതു്. ഹൃദയം സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനുംവേണ്ടി സൃഷ്ടിക്കപ്പെട്ടിട്ടുള്ളതാണ്. സ്നേഹം— മനുഷ്യ നാവുകൾക്കുച്ചരിക്കുവാൻ സാധിച്ചിട്ടുള്ളതിൽ ഏററം മഹനീയവും അർത്ഥഗർഭവുമായ ഒരു വാക്കാണ്. സ്നേഹം—അതെന്താണെന്നു വിവക്ഷിക്കുവാൻ പ്രയാസമാണ്. മഹാകവികൾ ലോകാരംഭംമുതൽ അതിനെ വാനോളം വാഴ്ത്തിയിട്ടുണ്ടു്. യുവാക്കളും യുവതികളും അതിനുവേണ്ടി ജീവിച്ചിട്ടുണ്ടു്; ജീവനെ അപകടത്തിലാക്കിയിട്ടുണ്ടു്; മരിച്ചിട്ടുണ്ടു്. മനുഷ്യൻെറ ഉത്ഭവകാരണം സ്നേഹമാണ്. ഈ ലോകത്തെ നയിക്കുന്നതും, പരലോകത്തെ ഭരിക്കുന്നതും, ഇവ രണ്ടിനേയും ബന്ധിക്കുന്നതും സ്നേഹമാണ്.



ഈശോയുടെ തിരുഹൃദയം.

സ്നേഹം പ്രവൃത്തിയാലാണ് പ്രത്യക്ഷപ്പെടുന്നതു്. ആത്മാർപ്പണമാണ് അതിൻെറ മുദ്രാവാക്യം. ജയാപജയങ്ങളെ അതു ഗണ്യമാക്കുന്നില്ല. അപകടങ്ങൾ സ്നേഹത്തെ തടുക്കുവാൻ അശക്തങ്ങളാണ്. സ്വസ്നേഹിതനുവേണ്ടി ജീവാർപ്പണം ചെയ്യുന്നതിൽ സ്നേഹം അഭിമാനം കൊള്ളുന്നു. പക്ഷേ നിങ്ങൾ ചോദിച്ചേക്കാം, അങ്ങിനെ ആപത്തിനെ സ്വയം വരിക്കുന്ന സ്വഭാവംതന്നെ ആപല്ക്കരമല്ലേ എന്നു്.

അതേ, സ്വരാജ്യരക്ഷയ്ക്കുവേണ്ടി യുദ്ധം ചെയ്യുന്നതു് ആപല്ക്കരമാണ്. വിശപ്പും ദാഹവും ഗണ്യമാക്കാതെ ആത്മാക്കളുടെ രക്ഷയ്ക്കുവേണ്ടി അലയുന്നതു് അപകടകരമാണ്. അപകടം നിറഞ്ഞ പകർച്ചവ്യാധികളിൽപെട്ടു കഷ്ടപ്പെടുന്ന രോഗികളെ ശുശ്രൂഷിക്കുന്നതു് അപായകരംതന്നെയാണ്. പക്ഷേ, ഏതു പ്രവൃത്തിക്കും മാഹാത്മ്യം നൽകുന്നതു് അതിൽ അന്തർലീനമായിരിക്കുന്ന അപകടമല്ലേ? സഭാചരിത്രത്തിലെ ആയിരമായിരം രക്തസാക്ഷികളുടെ ജീവിതവിജയത്തിനു മകുടം ചാർത്തിയതു് അവരുടെ വിശ്വാസപ്രഖ്യാപനത്തിൽ അടങ്ങിയിരുന്ന അപായമല്ലേ?

"സ്വസ്നേഹിതർക്കുവേണ്ടി ജീവൻവെടിഞ്ഞ ഒരുവനേക്കാൾ കൂടുതൽ സ്നേഹം ഒരുവനും ഉണ്ടായിട്ടില്ല." ആ ഒരുവനാണു് നമ്മുടെ സ്നേഹനാഥൻ.

സ്വന്തം ഹൃദയാപഹാരിയായ ഒരുപുരുഷനോ, സ്ത്രീക്കോ വേണ്ടി എത്രയെത്ര യുവതീയുവാക്കന്മാരാണു് അവരുടെ ജീവിതത്തെപ്പോലും അപകടത്തിലാക്കിയിട്ടുള്ളതു്? തൻെറ ഓമൽക്കിടാവിൻെറ രോഗശയ്യക്കരുകിലിരുന്നു കരയുന്ന മാതാവിൻെറ നിർമ്മലസ്നേഹത്തിനു പ്രതിഫലമായി എന്തുചെയ്യുവാനാണു് ആ കുഞ്ഞു മടിക്കാത്തതു്? എന്നാൽ ഒരു മാതാവിനേക്കാൾ കരുണാസമ്പൂർണ്ണനും, ഒരു പിതാവിനേക്കാൾ വാത്സല്യനിധിയും, ഒരു യുവതിയേയോ യുവാവിനേയോകാൾ സ്നേഹനിധിയുമായ നമ്മുടെ രക്ഷകനുവേണ്ടി, ഏതാനും ചുവടുകൾവച്ചു് പള്ളിയിൽവന്നു കുർബാന കാണുവാൻ ചിലർക്കു സാധിക്കുന്നില്ല; പലരും അതിനു സന്നദ്ധരല്ല. മനുഷ്യമക്കളുടെ രക്ഷയ്ക്കുവേണ്ടി സ്വജീവരക്തത്തിൻെറ അവസാനത്തുള്ളിപോലും ചിന്തിയ ആ ത്യാഗസമ്പന്നനോടു് ക്രൈസ്തവരെന്നഭിമാനിക്കുന്ന നാം ഇതിൽ കൂടുതലായി എന്തു കൃതഘ്നതയാണു് കാണിക്കുവാനുള്ളതു്? പണത്തിനു ബുദ്ധിമുട്ടുമ്പോൾ ഏതാനും ചില്ലിത്തുട്ടുകൾ തന്നു് നമ്മെ സഹായിക്കുന്ന ഒരുവനെ വാനോളം പുകഴ്ത്തുവാൻ നമ്മുടെ നാവു് സന്നദ്ധമാണ്. എന്നാൽ നമ്മുടെ ജീവൻെറ ജീവനും, ആത്മസർവ്വസ്വവുമായ ആ ദിവ്യോപകാരിയെപ്പററി, അദ്ദേഹത്തിൻെറ സ്നേഹോജ്ജ്വലമായ ഹൃദയത്തെപ്പററി രണ്ടു വാക്കു് അയൽക്കാരനോടു പറയുവാൻ നാം മടികാണിക്കുന്നു. മനുഷ്യവംശമേ! നീ എന്നാണു് നിൻെറ നാഥനെ അറിയുക?

ഈശോയുടെ തിരുഹൃദയം—മനുഷ്യഹൃദയങ്ങളോടു ചേർന്നു അനുനിമിഷം മിടിച്ചുകൊണ്ടിരിക്കുന്ന ദിവ്യഹൃദയമാണതു്. പിള്ള

(ശേഷം 4-ാംപേജിൽ)

# ചെറുകഥ

## ഒരു ഗാനം എരിഞ്ഞടങ്ങി

(ജയിംസ് കെ. സി. മണിമല)

I

ഇരുളിൻെറ അവസാനത്തെ ചുരുളിൽനിന്നു പുലരി പൊട്ടിവീഴുകയായിരുന്നു. ഉറക്കത്തിൻെറ പിടിയിൽനിന്നു ലോകം ഉണർന്നെഴുന്നേററു. പള്ളികളിൽ മണിയൊച്ചയും അമ്പലത്തിൽ ശംഖനാദവും ഒരുമിച്ചുയന്നു.

ആ വിശുദ്ധമായ വേളയിൽ പൂമംഗലംകുടുംബത്തിൽ ഒരു പുത്തൻആനന്ദം ജന്മമെടുത്തു. അവിടെ ഒരു പെൺകുട്ടി പിറന്നിരിക്കുന്നു.

പെൺകുട്ടികളുടെ ജനനം ശാപമായിക്കരുതുന്നവരുണ്ട്. അവർ കുടുംബത്തിൻെറ ബാദ്ധ്യതയാണ്. നാളെകളുടെ പ്രശ്നങ്ങളാണ്. ജീവിതത്തിലെ പൊരുത്തത്തിൻേറയും പൊരുത്തക്കേടിൻേറയും പ്രതീകങ്ങളാണ്.

പക്ഷെ പൂമംഗലത്തെ സ്ഥിതി അതല്ല. ആ കുടുംബം ആററുനോററിരുന്നതാണ് ഒരു പെൺകുഞ്ഞിനെ.

അവിടുത്തെ ആദ്യസന്താനമാണ് ജോസഫ്. അവനിപ്പോൾ വയസ്സു പതിനെട്ടുകഴിഞ്ഞു. മൂന്നനുജന്മാരുടെ ജനനവും മരണവും അവൻ കണ്ടതാണ്. അങ്ങനെ വെറും ഒററപ്പുരാടനായിത്തന്നെ ജോസഫ് വളരുന്നു. ഒരനുജനെക്കാളേറെ അനുജത്തിയെ ലാളിക്കുവാൻ അവൻെറ ഹൃദയം വെമ്പൽകൊള്ളുന്നുണ്ട്.

ജോസഫിൻെറ അമ്മ ഒരു രോഗിണിയാണ്. ആ രോഗത്തിൽനിന്നു ജന്മമെടുത്തതുകൊണ്ടായിരിക്കണം അനുജന്മാരൊക്കെ ശൈശവത്തിലേ ചരമമടഞ്ഞതു്. എട്ടുവർഷംമുമ്പ് അവർ ഇനി പ്രസവിക്കുകയില്ലെന്നു ചികിത്സിച്ച ഡോക്ടർ പറഞ്ഞു. ഒരു പുതിയ ജീവിതത്തിനു ജന്മംനൽകുവാനുള്ള ആരോഗ്യം അന്നവർക്കില്ലായിരുന്നു.

അങ്ങനെയിരിക്കെ തീരെ അപ്രതീക്ഷിതമായിട്ടാണ് ആ പെൺകുഞ്ഞിൻെറ ജനനം. അതുകൊണ്ട് ആ മാതാവും പിതാവും സഹോദരനും ആനന്ദത്തിലാറാടി.

പക്ഷെ സന്തോഷത്തിൻെറ മുഖം മൂടുവാൻ സങ്കടത്തിൻെറ കൈ കാത്തുനില്ക്കുന്നുണ്ട്. അനുജത്തിയെ പ്രസവിച്ചിട്ട് ഏഴാംദിവസം ജോസഫിൻെറ മാതാവു ദിവംഗതയായി.

എങ്കിലും അല്ലലറിയാതെ അവളെ വളർത്തുവാൻ പിതാവും സഹോദരനും കഴിയുന്നതെല്ലാം ചെയ്തു.

ഒരു വളർത്തമ്മയെ അവർ ശമ്പളംകൊടുത്തു നിയമിച്ചു. പത്രങ്ങളിൽ കാണുന്ന ശിശുപോഷകവസ്തുക്കളെല്ലാം വാങ്ങിച്ചു. ഉടുപ്പുകളും കമ്പിളിത്തുവാലകളും ആ കുഞ്ഞിനു് എത്രയുണ്ടെന്നു കണക്കില്ല. പ്രപഞ്ചത്തിലെ സ്നേഹമെല്ലാം പിതാവിലും ചേട്ടനിലുംകൂടെ ആ കുഞ്ഞിൻെറയടുക്കലേക്കു ഒഴുകുകയായിരുന്നു.

റാണി; അതാണവളുടെ ഓമനപ്പേരു്. ജോസഫ് അന്നോളം കേട്ടിട്ടുള്ള ലാളനതികഞ്ഞ പല പേരുകളും അവൾക്കിട്ടുനോക്കി. അവനു സംതൃപ്തിവന്നില്ല. അനുജത്തിക്കു രണ്ടു വയസ്സാകുന്നതുവരേയും അവൻ മാറിമാറി പേരിടുകയായിരുന്നു. ഒടുവിൽ അവളെ റാണിയെന്നു വിളിക്കുവാൻ അവൻ തീരുമാനിച്ചു. അതനുയോജ്യവുമായിരുന്നു. അവൾ ആ ഭവനത്തിലെ സ്നേഹം ഒന്നാകെ ഉടലെടുത്ത കൊച്ചുറാണിതന്നെയാണ്.


റാണി ശാഠ്യംപിടിച്ചു കരയുമ്പോൾ അവളുടെ "ഇച്ചാച്ചൻ വരു"ന്നെന്നു പറഞ്ഞാൽമതി; സങ്കടം നിറുത്തം ചവിട്ടുന്ന ആ ചുണ്ടുകളിൽ സ്മിതരേഖ വ്യാപിക്കുവാൻ. അവൻവന്നെടുത്തുകഴിഞ്ഞാലോ? ആ വിരിമാറിൽ കുഞ്ഞുമുഖമമ്പ്പിച്ചു് സംതൃപ്തയാകുന്ന കുട്ടിയെ ഒന്നു കാണേണ്ടതാണ്. യാതൊരു ഛായാഗ്രാഹികും ആ മുഖഭാവം സൂക്ഷ്മമായി പകർത്താൻ സാദ്ധ്യമല്ല.

കാലങ്ങൾ കടന്നുപോയി. റാണിയോടൊപ്പം ആ കുടുംബത്തിലെ ആനന്ദവും വളർന്നുവന്നു. മുമ്പു കഴിഞ്ഞ ദുഃഖത്തിൻെറ സകല കരിനിഴലുകളും ആ വെള്ളിവെളിച്ചത്തിൽ മുങ്ങിപ്പോയി. സ്നേഹത്തിൻെറ വെളിച്ചത്തിനു രാത്രിയില്ല. അതു ഉദയവും അസ്തമനവുമില്ലാത്ത ചിദാകാശത്തിൽ ഒളിവീശുകയാണ്.

റാണിയുടെ വിദ്യാഭ്യാസത്തിനു് ഒരു ട്യൂഷൻമാസ്റ്ററെ പ്രത്യേകം നിയോഗിച്ചു. പഠനത്തിൽ അവൾ മിടുക്കിയാണ്. അമിതലാളനകൊണ്ടുണ്ടാകാവുന്ന തരക്കേടൊന്നും അക്കാര്യത്തിൽ അവൾക്കനുഭവപ്പെട്ടില്ല.

ആ കുടുംബത്തിനു അത്ര മികച്ച ധനസ്ഥിതിയൊന്നുമുണ്ടായിരുന്നില്ല. എങ്കിലും അവർ ഉള്ളതുകൊണ്ട് ഓണംപോലെ കഴിയുകയാണ്. റാണിയുടെ അഭിവൃദ്ധിക്കുവേണ്ടി പരിത്യജിക്കുവാൻ പാടില്ലാത്ത യാതൊന്നും അവിടെയില്ല.


Thanksgiving




For Favours Received

Mrs. T. L. R., Alleppey


ജോസഫ് കോളെജ് വിദ്യാഭ്യാസത്തിനുപോയി. ഒററദിവസത്തെ അവധികിട്ടിയാൽ അവൻ വീട്ടിൽവരും. കുഞ്ഞനുജത്തിയെ കാണാതെ അന്നവനുറക്കമില്ല.

അതിനിടയിൽ അക്കാര്യവും സംഭവിച്ചു. ജോസഫ് വിവാഹിതനായി. പിതാവിൻെറ നിർബന്ധംകൊണ്ട് അവൻ വഴിപ്പെട്ടതാണ്. വീട്ടുകാര്യങ്ങൾ ക്രമമായി അന്വേഷിക്കുവാൻ ചുമതലയുള്ള ഒരാൾവേണം. റാണി വളർന്നുവരികയാണ്. ഒരു പെൺകുട്ടിയുടെ വളർച്ചയിൽ ശ്രദ്ധിക്കുവാൻ മററാരെക്കാളുമുപരിയായി ഒരു ഗൃഹനായിക കൂടിയേതീരു. അതുകൊണ്ട് അനുജത്തിക്കുവേണ്ടി ജോസഫ് വിവാഹംചെയ്തെന്നു പറഞ്ഞാൽ അതൊരു പരമാർത്ഥമായിരിക്കും.

റാണിയോടു് "പോരുകുത്താ"ത്ത ഒരു ചൊവ്വുള്ളപെണ്ണിനെമാത്രമാണ് ആ കുടുംബനായകൻ അന്വേഷിച്ചതു്. വധുവിൻെറ ധനസ്ഥിതിയോ ബന്ധുബലമോ വിദ്യാഭ്യാസമോ ഒന്നും അവിടെ പരിഗണനാർഹമായില്ല. ജോസഫിൻെറ അഭിലാഷവും അതിൽനിന്നു വിരുദ്ധമല്ലായിരുന്നു. അതുകൊണ്ടാണ് വെറുമൊരു നാട്ടുംപുറത്തുകാരിയായ റോസമ്മ ജോസഫിൻെറ വധുവായിത്തീർന്നതു്. ആ വിവാഹത്തിൽ സ്ത്രീധനം സംബന്ധിച്ചു് വിലപേശലുണ്ടായില്ല. ആഭരണങ്ങളെടുക്കുന്നതിനെപ്പററി വാദപ്രതിവാദം നടന്നില്ല. സാരിയും പുടവയുമെടുത്തതു് ഇഷ്ടപ്പെടാഞ്ഞിട്ട് ആരും മുഖം വീർപ്പിച്ചുമില്ല.

ആ പെണ്ണിനെ ലാളിക്കുന്നതു കുറച്ചധികമല്ലേ എന്നു റോസമ്മക്കുതോന്നി. അവളും ആ പ്രായം കടന്നുവന്നതാണ്. മാതാവും പിതാവും സഹോദരനുമൊക്കെ അവൾക്കുമുണ്ട്. എന്നിരിക്കിലും റാണിക്കുള്ളതിൽ നൂറിലൊന്നു സ്വാതന്ത്ര്യമോ ജീവിതസുഖമോ അവൾ അനുഭവിച്ചിരുന്നില്ല. ഒരിക്കൽ ഏതോ പിണക്കത്തിൻെറ പേരിൽ അത്താഴമുണ്ണാൻ ചെല്ലാഞ്ഞതിനു് അമ്മ അവളെ പുറന്തിണ്ണയിലിട്ടു കതകടച്ചു സാക്ഷായിട്ടുകളഞ്ഞു. മരംകോച്ചുന്ന മഞ്ഞുകാലത്തു ഒരു പഴഞ്ചാക്കിലാണ് ആ രാത്രി അവൾ കഴിച്ചുകൂട്ടിയതു്.


കൃതജ്ഞത

വി. പത്താം പീയൂസിൻെറയും വി. ഫ്രാൻസീസ് സേവ്യരുടെയും സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് കൃതജ്ഞത.

പി. ടി. മാത്യു, വടക്കാഞ്ചേരി


ആ സ്ഥാനത്തു റാണിയുടെ സ്ഥിതിയോ? ഒരിക്കൽ പള്ളിക്കൂടത്തിൽനിന്നുവന്നപ്പോൾ കാപ്പി അല്പംതണുത്തുപോയെന്നുപറഞ്ഞ് അവൾ പിണങ്ങിപ്പോയി. ജോസഫ് ഉടൻതന്നെ ഭാര്യയെ പിടിച്ചു ശകാരിച്ചു. വേറെ കാപ്പി യുണ്ടാക്കിക്കുകയുംചെയ്തു. എന്നിട്ടു പിണങ്ങിയിരിക്കുന്ന കുഞ്ഞുപെങ്ങളുടെയടുത്തുചെന്ന് അയാൾ പറഞ്ഞു: "റാണീ! ഞാനാപറയുന്നതു്, നിൻെറിച്ചാച്ചൻ. എൻെറകൂടെവന്നു കാപ്പി കുടിക്കയില്ലേ?" ആ ലാളനയിൽ റാണിയുടെ കെറുവും പരിഭവവുമെല്ലാം അലിഞ്ഞുപോയി.

മറെറാരവസരത്തിൽ റോസമ്മ രാവിലെ കാച്ചു ജോലിത്തിരക്കിലായിരുന്നു. റാണിയുടെ തലമുടി ചീകിപ്പിന്നുവാൻ കൃത്യസമയത്തു അവൾ ചെന്നില്ല. പള്ളിക്കൂടത്തിൽ പോകേണ്ട നേരവുമായി. അഴിഞ്ഞുവീണ മുടി ഒന്നു വാരിക്കെട്ടിക്കൊണ്ടു് റാണി സ്കൂളിലേക്കു പോകാനിറങ്ങി. അവൾ റോഡിലിറങ്ങിയപ്പോൾ ജോസഫ് എവിടെയോ പോയിട്ടു തിരിച്ചു വരുന്നു.

"റാണീ, എന്താ കുഞ്ഞിൻെറ തലമുടി ചീകാഞ്ഞതു്?"

"നാത്തൂനു നേരമില്ലാരുന്നു."

അതൊരു പരാതിയല്ല, പരിഭവമല്ല; വെറും പരമാർത്ഥംമാത്രം. എന്നിട്ടും ജോസഫ് വീട്ടിൽ ചെന്നയുടനെ ഭാര്യയുടെ തലമുടിക്കുത്തിപ്പിടിച്ചിട്ടു് അവളുടെ ചെവിക്കല്ലിനു രണ്ടു കൊടുക്കുകയാണ് ആദ്യം ചെയ്തതു്. അതിനുശേഷമേ അയാൾ കാര്യംപറഞ്ഞുള്ളു.

II

കാലത്തിൻെറ കൈവിരുതു് സൗന്ദര്യത്തിൻെറ കലാശാലയിൽ റാണിക്കു് ഒരു പുത്തൻരൂപം നൽകി. അവൾക്കു ലാളനയുടെ മധുരഫലങ്ങൾ വെറും പൊൻകിനാവുകളായി മാറി. ആ കണ്ണുകളിൽ ലജ്ജാലാസ്യം കളിയാടി. കവിളിണകൾ ചെമന്നുതുടുത്തു. മധുരാധരങ്ങളിൽ മോഹനമായ പുഞ്ചിരി താളംചവിട്ടി. അവൾ ജീവിതത്തിൻെറ ചില പുത്തൻ സന്ദേശങ്ങളുടെ പ്രതീകമായി മാറി.

സമർത്ഥയായ ഒരു വിദ്യാർത്ഥിനിയെന്നതിലുമുപരി ഒരു നല്ല ഗായികയായി റാണി അറിയപ്പെട്ടു. ഏതു പാട്ടും ഒരിക്കൽ കേട്ടാൽ താളംതെററാതെ പാടാൻ അവൾക്കു കഴിയുമായിരുന്നു. കുഞ്ഞനുജത്തിയുടെ ഗാനവാസന മനസ്സിലാക്കിയിട്ടു് ജോസഫ് ഒരു ഭാഗവതരെ വരുത്തി അവളെ ശാസ്ത്രീയഗാനരീതികൾ അഭ്യസിപ്പിച്ചു. ഹാർമ്മോണിയം, ബുൾബുൾ, ഫിഡിൽ തുടങ്ങിയ മിക്ക ഗാനോപകരണങ്ങളും റാണി സമർത്ഥമായി വായിക്കുവാൻ പഠിച്ചു. അങ്ങനെ അവൾ ഒരു ഗാനദേവതയായി മാറിയിരിക്കുകയാണ്.

വിദ്യാലയത്തിലെ എല്ലാ പൊതുപരിപാടികൾക്കും റാണിയുടെ ഗാനങ്ങളുണ്ടായിരിക്കും. ഏതു ശ്രേഷ്ഠമായ ചടങ്ങിനും അവൾ മാറേറററിക്കൊണ്ടിരുന്നു. അങ്ങനെ സതീർത്ഥ്യരുടെയും അദ്ധ്യാപകരുടെയുമിടയിൽ അവൾ വെറും റാണിയല്ല, ഗാനറാണിയായി അറിയപ്പെട്ടു.

ജോസഫ് അതിൽ അഭിമാനംകൊണ്ടു. തൻെറ പ്രിയപ്പെട്ട കുഞ്ഞുപെങ്ങൾ ഒരു കലാകാരിയായി ഉയരുകയാണ്. ലോകം അവളെ പ്രശംസിക്കും. ഈടുററ സമ്മാനങ്ങൾ അവൾക്കു ലഭിക്കും. അങ്ങനെ ആ കുടുംബത്തിൻെറ പുരോഗതിയുടെ മുമ്പിൽ ഭാഗ്യം ഒരു വെള്ളിവിളക്കുമായി നടക്കുകയാണ്.

പക്ഷെ സുഖത്തിനും സന്തോഷത്തിനും ഒരു മറുവശമുണ്ട്, ഇരുളടഞ്ഞ മറുവശം; കരച്ചിലും കണ്ണീരുമുള്ള മറുവശം. അതില്ലെങ്കിൽ ലോകം സുഖസന്തോഷങ്ങളുടെ വിലയറിയുകയില്ല. അതുകൊണ്ടായിരിക്കാം ആയിടെ റാണിയുടെ പിതാവു മരിച്ചുപോയതു്.

അവൾ സ്കൂൾ ഫൈനൽ പരീക്ഷയ്ക്കു പുറമെ സംഗീത പരീക്ഷയ്ക്കും ചേന്നിരിക്കുകയാണ്. പ്രശസ്തമായി വിജയിക്കുകയും ചെയ്യും. എങ്കിലും ആ സന്തോഷസാഗരത്തിൽ ആറാടുവാൻ അവളുടെ പിതാവിനു സാധിച്ചില്ല. മരണം ഇത്ര നിർദ്ദയനാണെന്നു് അന്നേ റാണി മനസ്സിലാക്കിയുള്ളു.

ആ പെങ്ങളും ആങ്ങളയും പരസ്പരം കെട്ടിപ്പിടിച്ചു കരഞ്ഞു. "റാണീ നിനക്കിനിയും ഞാനുണ്ട്" എനിക്കോ?" അതു് വിങ്ങിപ്പൊട്ടിയ ഒരു ചോദ്യമായിരുന്നു "ഇച്ചാച്ചനു ഞാനില്ലേ ഒരിക്കലും പിരിയാത്ത കുഞ്ഞുപെങ്ങൾ" ആ മറുപടിപോലും കണ്ണുനീരിലലിഞ്ഞുപോയി. എങ്കിലും ആ സോദര്യബന്ധം തകർന്നില്ല. തളർന്നുമില്ല. ഒരേ ഹൃദയത്തിൻെറ രണ്ടു സ്പന്ദനങ്ങൾ. അവർ പിന്നെയും ജീവിതത്തെ അഭിമുഖീകരിച്ചു.

കരച്ചിലിൽ നിന്നേ ആത്മാർത്ഥമായി ചിരിക്കുവാൻ മനുഷ്യൻ പഠിക്കു. വീഴ്ചയിൽനിന്നു വേണം എഴുന്നേല്ക്കുവാൻ. താഴ്ചയിൽനിന്നേ ഉയരാനൊക്കു. എല്ലാ നന്മകളുടേയും സമീപത്തു തിന്മ ഒരു കള്ളനെപ്പോലെ കാത്തുനില്ക്കുന്നുണ്ടായിരിക്കാം. അല്ലെങ്കിൽ എന്തിനു് ഈ ഭാഗ്യത്തിൻെറ മുഖം മൂടുവാൻ ദുർവ്വിധി കറുത്ത തൊപ്പിയുമായി ഓടിവരണം?

III

ജോസഫും റാണിയും ഒന്നാണ്. അവരുടെ രക്തവും മാംസവും ഒന്നുതന്നെ. ആ ചിന്താഗതികളും അഭിപ്രായങ്ങളുംകൂടെ ഏകീഭവിച്ചിരിക്കുന്നു. ലോകത്തിൽ യാതൊരുത്തർക്കും അവരെ അകലത്താക്കുവാൻ ശക്തിയില്ല.


Chakola's SILK HOUSE

TRICHUR-ERNAKULAM

കല്യാണ സാരികൾ

ആവശ്യത്തിനും, അവസരത്തിനും അനുസരിച്ചുള്ള വിവിധ ജവുളിത്തരങ്ങൾ ധാരാളം സ്റ്റോക്കുണ്ട്.

EP


പക്ഷെ എന്നുമെന്നും അതു പാടില്ല. അവർ വേർപിരിയണം; അതു സമുദായത്തിൻെറ നിയമമാണ്. ജീവിതത്തിൻെറ ആവശ്യമാണ്. ദിവസം ചെല്ലുന്തോറും റാണിയെ കാണുമ്പോൾ ജോസഫ് നെടുവീർപ്പിടും. അവൾ അവനിൽനിന്നും അകലുവാൻ പോകുകയാണ്. ഇന്നവൾ അയാൾ പണ്ടൊക്കെ തോളിലേററി ലാളിച്ച ഓമനപ്പെൺമണിയല്ല, സൗന്ദര്യസമ്പന്നയായ ഒരു യുവതിയാണ്.

റാണി അന്യഭവനത്തിലായിരിക്കുന്ന ഒരു ദിവസം ജോസഫിനു ചിന്തിക്കുവാൻ പോലും വയ്യാ. എങ്കിലും അതു സംഭവിക്കണം. അയാൾ തന്നെ അവളെ പറഞ്ഞയച്ചേതീരൂ.

സുദീർഘമായ അന്വേഷണത്തിനുശേഷമാണ് ജോസഫ് റാണിക്കു കല്യാണമുറപ്പിച്ചതു്. കഴിവിൽ കവിഞ്ഞ ഒരു തുകതന്നെ സ്ത്രീധനം കൊടുക്കുവാൻ അയാൾ തയ്യാറായി. അയ്യായിരം രൂപാ. അത്രയും കൊടുക്കുന്നതധികമല്ല. പത്തിരുപതേക്കർ നിലവും അത്രയും പുരയിടങ്ങളുമുള്ളയാളാണു വരൻ. സാമാന്യം വിദ്യാഭ്യാസവുമുണ്ട്.

കല്യാണമുറപ്പിക്കുന്നുവെന്നറിഞ്ഞപ്പോൾ റാണി പറഞ്ഞു: "ഇച്ചാച്ചാ എന്നെയെങ്ങും കെട്ടിക്കണ്ടാ. ഞാൻ എന്നും എൻെറ ഇച്ചാച്ചനോടൊന്നിച്ചു ജീവിച്ചോളാം."

എല്ലാ പെൺകുട്ടികളും അങ്ങനെയാണ്. തങ്ങളെ കല്യാണം കഴിച്ചയക്കണമെന്നു് ആരും പറയാറില്ല. എന്നിരിക്കിലും എല്ലാ ബന്ധുജനങ്ങളും അവരെ കഴിയുന്നത്ര വേഗം പറഞ്ഞയക്കാൻ ശ്ര

ആഖ്യായിക

# ബാറാബാസ്



## അദ്ധ്യായം 23 (തുടർച്ച)

## ക്ലാവുദിയായുടെ ദുസ്സ്വപ്നങ്ങൾ

(വി. സി. ജോർജ്ജ് ബി എ. എൽ. റ്റി.)

ജനസംഘം ഇടവിടാതെ ആക്രോശിച്ചുകൊണ്ടിരുന്നു. പീലാത്തോസിനു് അറാമായിക്കു് ഭാഷ അജ്ഞാതമായിരുന്നുവെങ്കിലും അവർ തടവുകാരന്റെ മേൽ ഉഗ്രമായ ശാപവർഷം ചൊരിയുകയായിരുന്നുവെന്നു് അദ്ദേഹത്തിനു ഊഹിക്കുവാൻ കഴിഞ്ഞു. തടവുകാരനോടുകൂടി നീങ്ങിയ യാത്ര വളരെ പ്രയാസപ്പെട്ടാണു് ആൾത്തിരക്കിൽ മുമ്പോട്ടു കയറിയതു്. ജനങ്ങളിൽ ചിലർ തടവുകാരന്റെ മുഖത്തു് തുപ്പുകയും ചിലർ വടികൊണ്ടയാളെ അടിക്കുകയും ചെയ്തു. ദേവാലയകാവൽക്കാർ കൂടുതൽ അനർത്ഥങ്ങളിൽനിന്നു തടവുകാരനെ രക്ഷിക്കുവാൻ നിർബന്ധിതരായി. മാർക്കസ് വാതായനത്തിങ്കലെത്തി പുറത്തേക്കു നോക്കുന്നുണ്ടായിരുന്നു.

"ആ പ്രാകൃതഗണം എന്താണു വിളിച്ചുപറയുന്നതു്?" പീലാത്തോസ് സിക്രട്ടറിയോടു് ചോദിച്ചു.

"പ്രക്ഷോഭകാരിക്കു് മരണം! ദൈവദൂഷകനെ ക്രൂശിലേററട്ടെ! രാജ്യദ്രോഹിയെകുരിശിൽ തറച്ചു കൊല്ലുക! എന്നിങ്ങനെയാണു്."

"ഒടുവിലത്തെ ആഹ്വാനം എന്നോടായിരിക്കണം. ആകട്ടെ, ക്ഷീണഗാത്രനായി, അടിയേററ്, മലിനവസ്ത്രം ധരിച്ചു് കാണുന്ന ഈ തടവുകാരൻ പ്രസിദ്ധനായ നസ്രായൻ ഈശോ തന്നെയാണോ?" പീലാത്തോസ് ചോദിച്ചു.

"എനിക്കറിഞ്ഞുകൂടാ. ഞാനൊരിക്കലും അദ്ദേഹത്തെ കണ്ടിട്ടില്ലാ. എങ്കിലും അദ്ദേഹംതന്നെ ആയിരിക്കണം. അവർ അദ്ദേഹത്തെ കച്ചേരിയിലേക്കാനയിക്കുകയാണു്. പ്രൊക്കുറയിററർ, അങ്ങു് അദ്ദേഹത്തിന്റെ ശിക്ഷാവിധി കല്പിക്കേണ്ടിവരു മെന്നാ ണെനിക്കു തോന്നുന്നതു്" മാർക്കസ് സമാധാനം നൽകി.

"അതാണെന്റെ ഭയം. അതിൽനിന്നൊഴിഞ്ഞുമാറുവാൻ ഞാൻ മാർഗ്ഗം കാണുന്നില്ലാ. എന്താണു് ചെയ്യേണ്ടതെന്നു് മാർക്കസും ആലോചിക്കുക. അദ്ദേഹത്തെ വധിക്കണമെന്നു് പുരോഹിതന്മാർ ആഗ്രഹിക്കുന്നതുകൊണ്ടുമാത്രം അദ്ദേഹത്തിനു വധശിക്ഷ കല്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അദ്ദേഹത്തെ മോചിപ്പിക്കുന്ന കാര്യമാണെങ്കിൽ അതിനും ഞാൻ തയ്യാറല്ല."

എന്തെങ്കിലും അഭിപ്രായം പറയുവാൻ മാർക്കസിനു സാധിക്കുന്നതിനുമുമ്പു് ഒരു റോമൻ ഭടൻ വന്നു ഒരു തടവുകാരനെ കച്ചേരിമുറിയിലേക്കു് ആനയിച്ചിട്ടുണ്ടെന്നറിയിച്ചു. ഭടന്മാർ വാതിക്കൽ വച്ചു് അയാളെ ഏററു വാങ്ങുകയും വിസ്താരത്തിനായി കച്ചേരിയിൽ ഹാജരാക്കുകയും ചെയ്തു. "നമുക്കങ്ങോട്ടു പോകാം" എന്നു പറഞ്ഞു് സിക്രട്ടറിക്കു ആംഗ്യം നൽകിക്കൊണ്ടു് പീലാത്തോസ് പുറപ്പെട്ടു. അരമനയെ കച്ചേരിക്കെട്ടിടവുമായി ബന്ധിപ്പിച്ച ഒരു തുരങ്കത്തിൽക്കൂടിയാണു് അവർ സഞ്ചരിച്ചതു്. തുരങ്കത്തിൽനിന്നു് ഏതാനും കല്പടകൾകയറി അവർ ഒരു ശാലയിൽ പ്രവേശിച്ചു. അതിൽ ഗവർണർക്കായി ഒരുന്നത പീഠം സജ്ജമാക്കിയിരുന്നു. ശാലയുടെ മദ്ധ്യഭാഗത്തായി നാലുഭടന്മാരുടെ ബന്തവസ്സോടുകൂടി ന്യായാധിപപീഠത്തിന്റെ മുമ്പിലായി നസ്രായൻ ഈശോ നില കൊണ്ടു. വാതിൽ തുറന്നുകിടന്നു. യഹൂദവർഗ്ഗത്തിൽപെട്ട പീഡകന്മാരും സാക്ഷികളുമെല്ലാം "അശുദ്ധം" ഭയന്നു് ശാലയ്ക്കു വെളിയിൽ നിൽക്കുകയായിരുന്നു.

പീലാത്തോസ് തടവുകാരനെ ഉററുനോക്കി. ആ റോമൻ അധികാരി കരുണയ്ക്കു വിധേയനായിരുന്നുവെങ്കിൽ അത്യധികം കരുണാർഹമായ ഒരു ചിത്രം അദ്ദേഹം ആ തടവുകാരനിൽ കാണുമായിരുന്നു. ദണ്ഡനത്തിന്റെ ദാരുണചിഹ്നങ്ങൾ ആ ബന്ധിതനിൽ ബഹുലമായിരുന്നു. നീക്കേട്ടിവീത്ത മുഖം. രക്തധാരയൊഴുകി കേശവും മീശയും മലീമസമായി പററിപ്പിടിച്ചിരുന്നുവെന്നുമാത്രമല്ല അവയിൽനിന്നേതാനും മുഷ്ടി പറിച്ചെടുക്കുകയും ചെയ്തിരുന്നു. മാത്രമോ, തന്റെ മല്ലകന്മാർ ഏറിഞ്ഞ പുരിഷം ബന്ധിതന്റെ ശരീരത്തിൽ പല ഭാഗത്തും ദൃശ്യമായി. രക്തം കെട്ടി നീലയും ചുവപ്പും നിറത്തിൽ കാണപ്പെട്ട തടവുകാരന്റെ കൈകൾ വളരെ മുറുക്കിക്കെട്ടിയിരുന്നതിനാൽ കയർ മാംസത്തിൽ തുളച്ചു കയറിയതും കാണാമായിരുന്നു. പാദങ്ങളിൽ ഘനീകൃതരക്തക്കട്ടകൾ അങ്ങിങ്ങായി കാണപ്പെട്ടു. യേശു അധോമുഖനായി നിന്നതിനാൽ പ്രൊക്കുറയിററർ ശാലയിൽ പ്രവേശിച്ചതറിഞ്ഞ ഭാവം ഉണ്ടായില്ല.

"അയാളുടെ കെട്ടുകൾ അഴിക്കുവിൻ" എന്നാജ്ഞാപിച്ചിട്ടു് പീലാത്തോസ് വാതിക്കലേക്കു നീങ്ങി. അവിടെ പ്രവേശനദ്വാരത്തിങ്കലുണ്ടായിരുന്ന നടക്കല്ലുകൾക്കു സമീപം റാബി നഥാനിയേൽ, മററുപുരോഹിതന്മാർ, സാക്ഷികൾ ആദിയായവർ നിന്നിരുന്നു. പുരോഹിതന്മാർ പീലാത്തോസിനെ പ്രണമിച്ചു.

"ഈ മനുഷ്യനെ എന്റെ സന്നിധിയിൽ ഈ അവസ്ഥയിൽ അയക്കുവാൻ സാന്നെദ്രീൻ എങ്ങനെ ധൈര്യപ്പെട്ടു?" കോപിഷ്ഠനായി ഇപ്രകാരം ചോദിച്ചിട്ടു് പീലാത്തോസ് തുടർന്നു: "നിങ്ങൾ കല്പിക്കുന്ന വധശിക്ഷ നടത്തുന്നതിനുള്ള അധികാരം നിങ്ങൾ കരസ്ഥമാക്കിക്കഴിഞ്ഞിരിക്കുന്നതായി തോന്നുന്നു."

"ക്ഷമിക്കണേ, പ്രൊക്കുറയിററർ" റാബി നഥാനിയേൽ പറഞ്ഞു: "ജനങ്ങൾ! ജനങ്ങളുടെ കോപാവേശം! ജനങ്ങളുടെ അതിക്രമങ്ങളോർമ്മിച്ചു് ഞങ്ങൾ ഖേദിക്കുന്നു. അവ നിരോധിക്കുവാനുള്ള ആയുധബലം ഞങ്ങൾക്കില്ലല്ലോ."

"ആ കാര്യം എന്റെ അന്വേഷണത്തിനു വിഷയമാകും" എന്നു പ്രസ്താവിച്ചിട്ടു് കോപാഗ്നി ശമിക്കാതെതന്നെ പീലാത്തോസ് ചോദിച്ചു: "ഇയാൾക്കെതിരായുള്ള നിങ്ങളുടെ കുററാരോപണം എന്താണു്?"

നഥാനിയേൽറാബി കുററാരോപണനിവേദനം ആരംഭിച്ചു. നസ്രത്തിലെ യേശു ഒരു വിപ്ലവകർത്താവാണെന്നും യഹൂദന്മാരുടെ രാജാവെന്നു ഖ്യാതി ലഭിക്കുവാനുത്സാഹിച്ചുവെന്നും റാബി പ്രസ്താവിച്ചു. ആഗസ്റ്റസിനു നികുതികൊടുക്കുന്നതിനെ യേശു നിരോധിച്ചുവെന്നും ദൈവം അയക്കുവാനിരുന്ന ഇസ്രായേലിന്റെ സ്വാതന്ത്ര്യസമ്പാദകനും ഭരണകർത്താവും വാഗ്ദത്തനായ ക്രിസ്തു, മിശിഹാ, താനാണെന്നുനടിച്ചു് വമ്പിച്ച അനുയായിവർഗ്ഗത്തെ വശത്താക്കിയെന്നും റാബി പ്രസ്താവിച്ചു. താൻ പറഞ്ഞതെല്ലാം പരമാർത്ഥമാണെന്നു് സാക്ഷ്യംവഹിക്കുവാൻ സാക്ഷികൾ ഹാജരായിട്ടുണ്ടെന്നും തടവുകാരൻ, റോമൻനിയമമനുസരിച്ചും മോശയുടെ പ്രമാണപ്രകാരവും വധശിക്ഷയ്ക്കർഹനാണെന്നും റാബി സ്ഥാപിച്ചു. അനന്തരം അറാമായിക്കിൽ റാബി സാക്ഷികളെ തെളിവു കൊടുക്കുന്നതിനു് ക്ഷണിച്ചു. സാക്ഷികളെ വിസ്തരിക്കുന്നില്ലെന്നു് നിന്ദാസൂചകമായ ഒരാംഗ്യത്താൽ പ്രകടമാക്കിക്കൊണ്ടു് പീലാത്തോസ് ശാലയിലെ പീഠത്തിങ്കലേക്കു നീങ്ങി, യേശുവിനോടു ചോദിച്ചു: "ഇവർ തനിക്കെതിരായി പ്രസ്താവിച്ചതെല്ലാം കേട്ടല്ലോ. താൻ യൂദന്മാരുടെ രാജാവാകുന്നോ?"

യേശുവാകട്ടെ പീലാത്തോസിന്റെനേരെ തിരിഞ്ഞു ചോദിച്ചു: "അങ്ങു് ഇതു സ്വയം പറയുകയാണോ? അതോ മററുള്ളവർ ഇതു് എന്നെപ്പററി അങ്ങയോടു പറഞ്ഞതോ?"

പീലാത്തോസ് അമർഷപൂർവ്വം സ്കന്ധധൂനനംചെയ്തു് ഈശോയോടുചോദിച്ചു: "ഞാൻ യഹൂദനോ? തന്റെ സ്വന്തജനവും ഉന്നതാചാര്യന്മാരും തന്നെ എന്റെ കൈയിൽ അപ്പിച്ചിരിക്കുന്നു. താൻ എന്താണു ചെയ്തതു്? യഹൂദന്മാരുടെ ഒരു രാജാധിപത്യം സ്ഥാപിക്കുവാൻ നിങ്ങൾ സാക്ഷാൽ ശ്രമിച്ചതാണോ?"

യേശു സമാധാനംനൽകി: "എന്റെ രാജ്യം ഈ ലോകസംബന്ധിതമല്ല. എന്റെ രാജ്യം ഈ ലോകസംബന്ധിതമായിരുന്നു വെങ്കിൽ യഹൂദരുടെ കൈയിൽ ഞാൻ ഏല്പിക്കപ്പെടാതിരിക്കുന്നതിലേക്കു് എന്റെ സേവകർ സമരം ചെയ്യുമായിരുന്നു."

വക്താവിനെ വിസ്മയഭരിതനായി ഗവർണ്ണർ നോക്കി. തന്റെ രാജ്യം ഈലോകസംബന്ധിതമല്ലെന്നുള്ള തടവുകാരന്റെ സമാധാനം അയാൾ നിരുപദ്രവിയായ ഒരു ഭക്തോന്മത്തൻമാത്രമാണെന്നും പുരോഹിതന്മാർ അസൂയാകലുഷിതരായി അയാളെ തുരത്തുവാൻ ശ്രമിക്കുകയാണെന്നുമുള്ള പൂർവ്വാഭിപ്രായത്തിൽ പീലാത്തോസിനെ സ്ഥിരീകരിക്കുകമാത്രമാണു ചെയ്തതു്. എങ്കിലും സംശയലേശം കൂടാതെ ആ അഭിപ്രായം സുദൃഢമാക്കുവാൻ പീലാത്തോസ് വീണ്ടും ചോദിച്ചു: "അപ്പോൾ താനൊരു രാജാവോ?"

"ഞാനൊരു രാജാവാകുന്നുവെന്നു് അങ്ങു പറയുന്നു. ഈ പരിണാമത്തിനുവേണ്ടി ഞാൻ ജാതനായി. ഈ കാര്യത്തിനായി, സത്യത്തിനു് സാക്ഷ്യംവഹിക്കുന്നതിലേക്കു്, ഞാൻ ലോകത്തിൽ വരികയുംചെയ്തു. സത്യത്തിന്റേതായ ഓരോ മനുഷ്യനും എന്റെ സ്വരം കേൾക്കുന്നു."

"സത്യം...എന്താണു് സത്യം?" പീലാത്തോസ് തന്നോടുതന്നെ, പ്രതിയോടായിട്ടല്ല, ചോദിച്ചു. അനന്തരം അദ്ദേഹം വീണ്ടും വാതുക്കലേക്കു തിരിഞ്ഞു. ഇപ്പോഴേക്കും ഭടന്മാർ ജനക്കൂട്ടത്തെ ഓടിച്ചുമാററിയിരുന്നു. നഥാനിയേലും കൂട്ടുകാരുംമാത്രം നടക്കല്ലുകൾക്കു സമീപം കാണപ്പെട്ടു. അവർക്കും ജനസംഘത്തിനുംമദ്ധ്യേ ഊരിയ വാൾ കരങ്ങളിലേന്തി റോമൻ ഭടന്മാർ അണിനിരന്നു. പുരോഹിതന്മാരോടായിട്ടു് പീലാത്തോസ് പ്രസ്താവിച്ചു: "ഞാൻ ഈ ആളിൽ യാതൊരു കുററവും കാണുന്നില്ല."

കോപസൂചകമായ മന്ദധ്വനി ജനസംഘത്തിൽനിന്നുയന്നു പൊങ്ങി. ഭടന്മാരുടെ ചെറുസംഘങ്ങൾ പിന്നേയും ജനത്തിനും പുരോഹിതർക്കുംമദ്ധ്യേ പ്രത്യക്ഷപ്പെട്ടതോടുകൂടി ശബ്ദം ഒടുങ്ങി. പക്ഷെ നസ്രായന്റെ അഭിയോഗികൾ അടങ്ങിയില്ല. തോൽവി സമ്മതിക്കുവാൻ അവർ തയ്യാറല്ലായിരുന്നു. കുററാരോപണത്തിന്റെ ഒരു സംഗ്രഹം നഥാനിയേൽ വീണ്ടും പ്രയോഗിച്ചു. യഹൂദനിയമത്തിനു മാത്രമല്ലാ സീസറിനുപോലും എതിരായ ഒരു ദ്രോഹിയെയാണു് തങ്ങൾ ഹാജരാക്കിയിരിക്കുന്നതെന്നു് തന്ത്രത്തിൽ അദ്ദേഹം സമർത്ഥിച്ചു. ശാലയ്ക്കുള്ളിൽ നിന്നിരുന്ന ഈശോയ്ക്കു കുററാരോപണത്തിലെ ഓരോ വാക്കും ശരിക്കു കേൾക്കത്തക്കവണ്ണം അത്യുച്ചത്തിലായിരുന്നു ആ പുരോഹിതൻ സംസാരിച്ചതു്. വീണ്ടും വീണ്ടും പീലാത്തോസ് യേശുവിനെ അഭിമുഖീകരിച്ചു്. "നിങ്ങൾ കേൾക്കുന്നുണ്ടോ? നിങ്ങൾ എന്തു സമാധാനം പറയുന്നു?" എന്നു ചോദിച്ചിരുന്നു.

എന്നാൽ ഈശോ നിശ്ശബ്ദനായിരുന്നതേയുള്ളു. ഗവർണ്ണർ അത്ഭുതപരതന്ത്രനായി: "ഇയാൾ എന്തൊരു മനുഷ്യൻ! സ്വയരക്ഷയ്ക്കായിട്ടെന്തുകൊണ്ടിയാൾ സംസാരിക്കുന്നില്ലാ? ഇവരുടെ മിഥ്യാവാദങ്ങളെ ഖണ്ഡിക്കുവാൻ ഇയാ

മിക്കുന്നു.

"റാണി" ജോസഫ് പറഞ്ഞു, "എനിക്കേററവുമിഷ്ടമാണു്. എന്റെ കുഞ്ഞുപെങ്ങളുടെ മടിയിൽ കിടന്നുവേണം എനിക്കു മരിക്കുവാൻ...എങ്കിലും ആ കാര്യം നീയും ഞാനും തീരുമാനിച്ചാൽ പോരാ."

റാണി പൊട്ടിക്കരഞ്ഞുപോയി. ജോസഫും ശബ്ദമടക്കിക്കരഞ്ഞു രണ്ടു ഹൃദയങ്ങൾ വിിപ്പുമുട്ടുകയായിരുന്നു. (തുടരും)




വെറുതെ സൂക്ഷിച്ചിരുന്ന പണം

"ഒരു വസ്തു വിററുകിട്ടിയ പണം ഞാൻ മേശവലിപ്പിൽ സൂക്ഷിച്ചിരുന്നു. ഒരു കൊല്ലം കഴിഞ്ഞു് വേറൊരു സ്ഥലം വാങ്ങിയതിനു് കൂടുതൽ വില കൊടുക്കേണ്ടിവന്നു. എന്നാൽ മേശവലിപ്പിൽ സൂക്ഷിച്ചിരുന്നപണം വർദ്ധിച്ചിട്ടുണ്ടായിരുന്നില്ല."

ഈ സംഖ്യ സ്ഥിരനിക്ഷേപമായി പാലാ സെൻട്രൽ ബാങ്കിൽ ഇട്ടിരുന്നെങ്കിൽ എത്ര നന്നായിരുന്നു — ഇക്കാലമത്രയും ആ തുകയ്ക്കു് നല്ല പലിശ ലഭിക്കുമായിരുന്നു. സ്ഥിരനിക്ഷേപം വേറൊരു തരത്തിലും പ്രയോജനപ്രദമാണു് — കാലാവധിക്കു് മുമ്പു് ചില്ലറ ആവശ്യങ്ങൾക്കായി സംഖ്യ എടുത്തു് ദുർവ്വിനിയോഗം ചെയ്യുന്നതിനു് ഇടവരുകയില്ല. എന്നാൽ അത്യാവശ്യസമയത്തു് ഡിപ്പോസിററിന്റെ ഈടിന്മേൽ വായ്പ എടുക്കുകയും ചെയ്യാം.

ഒരു സ്ഥിരനിക്ഷേപം തുടങ്ങുന്നതിനു്, അടുത്തുള്ള പാലാബാങ്ക് മാനേജർ സസന്തോഷം നിങ്ങളെ സഹായിക്കും. ഇന്നുതന്നെ അദ്ദേഹത്തെ സന്ദർശിച്ചു് കയ്യിൽ മിച്ചമിരിപ്പുള്ള സംഖ്യയ്ക്കു് പലിശ ലഭിക്കുവാൻ വേണ്ട ഇടപാടു ചെയ്യുക.

- ★ നൂറു രൂപ മുതൽ മേല്പോട്ടുള്ള ഏതു സംഖ്യയ്ക്കും സ്ഥിരനിക്ഷേപം ആരംഭിക്കാം
- ★ 6 മാസം മുതൽ 2 വഷംവരെയുള്ള കാലാവധിക്കു് സ്ഥിരനിക്ഷേപം തുടങ്ങാം
- ★ നിങ്ങളുടെയും ഭാര്യയുടെയും പേരിൽ കൂട്ടായി സ്ഥിരനിക്ഷേപം ആരംഭിക്കാം
- ★ സ്ഥിരനിക്ഷേപങ്ങൾക്കു് നല്ല പലിശ ലഭിക്കുന്നു:

6 മാസത്തേയ്ക്കു് - - - - - $3\frac{1}{2}$ ശതമാനം
12 മാസത്തേയ്ക്കു് - - - - - 4 ശതമാനം
24 മാസത്തേയ്ക്കു് - - - - $4\frac{1}{2}$ ശതമാനം

ആറാറു മാസം കൂടുമ്പോൾ പലിശ കൊടുക്കുന്നു

പാലാ സെൻട്രൽ ബാങ്ക് ക്ലിപ്തം

ഹെഡാഫീസ്: പാലാ

കേരളത്തിൽ 19 ശാഖകൾ — തെക്കെ ഇൻഡ്യയിലെ ഒരു പ്രമുഖബാങ്ക്

PC. 4435

ൾക്കു നിഷ്പ്രയാസം സാധിക്കും. സുഖദുഃഖാനധീനനായ സ്റ്റോയിക്കുകളുടെ ഗ്രന്ഥം വായിച്ചു് ആ പരസ്യദൈവപരതാവാദിയുടെ അഭിപ്രായഗതി ഇയാൾ സ്വന്തം തത്വസംഹിതയിൽ കോർത്തിണക്കിയിരിക്കുകയാണോ? പക്ഷെ ഇയാൾ അക്ഷരജ്ഞാനമില്ലാത്തവനായി തോന്നുന്നല്ലോ." ഇങ്ങനെ നീണ്ടു പീലാത്തോസിന്റെ ചിന്തകൾ. അഗ്രാഹ്യരായ യഹൂദജനത്തിന്റെ പ്രത്യേകതരത്തിലുള്ള പ്രകൃതിവിശേഷത്തിനൊരു ദാഹരണമായി നസ്രായന്റെ പെരുമാററത്തെ പീലാത്തോസ് ഒടുവിൽ സ്വീകരിച്ചു. (തുടരും)

(1-ാം പേജ് തുടർച്ച)

ത്തൊട്ടിലിൽ ഏകനായി കിടക്കുന്ന പിഞ്ചുപൈതലിൽ പുഞ്ചിരി ഉളവാക്കുന്നതാരാണു്? രാവിലെ അല്പം കഞ്ഞിവെള്ളം മാത്രം കുടിച്ചുകൊണ്ടു് സ്ലേററും പുസ്തകവുമെടുത്തു് പള്ളിക്കൂടത്തിലേക്കോടുന്ന നമ്മുടെ പാവപ്പെട്ട ഭവനങ്ങളിലെ കുഞ്ഞുങ്ങളിൽ ആനന്ദം പകരുന്നതാരാണു്? അതിഗഹനങ്ങളായ വിഷയങ്ങളുമായി അനുദിനം മല്ലിടുന്ന അദ്ധ്യാപകവിദ്യാർത്ഥികൾക്കു പ്രോത്സാഹനം നൽകുന്ന മാന്ത്രികശക്തി ഏതാണു്. തന്റെ കുടുംബസംരക്ഷണത്തിനുവേണ്ടി അഹോരാത്രം എല്ലുമുറിയെ പണിയെടുക്കുന്ന കുടുംബനായകനു് ആശ്വാസമരുളുന്ന ആരാദ്ധ്യപുരുഷൻ ആരാണു്? ക്രൈസ്തവന്റെ ആശാസങ്കേതം ഏതാണു്?

എന്നാൽ അതിനു പകരമായി ആ ദിവ്യഹൃദയത്തിനു ലഭിക്കുന്നതോ? കൃതഘ്നതയും വഞ്ചനയും മാത്രം.

അസന്മാർഗ്ഗപരമായ സംഘടനകളിൽ ചേർന്നുകൊണ്ടു് യുവാക്കന്മാർ ആ ഹൃദയത്തിൽ കങ്കാളം കലർത്തുന്നു. ഈശോയ്ക്കു മാത്രമായുള്ളതുംമനുഷ്യൻഅതിപൂജ്യമായികരുതുന്നതുമായ ചാരിത്രത്തെ പിച്ചക്കാശിനുവേണ്ടി വിററുകൊണ്ടു് യുവതികൾ ആ ഹൃദയത്തെ കുത്തിമുറിപ്പെടുത്തുന്നു. സ്വാമേലധികാരികളെ വഞ്ചിക്കുകയും അവർക്കു നഷ്ടം വരുത്തുകയും ചെയ്തുകൊണ്ടു് തൊഴിലാളികൾ ആ ഹൃദയത്തെ ഘാതകർക്കു ഒററിക്കൊടുക്കുന്നു. തൊഴിലാളിക്കു ലഭിക്കേണ്ട നീതിപൂർവ്വകമായ പ്രതിഫലം നൽകാതെ മുതലാളി ആ ദീനാനുകമ്പിതമായ ഹൃദയത്തെ വേദനിപ്പിക്കുന്നു. അതിശയനീയമായഅവിടുത്തെ സ്നേഹം അവരോടു ക്ഷമിക്കുകയും വീണ്ടും സ്നേഹത്തിനായി അവരെ പിൻതുടരുകയും ചെയ്യുന്നു. പക്ഷേ എന്തുകൊണ്ടാണു് ഈശോ നമ്മെ ഇത്രമാത്രം സ്നേഹിക്കുന്നതു്? സ്വർഗ്ഗരാജ്യത്തിൽ അവിടുന്നനുഭവിക്കുന്ന ആനന്ദത്തിൽ നാമും പങ്കുകാരാകണമെന്നുള്ള ആഗ്രഹം ഒന്നുമാത്രമാണു് അതിനുകാരണം. "Bonum est diffusivum sui" അതായതു് "സ്വയം നൽകുക എന്നതു് നന്മയുടെ ഗുണവിശേഷമാണു്."

മാനവലോകമേ, ഉണരുക. നിന്റെ ഹൃദയകവാടത്തിൽ സ്നേഹഭിക്ഷയാചിക്കുന്ന ആ സ്നേഹസമ്പന്നനു് നീ സ്വാഗതമരുളുക! നിന്നോടുള്ള നിസ്സീമസ്നേഹത്താൽ സ്വഹൃദയം നിനക്കു നൽകിയ ആ ഔദാര്യശീലനു് നീ എന്തു പ്രതിസമ്മാനമാണു് നൽകുവാൻപോകുന്നതു്?

സ്നേഹം സ്നേഹത്താൽ മാത്രമേ കടം വീടപ്പെടുകയുള്ളു. "മകനേ നിന്റെ ഹൃദയം എനിക്കു നൽകുക" എന്നു യാചിക്കുന്ന അവിടുത്തേക്കു് നമ്മുടെ ഹൃദയം നമുക്കു നൽകാം. "ഞാൻ നിങ്ങൾക്കൊരു നൂതനശാസനം തരുന്നു; നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ" എന്നു പഠിപ്പിച്ച ദിവ്യനാഥനെ അനുസരിച്ചുകൊണ്ടു് നമുക്കും പരസ്പരം സ്നേഹിക്കാം. പ്രാർത്ഥനയിലും പ്രായശ്ചിത്തത്തിലുംകൂടി ഈശോയുടെ തിരുഹൃദയത്തിന്റെ അഭിലാഷപരിപൂർത്തിക്കായി നമുക്കു ശ്രമിക്കാം.

ദിവ്യനാഥനോടുള്ള നമ്മുടെ സ്നേഹം പ്രകടമാക്കുന്നതിനു് ഏററവും ഉത്തമമായ ഒരു മാർഗ്ഗം ജപാപ്പൊസ്തോലസഖ്യത്തിൽ ചേരുക എന്നതാണു്. അതിൽ ചേർന്നിട്ടില്ലാത്തവരും അതിനെപ്പററി ഗ്രഹിച്ചിട്ടില്ലാത്തവരും, അതെന്താണെന്നുമനസ്സിലാക്കി അതിൽ ചേരുകയും ജപാപ്പൊസ്തോലസഖ്യാംഗങ്ങളായ ലോകത്തിലെ ലക്ഷോപലക്ഷങ്ങളോടു ചേർന്നുകൊണ്ടു്, എല്ലാ ദിവസവും രാവിലെ എഴുന്നേൽക്കുമ്പോൾ, ആദ്യമായി അവരുടെ ആ ദിവസത്തെ പ്രാർത്ഥനകളും, പ്രവൃത്തികളും, കഷ്ടപ്പാടുകളും, പരിശുദ്ധ കന്യകയുടെ വിമലഹൃദയം വഴിയായി ഈശോയുടെ ദിവ്യഹൃദയത്തിനു കാഴ്ചവയ്ക്കുകയും ചെയ്യണം. ദുരിതം നിറഞ്ഞ നമ്മുടെ ഈ ലോകജീവിതത്തിലെ കയ്പേറിയ അനുഭവങ്ങളെ മധുരതരങ്ങളാക്കുവാൻ ഈശോയ്ക്കു കഴിയും. നമ്മുടെ ഭവനങ്ങളിൽ രാജാധികാരം നടത്തുവാൻ ഈശോയെ അനുവദിക്കുക. മററുള്ളവരെ ഈ ഭക്തിയെപ്പററി കൂടുതലായി അറിയിക്കുവാനും അവരേയും ഈശോയിലേക്കു് ആകർഷിക്കുവാനും ശ്രമിക്കുക. ഓരോ ദിവസവും പുതിയ പുതിയ പ്രശ്നങ്ങളുമായിട്ടാണു് നമ്മേ സമീപിക്കുന്നതു്. എന്നാൽ ഉടുക്കുവാൻ വസ്ത്രമില്ലാതെ വലയുമ്പോൾ ഈശോയെ സമീപിക്കുക. പഴന്തുണികളാൽ പൊതിയപ്പെട്ടവനാണു് മിശിഹാ. കിടക്കുവാൻ നല്ല വീടില്ലാതെ നല്ല കിടപ്പാടം തെരയുമ്പോൾ ബെത്ലേഹമിലെ കാലിക്കൂട്ടിലേക്കു് നിങ്ങൾ എത്തിനോക്കുക. കുടിക്കുവാൻ കഞ്ഞിയില്ലാതെ പട്ടിണിയും പരിവട്ടവുമായി കഴിയുമ്പോൾ നസ്രസ്സിലെ ചെറുഭവനത്തെ സമീപിച്ചു് മനുഷ്യസ്നേഹത്തെപ്രതി പട്ടിണി അനുഭവിക്കുന്ന ഈശോയുടെ തിരുഹൃദയത്തെ നോക്കുക. നമ്മുടെ ഹൃദയങ്ങളെ തപിപ്പിക്കത്തക്കവിധം കാററും കോളും നിറഞ്ഞ ഒരു സമുദ്രത്തിലെ വഞ്ചിപോലെ നമ്മുടെ വിദ്യാലയങ്ങളും ദേവാലയങ്ങളും ഇളകിമറിയുമ്പോൾ രണ്ടായിരം വർഷങ്ങൾക്കുമുൻപു് ക്ഷുഭിതമായ മഹാസമുദ്രത്തോടു് "ശാന്തമായിരിക്കുവിൻ" എന്നു കല്പിച്ച ആ കന്യകാപുത്രനെ സമീപിക്കുക. നമ്മുടെ സ്നേഹം അങ്ങനെ പ്രവൃത്തിയിൽ പ്രത്യക്ഷപ്പെടട്ടെ!

"പൊതുവിധിനാളിൽ നമ്മെ വിധിക്കുവാനിരിക്കുന്ന ഈശോയുടെ തിരുഹൃദയത്തിന്റെ ഭക്തി പ്രചരിപ്പിക്കുവാൻ ശ്രമിച്ചിട്ടുള്ള ഒരുവനു് മരണം എത്ര മധുരമേറിയതാണു്" എന്നു വി. മർഗ്ഗരീത്താ മറിയം

യിട്ടുണ്ടു്, അതെ, നമ്മുടെ ദൈനംദിനജീവിതത്തിലെ നിസ്സാരകൃത്യങ്ങൾപോലും ഈശോയോടുള്ള സ്നേഹത്തെപ്രതി—അവിടുത്തെ ലോകം അറിയുന്നതിനുവേണ്ടി—കാഴ്ചവയ്ക്കുന്നുവെങ്കിൽ, മനുഷ്യവർഗ്ഗത്തിന്റെ ആശ്രയവും അഭയവും ആനന്ദവുമായ ഈശോയുടെ പരിശുദ്ധമായ പരിപാലന ഈ ലോകത്തിൽ നമുക്കു മാർഗ്ഗദർശം നൽകുകയും പരലോകത്തിലേക്കു് നമ്മെ നയിക്കുകയും ചെയ്യും.




# ആഫ്റിക്കായിലെ കത്തോലിക്കാ മിഷൻ സ്ഥാപനങ്ങൾ

## പരിശുദ്ധപിതാവിന്റെ തിരുവെഴുത്തു്

(റവ. ഫാദർ തോമസ് മൂത്തേടൻ എം. ഏ., ഡി. ഡി.)

1957 ഏപ്രിൽ 21-ാംനു ഉയിർപ്പുതിരുനാൾദിവസം പരിശുദ്ധപിതാവു് "ഫിദെയി ദോണും" "FIDEI DONUM" എന്നൊരു തിരുവെഴുത്തു പ്രസിദ്ധംചെയ്തിട്ടുണ്ടു്. ആഫ്റിക്കയിലെ മിഷൻ സ്ഥിതിഗതികളെപ്പററിയാണു പ്രസ്തുത തിരുവെഴുത്തു പ്രധാനമായി പ്രതിപാദിക്കുന്നതെങ്കിലും അതിലെ ചില ഭാഗങ്ങൾ നമുക്കും പ്രയോജനകരമായിരിക്കുമെന്നു കരുതി അവ സംക്ഷേപിച്ചു കീഴെ ചേർക്കുന്നു.

ആഫ്റിക്ക ഇന്നു സാമ്പത്തികവും സാമുദായികവും രാഷ്ട്രീയവുമായ ഒരു പരിവർത്തനത്തിൽക്കൂടെ കടന്നുപോകയാണു്; ഈ പരിവർത്തനത്തിന്റെ ശീഘ്രത ഏവരും കാണുന്നുണ്ടു്; അതിൽ പരിശുദ്ധപിതാവും ആനന്ദംകൊള്ളുന്നു. അതേസമയം അതിരുകടന്ന ദേശീയത്വം ജനങ്ങളുടെ ഇടയിൽ വൈരത്തിന്റേയും കലഹത്തിന്റേയും വിത്തുകൾ പാകിക്കൊണ്ടിരിക്കുന്നുണ്ടു്. നിരീശ്വരപരമായ ഭൗതികവാദങ്ങളും അവിടെ മുഴങ്ങുന്നുണ്ടു്; തൽഫലമായി ആഫ്റിക്കരെ യേശുക്രിസ്തുവിൽനിന്നു് അകററുവാനുള്ള ഒരു പരിശ്രമവും പരിശുദ്ധപിതാവു കാണുന്നു.

ആപത്തുകൾ ഇങ്ങനെ പലതു് ഉണ്ടെങ്കിലും ഇദാനീന്തനകാലത്തു് ആഫ്റിക്കയിൽ തിരുസ്സഭയ്ക്കുണ്ടായിട്ടുള്ള വളർച്ച ആശാവഹമാണു്. ഹൈരാർക്കിസ്ഥാപിതമായി, കത്തോലിക്കാജനസംഖ്യ വർദ്ധിച്ചു; സ്ഥലത്തെ വൈദികർ പ്രധാനജോലികൾ പലതും ഏറെറടുത്തുകഴിഞ്ഞു. എന്നുവരികിലും ഇനിയും ധാരാളം ചെയ്യാനുണ്ടു്. പ്രേഷിതർ വേണം; അവരുടെ സംരക്ഷണത്തിനു വേണ്ട മാർഗ്ഗം വേണം. മാത്രമല്ല വേദപ്രചാരത്തിനും ക്രിസ്തീയജീവിത സംരക്ഷണത്തിനുമായി പലതും ഉടനടി ചെയ്താൽ നന്നു്. ക്രിസ്തീയ സാമുദായികക്രമം പുലർത്തുവാൻ തിരുസ്സഭയുടെ അമൂല്യമായ ഉൽബോധനങ്ങളും തത്വങ്ങളും എല്ലാവർക്കും പകർന്നുകൊടുക്കേണ്ട സമയം സമാഗതമായിരിക്കുന്നു.

പല സംഗതികളും സുസ്പഷ്ടമാണു്. ഒന്നാമതായി കാണുന്നതു വൈദികരുടെ ദൗർല്ലഭ്യമാണു്. അമ്പതു വൈദികരാണു് അറുപതിനായിരം ക്രിസ്ത്യാനികൾ ഉൾപ്പെടെ രണ്ടു ദശലക്ഷം ആത്മാക്കളുടെ കാര്യം അന്വേഷിക്കുന്നതു്. ചില സ്ഥലങ്ങളിൽ ഇരുപതു വൈദികർ കൂടിയുണ്ടായാൽ ഒരു ഭൂവിഭാഗം മുഴുവനും തിരുസ്സഭയിലേക്കു അടുപ്പിക്കാം. കുറേക്കഴിഞ്ഞാൽ ഇങ്ങനെ ഒരു സന്ദർഭം ഉണ്ടായില്ലെന്നുവരും. ക്രിസ്തീയവിദ്യാഭ്യാസം നൽകുവാനും സാമുദായികപ്രവർത്തനങ്ങൾ സംഘടിപ്പിക്കുവാനും കത്തോലിക്കാപ്രവർത്തനം നടത്തുവാനും സംസ്കാരസമ്പന്നമായ ഒരു അൽമായസമൂഹത്തെ രൂപവൽക്കരിക്കുവാനും ഇന്നു വലിയ ഒരാവശ്യമാണുള്ളതു്. എന്നാൽ ഇതിനു കഴിവുള്ള വൈദികരുടേയും അൽമായരുടേയും സംഖ്യ വളരെ തുച്ഛമാണു്. അതിനാൽ ആരാണു് ഇപ്പോൾ കാര്യമായി പ്രവർത്തിക്കേണ്ടതു്?

ആഫ്റിക്കൻ മിഷനിലെ ആവശ്യങ്ങൾ സാധിക്കുന്നതിനു ലോകമാസകലമുള്ള കത്തോലിക്കരുടെ സഹായം പരിശുദ്ധപിതാവു് ആവശ്യപ്പെട്ടിരിക്കുന്നു. മിഷൻസ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിനു മിശിഹായുടെ പ്രതിനിധിയായ മാർപ്പാപ്പായോടുകൂടെ സകല മെത്രാന്മാരും യോജിച്ചു പ്രവർത്തിക്കേണ്ടതാണു്. മെത്രാന്മാരോടുകൂടെ രൂപതാവൈദികരും ജനങ്ങളും സഹകരിക്കണം. അവർ തങ്ങളുടെ കാര്യം മാത്രം അന്വേഷിച്ചു സംതൃപ്തിയടയാതെ സാർവ്വത്രികസഭയുടെ സന്തോഷങ്ങളിലും സന്താപങ്ങളിലും പങ്കെടുക്കണം. ഇങ്ങനെ തിരുസ്സഭയുടെ കാതോലികത്വം ഓരോ വ്യക്തിയിലും പ്രത്യക്ഷമാകും. "മിഷൻചൈതന്യവും കത്തോലിക്കാചൈതന്യവും ഒന്നുതന്നെയാണു്."

പരിശുദ്ധപിതാവു് എല്ലാവരിൽനിന്നും പ്രാർത്ഥനയും ഉദാരമായ സഹായവും ആവശ്യപ്പെട്ടിരിക്കുന്നു. കഴിവുള്ളവർ തങ്ങളെത്തന്നെ ഇതിനു സമർപ്പിക്കണമെന്നാണു തിരുമേനിയുടെ ആഗ്രഹം.

തിരുസ്സഭയുടെ ഔദ്യോഗിക പ്രാർത്ഥനകളിൽ പലപ്പോഴും അഖിലലോകത്തിന്റെ രക്ഷയ്ക്കുള്ള പ്രാർത്ഥനകൾ നാം കാണും. ലത്തീൻകുർബാനയിൽ ആഗമനകാലത്തും ദെനഹാത്തിരുനാളിലും പെന്തക്കോസ്തുദിവസവും അത്തരം പ്രാർത്ഥനകളുണ്ടു്. അങ്ങനെ സർവ്വലോകരുടേയും രക്ഷയ്ക്കുള്ള പ്രാർത്ഥനകൾ പലപ്പോഴും നമ്മുടെ ഹൃദയത്തിൽനിന്നു ഉയരണം.

ക്രിസ്ത്യാനികളുടെ ഔദാര്യംവഴിയാണു് എല്ലാ മിഷ്യനറിപ്രവർത്തനങ്ങളും നടന്നിട്ടുള്ളതു് അവയ്ക്കു പരിശുദ്ധപിതാവു് അവരോടെല്ലാം കൃതജ്ഞനാണു്. പൊന്തിഫിക്കൽ മിഷൻസംഘടനകളായ വേദപ്രചാരസഖ്യത്തിനും, തിരുബാലസംഘത്തിനും ദേശീയവൈദികസഹായസംഘടനയ്ക്കും തിരുമേനി പ്രത്യേകം നന്ദിപറഞ്ഞിരിക്കുന്നു, എന്നാൽ ആവശ്യങ്ങൾ വർദ്ധിച്ചുകൊണ്ടിരിക്കയാണു്. വിശ്വാസികളിൽ പലർക്കും വളരെ വിഷമമുണ്ടെന്നുള്ളതു പരിശുദ്ധപിതാവിനു് അറിയാം. എന്നാൽ ഒരു കുടുംബത്തിന്റെ വിഷമങ്ങൾപോലെയല്ലല്ലോ മിഷൻ പ്രസ്ഥാനങ്ങളുടെ പ്രവർത്തനമണ്ഡലം. ആകയാൽ ചരിത്രപ്രധാനമായ ഈ ഘട്ടത്തിൽ പരിശുദ്ധപിതാവു ചോദിക്കുന്നു: തിരുസ്സഭയുടെ പ്രചാരണത്തിനു് അത്യന്താപേക്ഷിതമായ പരിശ്രമം എല്ലാവരും ചെയ്യുവാൻ സന്നദ്ധമാണോ? പഠനച്ചെലവിനു വകയില്ലാത്തതുകൊണ്ടു് ദൈവവിളി നഷ്ടപ്പെടുവാൻ നമ്മൾ അനുവദിക്കുകയില്ലെന്നാണു പരിശുദ്ധപിതാവിന്റെ പ്രതീക്ഷ.

ദൈവവിളി പ്രോത്സാഹിപ്പിക്കുവാനും അൽമായപ്രേഷിതരെ വാർത്തെടുക്കുവാനും പരിശുദ്ധ പിതാവു ചില നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടു്.

കത്തോലിക്കാ വിദ്യാലയങ്ങളിലും ഇടവകകളിലും കത്തോലിക്കാ പ്രവർത്തനസംഘടനകളിലും മിഷൻ ദൈവവിളിക്കു സഹായകമായ ഒരന്തരീക്ഷമുണ്ടാകണം. അതു ഇടവകകളുടെ ആദ്ധ്യാത്മികനവീകരണത്തിനുപകരിക്കും.

സ്വന്തം രൂപതകളിൽ വൈദികദൗർലഭ്യത്തിന്റെ ഭയമുണ്ടെങ്കിൽത്തന്നെയും മിഷൻ ദൈവവിളി അവിടങ്ങളിലെ മെത്രാന്മാർകൂടി പ്രോത്സാഹിപ്പിക്കട്ടെ.

മെത്രാന്മാർ ഒരുമിച്ചിരുന്നു മിഷൻ പ്രവർത്തനങ്ങൾക്കുള്ള വിഷമങ്ങളെപ്പററി ചിന്തിക്കുകയും അവയെ നിവാരണം ചെയ്യാൻ തങ്ങൾക്കുള്ള ചുമതലയെപ്പററി ആലോചിക്കുകയും ചെയ്യേണ്ടതുതന്നെ.

വിവിധ പൊന്തിഫിക്കൽ സ്ഥാപനങ്ങളുടെ പ്രസിഡൻറുമാരോടും മിഷൻ സന്യാസസഭകളോടും വൈദികമേലദ്ധ്യക്ഷന്മാർക്കുള്ള പരിചയബന്ധം കൂടുതൽ ദൈവവിളിയുണ്ടാകുന്നതിനു മാർഗ്ഗം തെളിക്കട്ടെ.

വിദേശങ്ങളിൽ അദ്ധ്യയനം ചെയ്യുന്ന ആഫ്റിക്കക്കാർക്കും ഏഷ്യൻ നിവാസികൾക്കും ആദ്ധ്യാത്മികസഹായവും സംരക്ഷണവും നൽകുവാൻ പ്രത്യേകശ്രദ്ധ പതിക്കണമെന്നു പരിശുദ്ധ പിതാവു് ഉൽബോധിപ്പിച്ചിരിക്കുന്നു. ആഫ്റിക്കൻ മെത്രാന്മാരുടെ കീഴിൽ മിഷൻവേല ചെയ്യുവാൻ കഴിവുള്ള വൈദികരും അൽമായരും മുന്നോട്ടു വരട്ടെ.

ആഫ്റിക്കയെപ്പററിയാണു പരിശുദ്ധ പിതാവു് ഈ ചാക്രികലേഖനത്തിൽ പ്രതിപാദിക്കുന്നതെങ്കിലും, പ്രാസംഗികമായിട്ടു് എല്ലാ രാജ്യങ്ങളിലേയും മിഷൻ ആവശ്യങ്ങൾ തിരുമേനി ചൂണ്ടിക്കാണിച്ചിട്ടുണ്ടു്. എല്ലാവരും തിരുസ്സഭയുടെ മക്കളാണു്; തിരുസ്സഭ പ്രഥമതഃ ഒരു മിഷൻ കേന്ദ്രമാണു്. അതിനാൽ പരിശുദ്ധപിതാവു് നമ്മളെ ഇപ്രകാരം ആഹ്വാനം ചെയ്യുന്നു: "അഗാധങ്ങളിലേക്കു് ഇറങ്ങിച്ചെല്ലുക" അതായതു് കൂടുതൽ ആഴമുള്ള വെള്ളത്തിലിറങ്ങി വലയിറക്കുക എന്നു സാരം.

പരിശുദ്ധ പിതാവിന്റെ ഈ ആഹ്വാനം സ്വീകരിച്ചു നമ്മുടെ മിഷൻ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുവാനും ആഫ്റിക്കൻ മിഷനിൽ പോയി പ്രവർത്തിക്കുവാൻ കഴിവുള്ളവർ മുന്നോട്ടുവരുവാനും നമുക്കു പ്രാർത്ഥിക്കാം പരിശ്രമിക്കാം.

—o—

രോഗവിവരക്കത്തുകൾ
അയക്കേണ്ട വിലാസം:-
കാളൻവൈദ്യൻ,
നെല്ലായി (S. India)

# വിദ്യാഭ്യാസത്തെപ്പററി വെസ്റ്റ്മിനിസ്റ്റർ മെത്രാപ്പോലീത്താ

"നമ്മുടെ ചെറുപ്പക്കാർ ഈശ്വരവിശ്വാസത്തെ നിഷേധിക്കുന്നവരുടേയോ ഈ രാജ്യത്തോടു ഭക്തിയില്ലാത്തവരുടേയോ സ്വാധീനതയിൽ അവരുടെ പഠനസമയം കഴിക്കേണ്ടിവരുമെന്നുള്ള ചിന്ത നമ്മെ ഭയചകിതരാക്കുകയാണ്. എന്തുകൊണ്ടെന്നാൽ, പാഠങ്ങൾ പഠിപ്പിക്കുന്നതിനിടയിൽ, കുട്ടികളുടെ എളുപ്പത്തിൽ പതിയുന്ന ബാലമനസ്സുകളിൽ തെററായ ആശയങ്ങൾ കുത്തിവയ്ക്കുന്നതിനു കഴിയുമെന്നുള്ളതു് നിസ്സംശയമാണ്. ഒരധ്യാപകൻ വെറുമൊരു മാസ്റ്റർ മാത്രമല്ല; അദ്ദേഹം യുവാക്കന്മാരുടേയും യുവതികളുടേയും പരിശീലകനാണ്. ഇതുകൊണ്ടാണ് ഉറച്ച വിശ്വാസവും തീവ്രമായ ദൈവസ്നേഹവുമുള്ള അധ്യാപകരെ നാമാവശ്യപ്പെടുന്നതു്.

"പ്രാധാന്യമർഹിക്കുന്ന വേറൊരു സംഗതികൂടി ഞാൻ ചൂണ്ടിക്കാണിച്ചുകൊള്ളട്ടെ. പ്രകൃതിതന്നെ ഇരുവർഗ്ഗങ്ങളേയും (സ്ത്രീയേയും പുരുഷനേയും) ശരീരഘടനയിലും, വികാരങ്ങളിലും, കഴിവുകളിലും കേവലം വിഭിന്നമായ വിധത്തിലാണ് സജ്ജീകരിച്ചിട്ടുള്ളതു്. ഈ രണ്ടു വർഗ്ഗങ്ങളുടേയും പരിശീലനത്തിൽ സമത്വംവേണമെന്നു് അഥവാ അതു സാദ്ധ്യമാണെന്നു കാണിക്കുന്ന ഒരു ന്യായവും പ്രകൃതിയിലില്ല. സ്രഷ്ടാവിൻെറ അത്ഭുതാവഹമായ വിഭാവനയെ നാം ശരിയായി മനസ്സിലാക്കുകയാണെങ്കിൽ, ഇവർ തമ്മിലുള്ള സ്വാഭാവികമായ വ്യത്യാസങ്ങൾകൊണ്ടുതന്നെ കുടുംബത്തിലും സമുദായത്തിലും അവയുടെ പരിപൂർണ്ണതയ്ക്കുവേണ്ടി പരസ്പരം സഹകരിക്കുന്നതിനുദ്ദേശിക്കപ്പെട്ടിരിക്കുകയാണെന്നു കാണാം. തന്മൂലം അവരുടെ സ്വഭാവരൂപവല്ക്കരണത്തിൻെറ ഘട്ടത്തിൽ ഈ വ്യത്യാസങ്ങൾ പരിഗണിക്കപ്പെടുകയും പരിരക്ഷിക്കപ്പെടുകയും ചെയ്യേണ്ടതുണ്ടു്."

വെസ്റ്റ്മിനിസ്റ്റർ മെത്രാപ്പോലീത്താ മോസ്റ്റ് റവ. ഡോക്ടർ ഗോഡ്ഫ്റെ തിരുമേനി വിദ്യാഭ്യാസദിനം ആഘോഷിച്ച അവസരത്തിൽ വെസ്റ്റ്മിനിസ്റ്റർ കത്തീഡ്രൽദേവാലയത്തിൽ നടത്തപ്പെട്ട സായംകാല ദിവ്യബലിയെ തുടർന്നുനടത്തിയ പ്രഭാഷണത്തിലാണ് ഈ സംഗതികൾ പ്രഖ്യാപിച്ചതു്. ലണ്ടൻ കൗണ്ടികൗൺസിൽ ചെയർമനും 2000-ൽപരം അധ്യാപകന്മാരും അതിൽ സംബന്ധിച്ചിരുന്നു.

—o—

## ഇടവകവാർത്തകൾ

(8-ാംപേജ് തുടർച്ച)

**അറക്കുളം പഴയ:** മഞ്ഞക്കുന്നേൽ ശ്രീ എബ്രാഹം തോമ്മസും തലയനാടു ലൂർദ് പള്ളി ഇടവക പടിഞ്ഞാറേടത്തു് മേരിയും തമ്മിലുള്ള വിവാഹം അറക്കുളം സെൻറു തോമസ് ദേവാലയത്തിൽവച്ചു് മേയ് 13-ാംതീയതി നടന്നിരിക്കുന്നു. റവ. ഫാദർ ജോസഫ് തുംകുഴിയാണ് വിവാഹകർമ്മം ആശീർവ്വദിച്ചതു്.

മിഷൻലീഗ്, സൊഡാലിററി, സൺഡേസ്കൂൾ എന്നീ ഭക്തസംഘടനകളുടെ സംയുക്തവാർഷികം മേയ് 25, 26 തീയതികളിൽ നടന്നു. 26-ാംതീയതിയിലെ പൊതുസമ്മേളനത്തിൽ റവ. ഫാദർ ജോസഫ് മണ്ണാത്തുമാക്കിൽ അദ്ധ്യക്ഷതവഹിച്ചു. റവ. ജയിക്കബ് കട്ടയ്ക്കൽ, ബ്രദർ സീ സീ ചാണ്ടി ഭരണങ്ങാനം, കെ കെ എബ്രഹാം കുന്നുംപുറത്തു്, ഏ ററി മഞ്ഞക്കുന്നേൽ എന്നിവർ പ്രസംഗിച്ചു. സംഘടനാംഗങ്ങൾ സംഗീതം, തമാശു്, പ്രഹസനങ്ങൾ മുതലായവ നടത്തി.

**കോടിക്കുളം:** ഈ ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന സൊഡാലിററി, മിഷൻലീഗ്, മാതൃസംഘം, ഫ്രാൻസിസ്കൻ മൂന്നാംസഭ എന്നീ ഭക്തസംഘടനകളുടെ സംയുക്തവാർഷികസമ്മേളനം മേയ് 30-ാംനു വ്യാഴാഴ്ച ഉച്ചകഴിഞ്ഞു് 2-30നു് റവ. ഫാദർ പോൾ കുഴിക്കാട്ടു് അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തിയിരിക്കുന്നു. യോഗാനന്തരം, സ്ഥലത്തെ ഡോൺബോസ്കോ ആർട്ട്സ് ക്ലബുകാർ "പണത്തിൻെറ മുമ്പിൽ" എന്ന സംഗീതനാടകം അഭിനയിക്കുകയുണ്ടായി. യോഗത്തിൽ പി ജെ ജോസഫ് എം എ, കുമാരി കെ സി ചിന്നമ്മ എന്നിവർ പ്രസംഗിച്ചു.

**ഇരിഞ്ഞാലക്കുട:** കാത്തലിക്കു് സോഷ്യൽ ലീഗിൻെറ ദ്വിതീയവാർഷികം സെൻറു് തോമസ് കോളെജ് പ്രിൻസിപ്പൽ റവ. ഫാദർ ജോസഫ് കല്ലിങ്ങൽ എം എ അവർകളുടെ അദ്ധ്യക്ഷതയിൽ ആഘോഷിച്ചിരിക്കുന്നു. മുനിസിപ്പൽ ചെയർമൻ ശ്രീ എം പി കൊച്ചുദേവസി സമ്മേളനം ഉൽഘാടനം ചെയ്തു. സെക്രട്ടറി ജോർജ്ജ് അക്കരക്കാരൻ റിപ്പോർട്ടു സമർപ്പിച്ചു. വിവിധകലാപരിപാടികൾ സമ്മേളനത്തെ മോടിപിടിപ്പിച്ചു. ലീഗിൻെറ അടുത്ത വർഷത്തിലെ ഭാരവാഹികളേയും തിരഞ്ഞെടുക്കുകയുണ്ടായി.

**പൊൻകുന്നം:** ദീപിക ബാലപംക്തി പൊൻകുന്നം ശാഖയുടെ പ്രാരംഭയോഗം മേയ് 26-ാംതീയതി പകൽ പത്തര മണിക്കു് സ്ഥലം എസ് എച്ചു് സ്കൂളിൽവച്ചു് ദീപിക പ്രതിനിധി ശ്രീ വി വി ഇട്ടിയവിരായുടെ അദ്ധ്യക്ഷതയിൽ കൂടുകയും, 7 പേരടങ്ങിയ ഒരു പ്രവർത്തകസമിതിയെ തിരഞ്ഞെടുക്കുകയും ചെയ്തു.

**ഇടക്കൊച്ചി:** ഈ ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന സെൻറു് ആൻറണീസ് യുവജനസമിതിയുടെ പരിശ്രമഫലമായി പഷ്ണിത്തോടുപാലത്തിനു തെക്കുവശം പണിയുവാൻ പോകുന്ന വിശുദ്ധ അന്തോനീസിൻെറ കപ്പേളയുടെ ശിലാസ്ഥാപനകർമ്മം ഇടക്കൊച്ചി പള്ളി വികാരി റൈററു് റവ. മോൺസിഞ്ഞോർ ലോറൻസ് പുളിയനത്തു് പിഎച്ചു് ഡി, ഡി ഡി അവർകൾ മേയ് 30-ാംനു നിർവ്വഹിച്ചിരിക്കുന്നു.

---

(10-ാം പേജ് തുടർച്ച)

നുമില്ലപോലും! ഓരോ സെമ്മിനാരിക്കും അതിൻെറ ചില പ്രത്യേക നിയമങ്ങൾ ഉണ്ടെന്നുള്ള വസ്തുത ഗ്രഹിച്ചുകഴിഞ്ഞാൽ ഈ അരക്കെട്ടു് ഒരു പ്രശ്നമേയല്ല. ആലുവാ സെമ്മിനാരിയിൽ പഠിക്കുന്നവർ വെളുത്ത അരക്കെട്ടും, തൃശ്ശിനാപ്പള്ളി, പൂനാ മുതലായ സെമ്മിനാരികളിൽ പഠിക്കുന്നവർ ചുവന്ന അരക്കെട്ടുമാണ് ധരിക്കുന്നതു്. മിഷനാണോ, ഇടവകയ്ക്കാണോ എന്നുള്ളതിൻെറ മാനദണ്ഡം അരക്കെട്ടിൻെറ വർണ്ണവ്യത്യാസമല്ല.

സെമ്മിനാരിയിലെ ജീവിതം വളരെ ആനന്ദപൂർണ്ണമാണെന്നു പറഞ്ഞാൽ ചിലർ വിശ്വസിക്കയില്ലായിരിക്കും. ഒരേജീവിതരീതിയും ഒരേ ജീവിതലക്ഷ്യവും ഒരേ പ്രായവുമുള്ള യുവാക്കന്മാരുടെ കൂട്ടമായ ജീവിതം, സന്തോഷവും സംതൃപ്തിയും ആനന്ദവും ആഹ്ളാദവും നിറഞ്ഞതാണെന്നു് വൈദികവിദ്യാലയം ഒരിക്കലെങ്കിലും സന്ദർശിച്ചിട്ടുള്ളവർക്കറിയാം. യഥാർത്ഥമായ സ്നേഹവും സാഹോദര്യവും കളിയാടുന്ന സമത്വസുന്ദരമായ ജീവിതം വൈദികവിദ്യാലയങ്ങളിൽ ദർശിക്കാൻ കഴിയും. പരമപാവനമായ പൗരോഹിത്യപദവിയിലേക്കു ഒരു ദിവസം താൻ ഉയർത്തപ്പെടുമെന്നും അങ്ങനെ അത്യുന്നതൻെറ നിത്യപുരോഹിതനായിത്തീരുമെന്നും ഉള്ള വിചാരം വൈദികവിദ്യാർത്ഥിക്കു് എപ്പോഴും ആനന്ദദായകമാണ്. സർവ്വലോകനിയന്താവു് തൻെറ കരങ്ങളിൽ ആദ്യമായി എഴുന്നള്ളിവരുന്ന ആ സുദിനത്തെപ്പററിയുള്ള പ്രതീക്ഷ അയാളെ കോൾമയിർകൊള്ളിക്കതന്നെ ചെയ്യും. ദീർഘവും ക്ഷമാപൂർണ്ണവുമായ പഠനത്തിൻെറയും പരിശീലനത്തിൻെറയും ശേഷം, വൈദികവിദ്യാർത്ഥി വൈദികനായിത്തീർന്നു പ്രഥമദിവ്യബലി അർപ്പിക്കുന്ന ദിവസം അനുഭൂതമാകുന്ന ആനന്ദം അവർണ്ണനീയമാണ്. "I wept for joy" ഞാൻ സന്തോഷംകൊണ്ടു കരഞ്ഞുപോയി എന്നാണ് ആ ദിവസത്തെപ്പററി ഒരു വൈദികൻ തൻെറ സ്നേഹിതനെ എഴുതി അറിയിച്ചതു്. സ്നേഹനാഥൻെറ ദ്രാക്ഷാവാടിയിൽ ജോലിചെയ്യുവാൻ ധാരാളം യുവാക്കന്മാർ മുമ്പോട്ടുവരട്ടെ.

# കമ്മ്യൂ: ഗവൺമെണ്ടിൻെറ വിദ്യാഭ്യാസനയത്തിൽ നാടാകെ പ്രതിഷേധം

**ഇടപ്പള്ളി:** ജൂൺ 2. ഇടപ്പള്ളി, ആലുവാ, ചേരാനല്ലൂർ, കിഴക്കമ്പലം, പുത്തൻപള്ളി, വരാപ്പുഴ ആദിയായ സ്ഥലങ്ങളിലെ പൗരജനങ്ങളുടെ പ്രതിഷേധയോഗം ശ്രീ കെ പി ഉറുമീസ് ബി ഏ ബി എൽ, എക്സ് എം എൽ എ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. മെ. വി പി മരക്കാർ ബി എസ്സി, അഡ്വക്കേററു് സി പി രാമസ്വാമി അയ്യർ, എം സി മാത്യു, ടി ഒ ബാവ എം എൽ എ. കെ ആർ വേലപ്പൻ ആദിയായവർ പ്രസംഗിച്ചു. പ്രതിഷേധപ്രമേയം ഏകയോഗമായി പാസ്സാക്കി.

**അകപ്പറമ്പ്:** ജൂൺ 2. പൊതുയോഗം ശ്രീ ജോസഫ് പാലാട്ടിയുടെ അദ്ധ്യക്ഷതയിൽ ചേർന്നു. ശ്രീ വക്കി പയ്യപ്പിള്ളി പ്രസംഗിച്ചു. പ്രതിഷേധപ്രമേയം ഐകകണ്ഠ്യേന പാസ്സാക്കി.

**കോക്കമംഗലം:** ജൂൺ 2. പൊതുയോഗം കുമാരി കെ ടി കത്രിക്കുട്ടിയുടെ അദ്ധ്യക്ഷതയിൽ കൂടി. മെ ഇ ടി മാത്യു ബി എസ്സി, ഏ ജോർജ്ജ് ബി എ, സി എ വക്കച്ചൻ മുതലായവർ പ്രസംഗിച്ചു. പ്രതിഷേധപ്രമേയം സർവ്വസമ്മതമായി പാസ്സാക്കി.

**നെടുംകുന്നം:** ജൂൺ 2. പൊതുയോഗം ശ്രീ എം ഒ ജോസഫ് നെടുംകുന്നം അർകളുടെഅദ്ധ്യക്ഷതയിൽ കൂടി. മെ പി സി ജോസഫ്, കെ ജെ ജോൺ എം എ എന്നിവർ പ്രസംഗിച്ചു. പ്രതിഷേധപ്രമേയം ഐകകണ്ഠ്യേന പാസാക്കി.

**വൈക്കം:** ജൂൺ 2. പ്രതിഷേധയോഗം അഡ്വക്കേററു് ശ്രീ കെ ജെ പൗലോ ബി ഏ ബി എൽ അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. വക്കീൽ ശ്രീ വക്കി പുത്തനങ്ങാടി അവർകൾ പ്രസംഗിച്ചു പ്രമേയം അവതരിപ്പിച്ചു യോഗം സർവ്വസമ്മതമായി പാസ്സാക്കി.

**ചെമ്പു്:** ജൂൺ 2. പൊതുയോഗം ശ്രീ പി ടി ജോസഫ് അയ്യനമ്പാമ്പിലിൻെറ അദ്ധ്യക്ഷതയിൽ ചേർന്നു. മെ ജോസഫ് കണ്ടത്തിൽ, ആൻറണി കടുങ്ങാംപറമ്പിൽ എന്നിവർ പ്രസംഗിച്ചു. പ്രമേയങ്ങൾ ഐകകണ്ഠ്യേന പാസ്സാക്കി.

**കുലശേഖരമംഗലം:** ജൂൺ 2. പൗരയോഗം ശ്രീ എം വി കുരുവിളയുടെ അദ്ധ്യക്ഷതയിൽ നടന്നു. മി ജോസഫ് പാലത്തുങ്കൽ, കുമാരി അന്നക്കുട്ടി പാലയ്ക്കൽ ബി എ എന്നിവർ പ്രസംഗിച്ചു. പ്രമേയങ്ങൾ ഏകയോഗമായി പാസാക്കി.

**പറവൂർ:** ജൂൺ 2. പറവൂർ, കച്ചേരിപ്പടി, പല്ലന്തുരുത്തു, മടപ്ലാതുരുത്തു, തുരുത്തിപ്പുറം, ഏഴിക്കര, കൈതാരം, കോട്ടുവള്ളി, ആലങ്ങാടു്, കുത്തിയതോടു്, ചക്കരക്കടവു്, നെടുങ്ങാടു് ആദിയായ സ്ഥലങ്ങളിലെ പൗരാവലിയുടെഒരുപൊതുയോഗം സെൻറലോഷ്യസ് ഹൈസ്കൂൾഹാളിൽ കൂടി. അഡ്വക്കേററ് മി രാമചന്ദ്രയ്യർ ബി എ ബി എൽ അദ്ധ്യക്ഷത വഹിച്ചു. അഡ്വക്കേററുമാരായ മെ. കെ ഐ മാത്യു, വി പി ഫ്രാൻസീസ്, പി ജെ ചാക്കോ എന്നിവർ പ്രസംഗിച്ചു. അദ്ധ്യക്ഷസ്ഥാനത്തുനിന്നവതരിപ്പിച്ച പ്രതിഷേധപ്രമേയം ഡോക്ടർ ഫ്രാൻസീസ് പാനികുളം പിന്താങ്ങുകയും യോഗം ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു.

**തെ. പറവൂർ:** ജൂൺ 2. സ്ഥലത്തുകൂടിയ ഒരു പൗരയോഗത്തിൽ പ്രതിഷേധപ്രമേയം സർവ്വസമ്മതമായി പാസാക്കി; അധികൃതസ്ഥാനങ്ങളിൽ അയച്ചിരിക്കുന്നു.

**മേലൂർ:** ജൂൺ 2. റിട്ടയേർഡ് ഹെഡ്മാസ്റ്റർ മി എൻ യു മാത്യുവിൻെറ അദ്ധ്യക്ഷതയിൽ പൗരയോഗം നടന്നു. പ്രതിഷേധപ്രമേയങ്ങൾ പാസ്സാക്കി.

**വാടാനപ്പള്ളി:** ജൂൺ 2 കണ്ടശ്ശാംകടവു ഫൊ. പള്ളിവികാരി വെരി റവ. ഫാദർ ജേക്കബ് എളങ്കുന്നപ്പുഴ അവർകളുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. ശ്രീ കെ ജെ ഐപ്പുമാസ്റ്റർ പ്രസംഗിച്ചു. പ്രതിഷേധപ്രമേയം സർവ്വസമ്മതമായി പാസ്സാക്കി.

**ആലപ്പുഴ:** ജൂൺ 6. നാനാജാതിമതസ്ഥരടങ്ങിയ ഒരു രക്ഷാകർതൃസംഘത്തിൻെറ ആഹ്വാനമനുസരിച്ചു് ലിയോ XIII സ്കൂൾ ഹാളിൽവച്ചു് ശ്രീ ചാലയിൽ ഡോക്ടർ കെ പി പണിക്കർ എം ബി, ഡി എച്ചു് ബി (എഡിൻ) അവർകളുടെ അദ്ധ്യക്ഷതയിൽ ഒരു പൗരമഹായോഗം നടന്നിരിക്കുന്നു. ശ്രീമതി ദേവകി ഗോപിദാസ് ബി എ ബി എൽ, മി ജനാബു് കെ പി ഷെരീഫ് ബി എസ്സി ബി എൽ, ശ്രീമതി എ നഫീസത്തുബീബി ബി എസ്സി ബി എൽ, ശ്രീ സി ടി കുര്യാക്കോസ് ബി എ ബി ടി മുതലായവരായിരുന്നു പ്രസംഗകർ. പ്രതിഷേധപ്രമേയം പാസാക്കി അധികൃതസ്ഥാനങ്ങളിൽ അയച്ചുകൊടുത്തു.

**ചെങ്ങളം:** ജൂൺ 2 സ്ഥലത്തെ മാതാപിതാക്കന്മാരുടേയും രക്ഷകർത്താക്കളുടേയും യോഗം ശ്രീ ജെ എ ചാക്കോ ബി ഏ ബി എൽ അവർകളുടെ അദ്ധ്യക്ഷതയിൽകൂടി പ്രതിഷേധപ്രമേയങ്ങൾ പാസാക്കി അധികാരസ്ഥാനങ്ങളിൽ അയച്ചുകൊടുത്തു.

**തിരുവല്ല:** ജൂൺ 8. മാർത്തോമ്മാസഭാകൗൺസിൽ ഇന്നലെ മാർത്തോമ്മാമെത്രാപ്പോലീത്താ തിരുമനസ്സിലെ അദ്ധ്യക്ഷതയിൽകൂടി കേരളഗവമ്മെൻറിൻെറ പുതിയ വിദ്യാഭ്യാസനയത്തെ പ്രതിഷേധിച്ചു് പ്രമേയംപാസാക്കുകയും, ഈ ദേശവല്ക്കരണനയത്തെ പ്രതിഷേധിക്കുന്ന ഉദ്ദേശ്യസാദ്ധ്യത്തിനു ഒരു പ്രവർത്തകക്കമ്മററിയെ രൂപവല്ക്കരിക്കുകയും ചെയ്തിരിക്കുന്നു.

**തലയാററൂർ:** ജൂൺ 2 ശ്രീ ചക്കോലമററം പൗലോ ആഗസ്തി അവർകളുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വിദ്യാഭ്യാസദേശവൽക്കരണ സംരംഭങ്ങളെ പ്രതിഷേധിച്ചു പ്രമേയങ്ങൾ പാസ്സാക്കിയിരിക്കുന്നു. മാതൃസംഘത്തിൻെറ യോഗത്തിലും പ്രതിഷേധപ്രമേയം പാസ്സാക്കപ്പെട്ടു.

—o—



എൻെറ സഹോദരിയുടെ മകൾ മേരി (ഇഗ്ബർട്ടു്) 1957 മേയ് 13-ാംതീയതി ക്ലാരിസ്റ്റ് സഭാവസ്ത്രം സ്വീകരിച്ചതിൻെറ സ്മാരകം.

ടി. ജോസഫ് അക്കരക്കാരൻ
ഇരിഞ്ഞാലക്കുട



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 30. || 1957 JUNE 12 || No. 42.


## കമ്മ്യൂണിസ്റ്റ് ഗവർമ്മേണ്ടിൻെറ വിദ്യാഭ്യാസപരിഷ്കാരം

ജൂൺ 7-ാംതീയതി സമ്മേളിച്ച കേരളനിയമസഭയുടെ ആദ്യത്തെ ബഡ്ജററുസമ്മേളനത്തിൽ അവതരിപ്പിച്ച ബഡ്ജററിനെക്കുറിച്ചുള്ള പ്രസംഗത്തിൽ ധനകാര്യമന്ത്രി, സ്റ്റേററിൽ നടപ്പാക്കാൻ പോകുന്ന വിദ്യാഭ്യാസപരിഷ്കാരത്തിൻെറ ഒരു ഏകദേശരൂപം നൽകിയിട്ടുണ്ട്. ഈ സമ്മേളനത്തിൽതന്നെ അവതരിപ്പിക്കുവാൻ വിദ്യാഭ്യാസമന്ത്രി തയ്യാറാക്കിയിട്ടുള്ള ഒരു വിദ്യാഭ്യാസബില്ലിനെപ്പററിയും അതിൽ പ്രതിപാദിക്കുന്നുണ്ട്. വിദ്യാഭ്യാസത്തെ സംബന്ധിക്കുന്ന പ്രസ്തുത ഭാഗം ഇങ്ങനെയാണ്:-

വിദ്യാഭ്യാസത്തിൻെറ നിലവാരമുയർത്തുന്നതിൽ സംതൃപ്തമായ ഒരു അദ്ധ്യാപകവിഭാഗത്തിനു വഹിക്കാനുള്ള പങ്ക് പ്രത്യേകം എടുത്തു പറയേണ്ടതില്ലല്ലോ. പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം കൂട്ടണമെന്ന് അവർ ആവശ്യപ്പെടാൻ തുടങ്ങിയിട്ട വളരെക്കാലമായി. മലബാർ തിരു-കൊച്ചി അദ്ധ്യാപകവേതനങ്ങൾ ഏകീകരിക്കുന്നതിനും ഇതുപോലൊരു നടപടി ആവശ്യമാണ്. ഇതുകൊണ്ടു പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം താഴെ കാണും പ്രകാരം ഉയർത്തുവാൻ തീരുമാനിച്ചിരിക്കുന്നു.

തിരു-കൊച്ചിയിലെ പ്രൈമറി അദ്ധ്യാപകരുടെ ശമ്പളസ്കെയിൽ ഇന്നു 35-3-80 ആകുന്നു. മലബാറിൽ 45-90 വരെയും. 1-4-57 മുതൽ എല്ലാ പ്രൈമറി അദ്ധ്യാപകന്മാർക്കും 40-3-55 4-75-EB-5-120 എന്ന സ്കെയിൽ നൽകുവാൻ തീരുമാനിച്ചിരിക്കുന്നു. 65000-ൽപരം അദ്ധ്യാപകന്മാർക്കു ഇതുകൊണ്ടു ഗുണം ലഭിക്കും. ഗവമ്മെൻറിൻെറ കീഴിലും, പ്രാദേശികസ്വയംഭരണസ്ഥാപനങ്ങളുടെ കീഴിലും സ്വകാര്യ മാനേജ്മെൻറുകളുടെ കീഴിലും ഉള്ള അദ്ധ്യാപകന്മാർക്ക് ഇതു ബാധകമാകും. മലബാറിലെ ഹയർട്രെയിൻഡ് അദ്ധ്യാപകന്മാർക്ക് 35-2-55 എന്ന സ്കെയിലും ലോവർട്രെയിൻഡ് അദ്ധ്യാപകന്മാർക്കു 30-1-40 എന്ന സ്കെയിലും നൽകുന്നതാണ്. ഹയർ ട്രെയിൻഡ് അദ്ധ്യാപകന്മാരിൽ അധികപക്ഷവും ഇന്നു 30-1-40 എന്ന സ്കെയിലിൽ ശമ്പളം വാങ്ങുന്നവരാണ്. ലോവർ ട്രെയിൻഡ് അദ്ധ്യാപകന്മാർക്കാണെങ്കിൽ സ്ഥിരശമ്പളമായി 20 ഉറുപ്പിക മാത്രമാണു കിട്ടുന്നത്. പ്രൈവററുസ്കൂൾ അദ്ധ്യാപകന്മാർക്കു മലബാറിൽ ഇന്നു ലഭിക്കുന്നതുപോലെ തിരു-കൊച്ചിയിലും ഗവമ്മെൻറിൽനിന്നു നേരിട്ട ശമ്പളം നൽകാൻ തീരുമാനിച്ചിരിക്കുന്നു. പ്രൈവററ് അദ്ധ്യാപകന്മാരെ സംബന്ധിച്ചിടത്തോളം ഇതു വളരെ ആശ്വാസകരമായ ഒരു നടപടി ആയിരിക്കും. അതേസമയംതന്നെ പ്രൈവററ് അദ്ധ്യാപകന്മാരുടെ നിയമനത്തെ സംബന്ധിച്ച ചില പുതിയ വ്യവസ്ഥകൾ ഏർപ്പെടുത്താനും ഉദ്ദേശിക്കുന്നു. ഗവമ്മെൻറ് നിയമസഭയിൽ അവതരിപ്പിക്കുവാൻ ഉദ്ദേശിക്കുന്ന വിദ്യാഭ്യാസബില്ലിൽ ഇതിനെ സംബന്ധിച്ചുള്ള വിശദാംശങ്ങൾ ഉണ്ട്. മദ്രാസ് ഗവമ്മെൻറ് ആവിഷ്കരിച്ച പദ്ധതി അനുസരിച്ച് മലബാറിലെ പ്രൈവററ് പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാർക്കു പെൻഷനു് അവകാശമുണ്ട്. മദ്രാസ് ഗവമ്മെണ്ടിൻെറ പിന്തുടർച്ചാവകാശിയായ ഗവമ്മെണ്ട് എന്ന നിലയ്ക്കു ഈ പദ്ധതി നടത്തുവാൻ നാം ബാദ്ധ്യതപ്പെട്ടിരിക്കുന്നു. മലബാറിലേയും തിരു-കൊച്ചിയിലേയും സ്ഥിതികൾ ഏകീകരിക്കേണ്ടതുള്ളതുകൊണ്ട് ഈ പദ്ധതി ആവശ്യമായ ഭേദഗതികളോടുകൂടി തിരു-കൊച്ചിയിലേക്കും വ്യാപിപ്പിക്കുന്നതാണ്. തിരുവിതാംകൂർ ഭാഗത്തു് പൊതുവിലും കൊച്ചിഭാഗത്തു് അടിസ്ഥാനവിദ്യാലയങ്ങളിലും ഷിഫ്ററ്സമ്പ്രദായം നിലവിലുണ്ട്. ഈ സമ്പ്രദായപ്രകാരം ഒരദ്ധ്യാപകൻ ഒരു ദിവസം 110 വിദ്യാർത്ഥികൾക്കു ബോധനം നൽകണം. ഇതു വിദ്യാഭ്യാസത്തിൻെറ നിലവാരം കുറയ്ക്കുമെന്നതിനു സംശയമില്ല. അതുകൊണ്ട് ഷിഫ്ററ് സമ്പ്രദായം നിർത്തലാക്കണമെന്നു വളരെക്കാലമായി അദ്ധ്യാപകന്മാരും പൊതുജനങ്ങളും ആവശ്യപ്പെട്ടുകൊണ്ടിരിക്കയാണ്. ഗവമ്മെണ്ടിൻെറ സാമ്പത്തികശേഷിയുടെ പരിമിതി ഒന്നുമാത്രമാണ് ഇതുവരെയും ഇതനുവദിക്കാൻ പ്രതിബന്ധമായി പറഞ്ഞിരുന്നത്. എന്നാൽ ഒരു ക്രമീകൃതപദ്ധതി അനുസരിച്ച് ഷിഫ്ററ്സമ്പ്രദായം നിർത്തലാക്കുവാൻ ഗവമ്മെണ്ടു തീരുമാനിച്ചിരിക്കുന്നു.

പ്രാഥമികവിദ്യാഭ്യാസത്തിൻെറ ഉത്തരവാദിത്വം ഗവമ്മെണ്ടിൻേറതായിരിക്കണമെന്നുള്ള നിവേദനങ്ങൾ ആവർത്തിച്ചാവർത്തിച്ചു ഗവമ്മെണ്ടിനു ലഭിച്ചിട്ടുണ്ട്. അദ്ധ്യാപകന്മാർക്കു ശമ്പളം കൊടുക്കേണ്ടതിൻെറ ഉത്തരവാദിത്വം മുഴുവൻ ഇന്നു ഗവമ്മെണ്ട് വഹിക്കുന്നുണ്ടെങ്കിലും വിദ്യാലയങ്ങളുടെ മുഴുവൻ നിയന്ത്രണവും ഗവമ്മെണ്ടിനില്ല. ഇതുകൊണ്ട് പല തകരാറുകളും സംഭവിക്കുന്നുണ്ട്. ഇതൊഴിക്കുവാൻവേണ്ട അധികാരം ഗവമ്മെണ്ടിനു നൽകുന്നതിനു വിദ്യാഭ്യാസബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അതനുസരിച്ച് ആവശ്യംവരുന്ന വിദ്യാലയങ്ങൾ ഏറെറടുക്കുന്നതിനു് ബഡ്ജററിൽ തുക കൊള്ളിച്ചിട്ടുണ്ട്. പ്രാഥമികവിദ്യാലയങ്ങളിൽ ദരിദ്രവിദ്യാർത്ഥികൾക്ക് ഉച്ചഭക്ഷണം നൽകുന്നതിനുള്ള തുക വർദ്ധിപ്പിച്ചിരിക്കുന്നു. ഈ പദ്ധതി മലബാറിലേക്കുകൂടി വ്യാപിപ്പിക്കുന്നതാണ്. വിദ്യാഭ്യാസവിഷയത്തിൽ മലബാറിൻെറ പിന്നോക്കനില പരിഗണിച്ച് ഈ പുതിയവർഷത്തിൽ തുടങ്ങുന്ന ഹൈസ്കൂളുകൾ അധികവും മലബാറിലാണു നിശ്ചയിച്ചിരിക്കുന്നതു്. ആകെ 85 ഹൈസ്കൂളുകൾ തുറക്കുന്നതിൽ 55 എണ്ണം മലബാറിലാണ്. കണ്ണൂർ ജില്ലയിൽ ഒരു ട്രെയിനിംഗ് കോളേജും കോഴിക്കോട്ട് ഒരു ഫിസിക്കൽ എഡ്യുക്കേഷൻ ട്രെയിനിംഗ് കോളേജും കാസർക്കോട്ട് ഒരു ആർട്ട്സ് കോളേജും തുറക്കുവാൻ തീരുമാനിച്ചിരിക്കുന്നു. തിരു-കൊച്ചി വിഭാഗത്തു വിദ്യാർത്ഥികൾക്കുള്ള എല്ലാ ആനുകൂല്യങ്ങളും മലബാർ ഭാഗത്തേക്കുകൂടി വ്യാപിപ്പിക്കുന്നതാണ്. അപ്പർ പ്രൈമറി ഘട്ടംവരെ വിദ്യാഭ്യാസം സൗജന്യമാക്കിക്കഴിഞ്ഞിട്ടുണ്ട്. ഇന്നു ഫീസ് സൗജന്യങ്ങൾ ലഭിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്കും എൻ ജി ഓ സന്താനങ്ങൾക്കും പുറമേ എല്ലാ സമുദായത്തിലുംപെട്ട സാധുവിദ്യാർത്ഥികൾക്കുകൂടി ഹൈസ്കൂൾ ക്ലാസുകളിൽ ഫീസ് സൗജന്യം നൽകണമെന്നു് ഗവമ്മെണ്ടു് ആഗ്രഹിക്കുന്നു. പ്രതിവർഷം (1200) ആയിരത്തി ഇരുനൂറു ഉറുപ്പികയിൽ താഴെ വരുമാനമുള്ള മാതാപിതാക്കന്മാരുടെ സന്താനങ്ങൾക്കു ഫീസ് സൗജന്യം നൽകാൻ ഗവമ്മെണ്ടു് തീരുമാനിച്ചിരിക്കുന്നു. ഈ അദ്ധ്യയനവർഷത്തിൽ നാലാം ഫോറത്തിൽ പഠിക്കുന്ന ഇത്തരം വിദ്യാർത്ഥികൾക്കു് ഈ ആനുകൂല്യം ലഭിക്കുന്നതാണ്.

ഈ പ്രസംഗഭാഗത്തിൽ വിഭാവന ചെയ്തിട്ടുള്ള പ്രധാനകാര്യങ്ങൾ 1. വിദ്യാഭ്യാസത്തിൻെറ നിലവാരമുയർത്തുന്നതിനു സഹായകമാകത്തക്കവണ്ണം അദ്ധ്യാപകശമ്പളം വർദ്ധിപ്പിക്കുകയും ഏകീകരിക്കുകയും ചെയ്യുക, ഒരു പെൻഷൻ പദ്ധതി ആവിഷ്കരിക്കുക; 2. അദ്ധ്യാപകശമ്പളം ഗ്രാൻറായി വാങ്ങി വിതരണം ചെയ്യുന്ന ചുമതലയിൽനിന്നു മാനേജുമെൻറുകളെ ഒഴിവാക്കി അദ്ധ്യാപകന്മാർക്കു ഗവമ്മെണ്ടു് ശമ്പളം നേരിട്ടു കൊടുക്കുക, അദ്ധ്യാപകനിയമനം സംബന്ധിച്ച പുതിയ വ്യവസ്ഥകൾ ഉൾക്കൊള്ളുന്ന ഒരു ബില്ല് അവതരിപ്പിക്കുക; 3. ഒരു ക്രമീകൃതപദ്ധതി അനുസരിച്ച് ഷിഫ്ട് സമ്പ്രദായം നിർത്തലാക്കുക; 4. പ്രാഥമികവിദ്യാഭ്യാസം ഗവമ്മെണ്ടു് ഏറെറടുക്കണമെന്ന നിവേദനം ലഭിച്ചിരിക്കുകകൊണ്ടും അദ്ധ്യാപകശമ്പളം ഗവമ്മെണ്ടു കൊടുക്കുന്നതുകൊണ്ടും വിദ്യാലയങ്ങളുടെ മുഴുവൻ നിയന്ത്രണം ഗവമ്മെണ്ടു ഏറെറടുക്കത്തക്കവണ്ണമുള്ള അധികാരം ബില്ലുവഴിയായി വ്യവസ്ഥചെയ്യുക; 5. വിദ്യാർത്ഥികൾക്കു ഉച്ചഭക്ഷണം, ഫീസ്സിളവു മുതലായ ആനുകൂല്യങ്ങൾ സ്റ്റേററു മുഴുവനും ഒരുപോലെ നൽകുക, എന്നിവയാകുന്നു. ഒററനോട്ടത്തിൽ ഈ വിശകലനവും വ്യവസ്ഥകളും വളരെ ഭംഗിയായി ഇണക്കിവച്ചിട്ടുള്ളതായി കാണാം. പക്ഷെ, ഒരു കമ്മ്യൂണിസ്റ്റ് പാർട്ടിക്കു സ്വതസിദ്ധമായ നൂലാമാലകളുടെയെല്ലാം ചരടുകൾ അതിൽ ഭംഗിയായിത്തന്നെ കോർത്തിണക്കിയിട്ടുണ്ട്. നിഗൂഢമായും പൊതുജനങ്ങളുടെ അമർഷത്തേയും എതിർപ്പിനെയും സാന്ത്വനപ്പെടുത്തിയും വിഭാഗങ്ങളെ തമ്മിൽ ഭിന്നിപ്പിച്ചും സ്വേച്ഛാധികാരം കൈയടക്കുന്ന ആ കമ്മ്യൂണിസ്റ്റ് പാരമ്പര്യകൗശലത്തരമാണ് ഇവിടെയും എടുത്തു പ്രയോഗിച്ചിരിക്കുന്നതു്. അദ്ധ്യാപകശമ്പളം വർദ്ധിപ്പിക്കുന്നതും പ്രൈവററുസ്കൂൾ അദ്ധ്യാപകർക്കു ഏതെങ്കിലും തരത്തിലുള്ള പെൻഷൻപദ്ധതി വിഭാവനം ചെയ്യുന്നതും ആരേയും ആനന്ദിപ്പിക്കുന്നതാണ്. ആ ആനന്ദപ്രകർഷത്തിനിടയിലൂടെ സംസ്ഥാനത്തുള്ള എല്ലാ സ്വകാര്യമാനേജുമെൻറുകളേയും രംഗത്തുനിന്നു പുറത്താക്കത്തക്കവണ്ണം അവരുടെമേൽ അനുചിതമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന വ്യവസ്ഥകൾ തള്ളിക്കടത്തിയിരിക്കുന്നു. ഉടനെ വരുന്ന സി പി ഇവിടെ ഇറക്കുമതി ചെയ്ത ഷിഫ്ട് സമ്പ്രദായം [illegible]ള്ള ഒരു വാഗ്ദാനം. ഇതെല്ലാവർക്കും സ്വാഗതാർഹമായ ഒരു വ്യവസ്ഥതന്നെ. പക്ഷെ അടുത്തപടി കമ്മ്യൂണിസ്റ്റ് സ്വേച്ഛാധിപത്യത്തിനു യോജിച്ച വിധത്തിൽ പ്രൈവററു വിദ്യാലയങ്ങളെയെല്ലാം കൈയടക്കുന്നതിനുള്ള ബോംബു പ്രയോഗമാണ്. വിദ്യാർത്ഥികൾക്കു ചില ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്തു ഈ ഭാഗം ഭംഗിയായി അവസാനിപ്പിക്കുകയും ചെയ്തിരിക്കുന്നു.

കേരളത്തിലെ പൊതുജനങ്ങളുടേയും അവരുടെ പ്രതിനിധികളായ നിയമസഭാംഗങ്ങളുടേയും ഗൗരവമായ പരിചിന്തനത്തിനു് ഗവമ്മേണ്ടിൻെറ വിനാശകരമായ ഈ നയവ്യതിയാനത്തെ ഒരിക്കൽക്കൂടി ഞങ്ങൾ വിഷയമാക്കുകയാണു്. ഭാവിതലമുറയുടെ ശോഭനമായ പരിശീലനത്തേയും, ആർഷഭാരതത്തിൻെറ പ്രഖ്യാതമായ സംസ്കാരപരിരക്ഷണത്തേയും, ഇവിടത്തെ ന്യൂനപക്ഷങ്ങളോടുള്ള സഹിഷ്ണതാമനോഭാവത്തേയും പുലർത്തണമെന്നു ആത്മാർത്ഥമായി അഭിലഷിക്കുന്ന ഓരോ പൗരനോടും ഞങ്ങൾക്കു ബോധിപ്പിക്കുവാനുള്ളതു് ഇതുമാത്രമാണ്: നിരീശ്വരപരവും മതവിരുദ്ധവുമായ സിദ്ധാന്തങ്ങളോടും ലോകവിപ്ലവത്തിനും സ്വേച്ഛാധിപത്യത്തിനുമുള്ള ലക്ഷ്യങ്ങളോടുംകൂടി പ്രവർത്തിച്ചുപോരുന്ന ഒരു രാഷ്ട്രീയപാർട്ടിയുടെ ഇംഗിതത്തിനു വിദ്യാഭ്യാസത്തിൻെറ സകല ചുമതലയും ഇട്ടെറിഞ്ഞുകൊടുത്താൽ, അതു് തീർത്താൽതീരാത്ത നാശഫലങ്ങളുളവാക്കുമെന്നുള്ള വസ്തുത സമുദായമാത്സര്യത്തിൻേറയോ കുടിവഴക്കുകളുടേയോ നിഴലിൽ വിസ്മരിച്ചു ആത്മനാശത്തിനു വഴിതെളിക്കരുതേ. സ്വകാര്യഏജൻസികളെ നിരുത്സാഹപ്പെടുത്തുകയും, അവരെ തേജോവധം ചെയ്യുകയും ചെയ്തുകൊണ്ടു വിദ്യാഭ്യാസത്തിൻെറ മുഴുവൻ ഉത്തരവാദിത്വവും ഒരു രാഷ്ട്രീയപാർട്ടിക്കു കൈയൊഴിയുന്നതു എത്രമാത്രം അസ്വീകാര്യവും ആത്മഹത്യാപരവുമാണെന്നു പൊതുജനങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കേണ്ടതാണ്.

## പ്രസാധകക്കുറിപ്പുകൾ

### ഇൻറർ നാഷനൽ തൊഴിലാളി സംഘടന

അന്തർദ്ദേശീയ തൊഴിലാളി കോൺഫറൻസിൻെറ 40-ാമതു സമ്മേളനം ഇപ്പോൾ ജനീവായിൽ നടന്നുകൊണ്ടിരിക്കുകയാണല്ലോ. തൊഴിലാളിസംഘടനകളുടെ നിലയെപ്പററി ചില വസ്തുതകൾ അറിയുന്നതു് ഇത്തരുണത്തിൽ എല്ലാവർക്കും ഉപകാരപ്രദമായിരിക്കും. തൊഴിലാളിവിഭാഗത്തിൻെറ ഉന്നമനത്തിൽ ദത്താവധാനരായവർക്കു അവരുടെ പ്രവർത്തനപരിപാടികളെ പരിശോധിക്കുന്നതിനും, തൊഴിലാളികൾക്കു സാക്ഷാത്തായ അഭിവൃദ്ധിമാർഗ്ഗങ്ങളെ അനുഗമിക്കുന്നതിനും അതു പ്രചോദനം നൽകുന്നതാണ്.

ജനീവായിൽനിന്നും പ്രസിദ്ധീകൃതമായ അന്തർദ്ദേശീയ തൊഴിലാളിസംഘടന (ഐ. എൽ. ഓ.) യുടെ റിപ്പോർട്ടിൽ പറയുന്നതു്, ജാതിമതാദിഭേദചിന്തയില്ലാതെ എല്ലാവർക്കും തൊഴിലവസരങ്ങൾ നൽകുന്ന പ്രവണത 1944 മുതൽ കാണുമാറുണ്ടു് എന്നാണ്. ഈ വിഷയത്തിൽ കൂടുതൽ പുരോഗതി ഉണ്ടാവാൻ സഹായകമായ ചില നടപടികൾ ഐ. എൽ. ഒ. ശുപാർശ ചെയ്യുന്നുമുണ്ട്. മുൻപറഞ്ഞ പ്രവണതയിൽ നിഴലിക്കുന്നതു് അധികവും പൊതുജനാഭിപ്രായത്തിൽ വന്നിട്ടുള്ള പരിവർത്തനമാണ്. എന്നാൽ പല രാജ്യങ്ങളിലും നിലവിലുള്ള അനുകൂലതരമായ തൊഴിലവസരസ്ഥിതികൾ ഈ പ്രവണതയ്ക്കു സഹായകമായിട്ടുണ്ട്. ഗവമ്മെൻറു് സർവ്വീസിലും ഗവമ്മെൻറു് നിയന്ത്രണത്തിലുള്ള എല്ലാ തൊഴിൽമണ്ഡലങ്ങളിലും ഗവമ്മെൻറുകൾ വിവേചനാരഹിതമായ നയം സ്ഥാപിക്കുക എന്നതാണ് തൊഴിലിൽ സമത്വം പുരോഗമിപ്പിക്കാനുള്ള ഒന്നാമത്തെ പടി. നേരിട്ട ഗവമ്മെൻറിൻെറ കീഴിലല്ലെങ്കിലും രാഷ്ട്രത്തിൻെറ പണച്ചെലവുകളുടെ ഫലമായുണ്ടാകുന്ന തൊഴിലുകളിലും വിവേചനരാഹിത്യം ഗവർമ്മെൻറുകൾക്കു നിർബന്ധിക്കാവുന്നതാണല്ലോ. അമ്മാതിരി നയം അമേരിക്കൻ ഗവമ്മെൻറു് സ്വീകരിച്ചിട്ടുണ്ട്. വിവേചനപരമായ നടപടികളുടെ അന്യായത ബോദ്ധ്യമാക്കുവാൻ തൊഴിലുടമസംഘടനകളുടേയും ട്രേഡ് യൂണിയനുകളുടേയും പിന്തുണയും സമഗ്രമായ വിദ്യാഭ്യാസപരിപാടിയും വേണമെന്നു റിപ്പോർട്ടു ആവശ്യപ്പെട്ടിരിക്കുന്നു.

× × ×

### അമേരിക്കൻ എണ്ണക്കമ്പനികളുടെ മാതൃക

എസ്സോ സ്റ്റാൻഡാർഡ് ഓയിൽ കമ്പനിയിലെ 27,000 തൊഴിലാളികളിൽ 20,000 പേരും അതിൻെറ മാതൃസ്ഥാപനമായ സ്റ്റാൻഡാർഡ് ഓയിൽ കമ്പനിയുടെ സ്റ്റോക്കുള്ളവരാണെന്നു് പ്രസ്തുത കമ്പനി റിപ്പോർട്ടുചെയ്യുന്നു. അതിൽ ഒരു തൊഴിലാളിക്കു ശരാശരി 95 ഷെയറുണ്ടു്. ഇപ്പോഴത്തെ വിപണിരക്കിൽ അവയുടെ വില ഏകദേശം ആറായിരം ഡോളറാണ്. ഇതിൽനിന്നു പ്രതിവർഷം കിട്ടുന്ന ഡിവിഡണ്ടു് ഏകദേശം 200 ഡോളർ വരും. എസ്സോ തൊഴിലാളികൾക്കാകെക്കൂടിയുള്ള ഓഹരികൾക്കു് ഇപ്പോഴത്തെ വിലനിരക്കിൽ ഏകദേശം 11 കോടി ഡോളർ വിലവരുന്നുണ്ടു്. ന്യൂജേഴ്സിയിലെ സ്റ്റാൻഡാർഡ് ഓയിൽ കമ്പനിയുടെ പ്രധാനപ്പെട്ട ഒരു വിഭാഗമാണ് എസ്സോ സ്റ്റാൻഡാർഡ് കമ്പനി. എസ്സോവിൻെറ മിച്ചനിക്ഷേപപദ്ധതിയിലൂടെ, അതിൻെറ ജോലിക്കാർക്കു് യുക്തമെന്നു തോന്നുന്നവിധം മാതൃസ്ഥാപനത്തിൻെറ ഓഹരികൾ വാങ്ങാവുന്നതാണ്. അവർക്കു സ്വന്തം കണക്കിൽ ഓഹരികൾ വാങ്ങുകയോ വില്ക്കുകയോ ചെയ്യാം. ഇങ്ങനെ സ്റ്റാൻഡാർഡ് കമ്പനികളുടെ വിജയവും വളർച്ചയും അവർ പങ്കുവച്ചനുഭവിച്ചു വരികയാണെന്നു് എസ്സോ സ്റ്റാൻഡാർസിൻെറ പ്രസിഡണ്ടായ സ്റ്റാൻലി സി. ഹോപ് പറയുകയുണ്ടായി. തൊഴിലാളികളുടെ നില ഉയർത്തുന്നതിനും അവർക്കു് കമ്പനിയിൽ ഷെയറുകൾ നൽകി അതിൻെറ പ്രവർത്തനത്തിൽ ഭാഗഭാഗിത്വം നൽകുന്നതിനുമുള്ള ഈ പദ്ധതി സാമൂഹികതിരുവെഴുത്തുകളിൽ പരിശുദ്ധമാർപ്പാപ്പാമാർ ഉൽബോധിപ്പിച്ചിട്ടുള്ളതാണെന്നുള്ളതു് സ്മർത്തവ്യമാണ്.

× × ×

### സ്വതന്ത്രരാജ്യയൂണിയനുകളിൽ കമ്മ്യൂണിസ്റ്റുകൾ പരാജയപ്പെടുന്നു

ജർമ്മൻ ഫെഡറൽ റിപ്പബ്ലിക്ക്, ഐസ്‌ലണ്ട്, മെക്സിക്കോ എന്നീ സ്വതന്ത്രരാജ്യങ്ങളിൽ കമ്മ്യൂണിസ്റ്റ് ശക്തി അടിക്കടി ക്ഷയിച്ചുകൊണ്ടിരിക്കുകയാണെന്നു് ഐ സി എഫ് ററി യു എന്ന സാർവ്വദേശീയ സ്വതന്ത്രട്രേഡു് യൂണിയൻ സംഘടന റിപ്പോർട്ടു

ചെയ്തിരിക്കുന്നു. മുമ്പ് കമ്മ്യൂണിസ്റ്റ് കോട്ടയായിരുന്ന റസ്സൽസ്ഹിം എന്ന സ്ഥലത്തെ ഒപ്പേൽ കാർ കമ്പനിയിലെ തൊഴിലാളി കൗൺസിലിൽ എട്ടു സ്ഥാനം കൂടി കമ്മ്യൂണിസ്റ്റുകാർക്കു നഷ്ടപ്പെട്ടു. 80 അംഗങ്ങളുള്ള കൗൺസിലിൽ ഒററകമ്മ്യൂണിസ്റ്റ് മാത്രമേ ഇപ്പോഴുള്ളൂ. ലെവെകൃസ്സനിലെ ബെയർ കെമിക്കൽ പ്ലാൻറിലെ തൊഴിലാളികൗൺസിലിൽ കമ്മ്യൂണിസ്റ്റുകാർക്കു് എല്ലാ സീററും നഷ്ടപ്പെട്ടിരിക്കുന്നു. ഹാംബെർഗ്ഗിലെ ഷിപ്പ്യാർഡിലെ തൊഴിലാളികൗൺസിലിൽ കമ്മ്യൂണിസ്റ്റുപാർട്ടിക്കു് ഏഴു സീററും ഡോർട്ട്മണ്ടിലെ ഉരുക്കുയന്ത്രശാലയിലെ കൗൺസിലിൽ 12 സീററും നഷ്ടമായി. ഐസ്ലണ്ടിലെ മോട്ടോർ മെക്കാനിക്സ് യൂണിയൻ ഇരുപതു വർഷമായി കമ്മ്യൂണിസ്റ്റധീനമായിരുന്നു. അതിൻെറ എക്സിക്യൂട്ടീവ് കമ്മററിയിലെ കമ്മ്യൂണിസ്റ്റ് അംഗങ്ങളുടെ സംഖ്യ ഇപ്പോൾ അഞ്ചിൽനിന്നു് ഒന്നായി കുറഞ്ഞുപോയി എന്നു് ഐ സി എഫ് ററി യു പറയുന്നു. ഐസ്ലണ്ടിലെ പ്ലംബേഴ്സ് യൂണിയൻെറ എക്സിക്യൂട്ടീവ് കമ്മററിയിലും കമ്മ്യൂണിസ്റ്റ് അംഗസംഖ്യയിൽ ഇതുപോലെ കുറവുണ്ടായിട്ടുണ്ടു്. മെക്സിക്കോവിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ജനറൽ സെക്രട്ടറി ഡയണിഷ്യോ എൻസിനാ കഴിഞ്ഞ ജനുവരിയിൽ വമ്പുപറഞ്ഞു, തൻെറ പാർട്ടിക്കു് 75,000 അംഗങ്ങളുണ്ടെന്നു്. എന്നാലിപ്പോൾ അംഗസംഖ്യ ആകെക്കൂടി 40,000ത്തിൽ കൂടുതൽ വരികയില്ലെന്നു് അദ്ദേഹംതന്നെ സമ്മതിക്കുന്നു. കമ്മ്യൂണിസ്റ്റ് നിയന്ത്രണത്തിൻെറ അനുഭവങ്ങൾ സ്വയം മനസ്സിലാക്കിയവരാണു്, ഓരോ രാജ്യത്തും ഇപ്പോൾ പാർട്ടിയോടു സലാം പറഞ്ഞു പിരിയുന്നതു്. പുറമേയുള്ളവർക്കു കണ്ടു മനസ്സിലാക്കുന്നതിനുള്ള ഒരു ഗുണപാഠമാണു് അതിൽ അടങ്ങിയിരിക്കുന്നതു്. തൊഴിലാളികളെ വ്യാമോഹിപ്പിക്കുന്നതിനും കബളിപ്പിക്കുന്നതിനും കമ്മ്യൂണിസ്റ്റുകാർ ചെയ്യുന്ന വേലത്തരങ്ങൾ അവർ വേണ്ടസമയത്തു മനസ്സിലാക്കാത്തതുകൊണ്ടു് അനേകംപേർ അവയുടെ ദാരുണാനുഭവങ്ങൾ സഹിച്ചശേഷമാണു് കത്തവ്യ ബോധമുള്ളവരായിത്തീരുന്നതു്. ഈ യാഥാർത്ഥ്യം തൊഴിലാളികൾ വേണ്ടസമയത്തു മനസ്സിലാക്കിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു!

—o—

### ജപാപ്പസ്തോലസഖ്യത്തിൻെറ ജൂൺമാസത്തെ പൊതുനിയോഗം

"ക്രിസ്തുനാഥൻെറ കരുണാമസൃണമായ സ്നേഹം മനസ്സിലാക്കി, യഥാർത്ഥമായ പരിഹാരപ്രവൃത്തികളിലേക്കു വിശ്വാസികൾ ആനീതരാകുന്നതിനു്."

### വേദപ്രചാരനിയോഗം

"സ്കാൻറിനേവിയൻ രാജ്യങ്ങൾ തിരുസഭാ ഐക്യത്തിലേക്കു തിരിച്ചുവരുന്നതിനു്."

## അടുത്തയാഴ്ചയിൽ

ജൂൺ

13 വ്യാ: വി. അന്തോനി പാദുവാ

14 വെ: വി. ബാസിൽ

15 ശ: വി. മൊദേസ്തൂസ്

16 ഞാ: ത്രി. ത്രിത്വത്തിൻെറ തിരുനാൾ

17 തി: വി. ഉർബാനോസ്

18 ചൊ: വി. മർക്കോസും മർസെല്ലീനോസും

19 ബു: വി. ഗർവ്വാസീസും പ്രൊത്താസീസും

Book Review

## THE SOUL OF THE APOSTOLATE

(By Dom Chautard, O. C. R.; translated by Rev. J. A. Moran, S. M. — A New Revised Edition of M. H. Gill and Son Ltd., 50 Upper O'Connel Street, Dublin — Price 8 s. 6 d.)

The book under review is a new revised edition of the celebrated treatise of Dom Chautard, published by M. H. Gill & Son Ltd. 1957. The merits of the book is too well known to be expatiated upon. For nearly half a century, it has meritoriously served its noble purpose wherever it has been circulated. As the author himself has expressed in concise words, the book is intended "to reach the soldiers of Christ, who full of zeal and ardour for their noble mission, might by the very activity they display, run the risk of not being above all, man of interior life". For an active Apostle, whether he be priest or lay-man, the great problem always has been and always will be how to combine outward activities with a truely interior life of Grace. The Soul of the Apostolate Presents a real solution to this problem. Pope Pius X says:—"If you desire that God should bless your apostolate and make it fruitful, undertake everything for His glory, saturate yourself and your devoted fellow-workers with the spirit of Jesus Christ, animating yourself and them with an intense interior life. To this end, I can offer you no better guide than "The Soul of the Apostolate" by Dom Chautard, Cistercian Abbot. I warmly recommend this book to you, as I value it very highly, and have myself made it my bedside book". This testimony of a Pontiff and a Saint speaks by itself about the great value of the book. The new edition is very well set and exquisitely got up in nearly 250 pages and is served at a moderate price.

(J. P. V)

(12-ാംപേജ് തുടർച്ച)

കാലചക്രം ഇടതടവില്ലാതെ കറങ്ങിക്കൊണ്ടിരുന്നു. അദ്ധ്വാനിക്കുന്ന തൊഴിലാളികൾ പലതും ചിന്തിക്കാൻ തുടങ്ങി. അവരുടെ പല മക്കളും വിദ്യാഭ്യാസമുള്ളവരായിത്തീർന്നു. അവർ പല പുസ്തകങ്ങളും പത്രമാസികകളും വായിക്കുവാൻ തുടങ്ങി. കാറൽ മാർക്സിൻെറയും, ലെനിൻെറയും, സ്റ്റാലിൻെറയും പ്രവർത്തനപരിപാടികളടങ്ങിയ കമ്മ്യൂണിസ്റ്റ് പുസ്തകങ്ങളും അവർ വായിച്ചു. അവർക്കു മനസ്സിലായി കമ്മ്യൂണിസ്റ്റ് രാജ്യങ്ങളിൽ സംഘടിക്കാനും സ്വാതന്ത്ര്യമനുഭവിപ്പാനും സാദ്ധ്യമല്ലെന്നുള്ള പരമാർത്ഥം. അവർ തൊഴിലാളി സംഘടനകളിൽ കമ്മ്യൂണിസ്റ്റ് സിദ്ധാന്തങ്ങൾ വിശദീകരിക്കുവാൻ തുടങ്ങി. പാർട്ടിയിലെ നേതാക്കന്മാരോടു വിശദാംശങ്ങളെപ്പററി തുറന്നു ചോദിച്ചുതുടങ്ങി. കമ്മ്യൂണിസ്റ്റുകാർ വാഗ്ദാനം ചെയ്ത പറുദീസ ഏതായിരുന്നുവെന്നു തൊഴിലാളികൾ മനസ്സിലാക്കി. കമ്മ്യൂണിസ്റ്റ് സഖാക്കൾക്കു നില്ക്കക്കള്ളിയില്ലാതായി. തൊഴിലാളികളുടെ ഒനെരാശ്യത്തിൽനിന്നും, വഞ്ചിതരായെന്ന അപമാനബോധത്തിൽനിന്നും മുളയെടുത്ത പ്രതികാരവഹ്നി ഭീജനകമായിരുന്നു. സഖാക്കളെല്ലാം രാവോടുരാവു് പമ്പകടന്നു. അക്കൂട്ടത്തിൽ ജെയിംസും. നിർദ്ധനനും നിരാധാരനുമായ ജെയിംസിനെ കബളിപ്പിച്ചു് ഉണ്ടായിരുന്ന പണവും തട്ടിയെടുത്തു നളിനി മറെറാരു സഖാവിൻെറകൂടെ നാടുവിട്ടു. ജെയിംസിൻെറ വികാരങ്ങൾ വിഷജ്വാലകളായി മാറി. അവൻ രാവും പകലും ചിന്താഗ്രസ്തനായി. ലോകത്തുള്ള സകലരോടും പ്രതികാരം ചെയ്യണമെന്ന ആവേശമായി. പക്ഷെ അവനെ ആരു വകവെക്കാനാണു്. പണമില്ല; അനുയായികളില്ല; പൊളിഞ്ഞ പാർട്ടിയുടെ പുറംതള്ളപ്പെട്ട നേതാവു്!

എങ്കിലും മേരിയുടെ പ്രാർത്ഥനകൾ അയാൾക്കുവേണ്ടി ഇടതടവില്ലാതെ ദൈവസന്നിധിയിലേക്കു് ഉയരുന്നുണ്ടായിരുന്നു. അയാളിൽ ചില ഭാവഭേദങ്ങളുണ്ടായി. ചിന്താമഗ്നനായി അലഞ്ഞുതിരിയുന്ന അയാളെ ഒരു ദിവസം പള്ളിയിലെ വികാരിയച്ചൻ കണ്ടുമുട്ടി അദ്ദേഹത്തിൻെറ പൈതൃകമായ ഉപദേശങ്ങൾ നിരാശനായ അയാളിൽ പ്രത്യാശയുണ്ടാക്കി. ദൈവത്തോടു മാപ്പിരന്നു ഒരു നല്ല പാപസങ്കീർത്തനം കഴിച്ചു് അയാൾ ഹൃദയശാന്തത വീണ്ടെടുത്തു. അച്ചനോടുകൂടി മേരിയുടെ വീട്ടിലേക്കു ആ അനുതാപചിത്തൻ യാത്രയായി. അവിടെ മേരിയും കുട്ടികളും അവളുടെ പിതാവും, വന്നതെല്ലാം മറന്നു സ്നേഹപൂർവ്വം അയാളെ സ്വീകരിച്ചു. മേരിയുടെ നീറുന്ന ഹൃദയത്തുടിപ്പുകൾക്കാശ്വാസം ലഭിച്ചു. ജെയിംസിൻെറ പരിവർത്തനം പലരുടേയും കണ്ണു തുറപ്പിച്ചു എന്നു പറയേണ്ടല്ലോ.


# വിവിധവൃത്താന്തങ്ങൾ

### കർദ്ദിനാൾ വിഷിൻസ്കി സ്ഥാനചിഹ്നം സ്വീകരിക്കുന്നു

ഔദ്യോഗിക സന്ദർശനാർത്ഥം റോമിലെത്തിയിരിക്കുന്ന പോളണ്ടിലെ പ്രൈമേററായ അത്യുന്നത കർദ്ദിനാൾ വിഷിൻസ്കി തിരുമേനി പരിശുദ്ധ മാർപ്പാപ്പായിൽനിന്നു അനാഡംബരമായ ഒരു ചടങ്ങോടുകൂടി കർദ്ദിനാളിൻെറ സ്ഥാനചിഹ്നമായ ചുവന്ന തൊപ്പി സ്വീകരിച്ചിരിക്കുന്നു. നാലുകൊല്ലവും നാലു മാസവും മുമ്പു സ്വീകരിക്കേണ്ടിയിരുന്ന ഈ സ്ഥാനചിഹ്നം പോളണ്ടിലെ കഴപ്പങ്ങൾമൂലം ഇപ്പോൾ മാത്രമാണു് സ്വീകരിക്കുവാൻ സാധിച്ചതു്. പോളണ്ടിലെ സ്ഥിതിഗതികൾ ഇനിയും പൂർണ്ണമായ ഒരു സമാധാനത്തിൽ എത്തിച്ചേർന്നിട്ടില്ല. ഗവമ്മേണ്ടിനു ഗത്യന്തരമില്ലാതെ കുറെ സ്വാതന്ത്ര്യങ്ങൾ അനുവദിക്കുന്നു എന്നു മാത്രമേ മനസ്സിലാക്കേണ്ടതുള്ളൂ. അവിടത്തെ കമ്മ്യൂണിസ്റ്റ് ഭരണമേധാവിയായ മി. ഗൊമുൽക്കാ പോഷിഷ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ സെൻട്രൽ കമ്മററി ഉൽഘാടനം ചെയ്ത അവസരത്തിൽ ഈയിടെ പ്രസ്താവിച്ചതിപ്രകാരമാണു്:- "നമ്മുടെ പാർട്ടി വൈരുദ്ധ്യാത്മകമായ മറീരിയലിസത്തിൻെറ ശാസ്ത്രീയമായവീക്ഷണത്തിൽ അടിയുറപ്പിച്ചിട്ടുള്ളതാണെന്നുള്ള വസ്തുത ഞാൻ ഊന്നിപ്പറയണമെന്നില്ലല്ലോ. സഭയുടെ ആശേപരമായ വീക്ഷണഗതി അതിൽനിന്നുവിരുദ്ധമായിട്ടുള്ളതാണു്. എന്നാൽ പാർട്ടിയുടെ സഭയുമായുള്ള തക്കം വിശ്വാസികളിൽ അനേകലക്ഷങ്ങളെ ഗവമ്മേണ്ടിനെതിരായി തിരിക്കുകയും സോഷ്യലിസത്തിൽനിന്നു അകന്നുപോകുന്നതിനു കാരണമാവുകയും ചെയ്തു എന്നുള്ള വസ്തുത പാർട്ടിക്കു ഗൗനിക്കാതെ തരമില്ലെന്നായി. ഈ സ്ഥിതിവിശേഷം നാം മാറേറണ്ടതാവശ്യമാണു്." ഏതാദൃശമായ ഒരു സമ്മർദ്ദം കൊണ്ടു മാത്രമാണു് ഗൊമുൽക്കായും കമ്മ്യൂണിസ്റ്റ് പാർട്ടിയും സഭയ്ക്കു അവിടെ പരിമിതമായ ചില സ്വാതന്ത്ര്യങ്ങൾ അനുവദിച്ചിരിക്കുന്നതു്. ഒരു താൽക്കാലിക ഉടമ്പടിയും ഇക്കാര്യത്തിൽ ഉണ്ടായിട്ടുണ്ടു്.

### പോളണ്ടിനെപ്പററി തിരുവെഴുത്തു്

പോളണ്ടിൻെറ ധീരരക്തസാക്ഷിയായ വിശുദ്ധ അന്ത്രയോസ് ബൊബോവാലായുടെ ചരമത്തിൻെറ 300-ാം വാർഷികം പ്രമാണിച്ചു് പരിശുദ്ധ മാർപ്പാപ്പാ "ഇൻവിക്തി അത്ത്ലേത്തെ ക്രിസ്തി"—ക്രിസ്തുവിൻെറ അജയ്യസേനാനികൾ—എന്നാരംഭിക്കുന്ന ഒരു തിരുവെഴുത്തു പരസ്യം ചെയ്തിരിക്കുന്നു. ഒരു ജെസ്വീററു സഭാംഗമായിരുന്ന സിദ്ധൻ 1657 മേയ് 16-ാം തീയതിയാണു് രക്തസാക്ഷി മകുടം ചൂടിയതു്. തിരുവെഴുത്തിൽ പരിശുദ്ധ പിതാവു് ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:- "അപകടങ്ങളെ ഭയപ്പെടാതേയും ദൈവസ്നേഹത്താൽ പ്രോജ്ജ്വലനായും വിശുദ്ധ അന്ത്രയോസ് 17-ാം നൂററാണ്ടിലെ റഷ്യൻ കൊസ്സാക്കു് അക്രമികളുടെ കയ്യേററങ്ങൾക്കെതിരായി സമരരംഗത്തേക്കു മുന്നേറുകയുണ്ടായി. ഉജ്ജ്വലത്തായ അദ്ദേഹത്തിൻെറ നേതൃത്വം നിങ്ങൾ അനുഗമിക്കുക. വഞ്ചകരായ നിങ്ങളുടെ പ്രതിയോഗികൾക്കെതിരായി നിങ്ങളുടെ വിശ്വാസത്തെ നിങ്ങൾ സംരക്ഷിക്കുക. നിങ്ങളുടെ ആചാരക്രമങ്ങൾ ആ വിശ്വാസത്തോടു കൂടുതൽ സാധർമ്മ്യം വഹിക്കുന്നതാക്കിത്തീർക്കുക. പോളണ്ടിൻെറ പ്രശസ്തമായ മാഹാത്മ്യം അതിൻെറ ചിരന്തനമായ വിശ്വാസദാർഢ്യമായിരുന്നു എന്നനുസ്മരിച്ചുകൊണ്ടു് കഴിവുള്ളിടത്തോളം തെററിപ്പോയിരിക്കുന്നവരെ സത്യത്തിലേക്കു തിരിച്ചുകൊണ്ടുവരുവാൻ പരിശ്രമിക്കുക.....രാജ്യങ്ങൾതമ്മിൽ സമാധാനമുണ്ടാകുന്നതിനും അതു അഭിവൃദ്ധിപ്പെടുന്നതിനും മാനവസമുദായത്തിൻെറയഥാർത്ഥമായസുസ്ഥിതിക്കു അത്യന്താപേക്ഷിതമായ തിരുസഭയുടെ അവകാശങ്ങൾ എല്ലാസ്ഥലങ്ങളിലും അംഗീകരിക്കപ്പെടുന്നതിനും, നൈയാമികമായും സൗമനസ്യത്തോടും അവയ്ക്കു ഉറപ്പുനൽകപ്പെടുന്നതിനും നിങ്ങളുടെ പ്രാർത്ഥനകളിൽ നിങ്ങൾ കേണപേക്ഷിക്കുക"



പരേതനായ

തുറവുങ്കൽ തോമ്മാ വറുഗീസ്

എറണാകുളം

മരണം 31-5-1957

ദയാപരനായ ഈശോ, ഈ ആളുടെ ആത്മാവിനു നിത്യാശ്വാസം നൽകേണമെ.

R. I. P.

### ഇംഗ്ലണ്ടിലെ സഭയെപ്പററി മാർപ്പാപ്പാ സന്തോഷിക്കുന്നു

കഴിഞ്ഞ മാസത്തിൽ ഇംഗ്ലണ്ടിലെ അഞ്ചു മെത്രാന്മാർ റോമിലെത്തി പരിശുദ്ധ മാർപ്പാപ്പായെ സന്ദർശിച്ചു അവർക്കനുവദിച്ചതായ സന്ദർശനത്തിൽവച്ചു തിരുമേനി കൃതാർത്ഥനായി അവരോടു പറഞ്ഞതു്, ഇംഗ്ലണ്ടിലെ കത്തോലിക്കാസഭയുടെ പുരോഗതി അവിടത്തെ നിരവധി സങ്കടങ്ങൾക്കിടയിൽ അവിടുത്തേക്കു സന്തോഷത്തെ പ്രദാനംചെയ്യുന്ന ഒന്നാണു് എന്നത്രെ. നോട്ടിംഗ്ഹാമിലെ മെത്രാനായ എല്ലിസ് തിരുമേനിയാണു് അവിടത്തെ വൈദികർക്കായി എഴുതിയ ഒരു കത്തിൽ ഈ വിവരം വെളിപ്പെടുത്തിയതു്. ഇംഗ്ലണ്ടിലെ സ്കൂൾപ്രശ്നം മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു ശരിക്കു മനസ്സിലാക്കിയിരിക്കുന്നു എന്നും പ്രസ്തുത കത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

### പരിശുദ്ധ സിംഹാസനത്തിലേക്കുള്ള പ്രതിനിധിയെ മാടമ്പിയാക്കി

പരിശുദ്ധ സിംഹാസനത്തിലേക്കുള്ള ബ്രിട്ടീഷ് മിനിസ്റ്ററായി മി. മാർക്കസ് ചെക്കോ നിയമിതനായിരിക്കുന്നു. അദ്ദേഹം ഔദ്യോഗികമായി വിടവാങ്ങി റോമിലേക്കു പോകുവാൻ രാജ്ഞിയെ സന്ദർശിച്ച അവസരത്തിൽ അദ്ദേഹത്തിനു "നൈററു് കമാണ്ടർ ഓഫ് ദി റോയൽ വിക്ടോറിയൻ ഓർഡർ" എന്ന മാടമ്പി ബിരുദവും സ്ഥാനചിഹ്നങ്ങളും നൽകപ്പെട്ടു.

### മെത്രാൻെറ അരമനയിൽ 60 അഭയാർത്ഥികൾ

1906-ൽ ഫ്രാൻസിൽ സഭയും രാഷ്ട്രവും തമ്മിൽ ഭിന്നതയിലായിരുന്നപ്പോൾ ഒരു മെത്രാൻെറ അരമന ഗവമ്മെണ്ടു കണ്ടുകെട്ടി. 50 വർഷത്തിനുശേഷം ഇപ്പോൾ അതു ഗവമ്മെൻറു മെത്രാനു തിരിച്ചുകൊടുത്തിരിക്കുന്നു. മെത്രാൻ തിരുമേനി ഇപ്പോൾ ആ അരമനയുടെ ഒരു ഭാഗം മാത്രം ഉപയോഗിച്ചുകൊണ്ടു് മററു ഭാഗങ്ങൾ 60 അഭയാർത്ഥികൾക്കു താമസിക്കുന്നതിനു വിട്ടുകൊടുത്തിരിക്കയാണു്. ഫ്രാൻസിലെ പ്രസിദ്ധ കത്തോലിക്കാ ദിനപ്പത്രമായ "ലാക്രോയി"യുടെ മാന്യലേഖകനായ മി. ഡാനിയേൽ റോപ്സ് ആണു് ഈ വിവരം റിപ്പോർട്ടുചെയ്തിട്ടുള്ളതു്. മെത്രാൻെറ വിനയശീലത്തെ ആദരിച്ചു് അദ്ദേഹം പേർ വെളിപ്പെടുത്തിയിട്ടില്ല.

### യുവകത്തോലിക്കാ തൊഴിലാളിസംഘടനയുടെ സെൻസസ് ഫലം

യുവകത്തോലിക്കാ തൊഴിലാളി (വൈ സി ഡബ്ളിയു) സംഘടനയിൽനിന്നും വിവിധ രാജ്യങ്ങളിലെ ജനങ്ങളുടെ ഇടയിലുള്ള ആദ്ധ്യാത്മികനിലവാരത്തെ മനസ്സിലാക്കുന്നതിനു ഒരു സെൻസസ് എടുത്തുകൊണ്ടിരിക്കുന്നുണ്ടു്. ഈയിടെ ലണ്ടനിലും ചുററിലുള്ള 30 നഗരങ്ങളിലും 15 നും 24 നും മദ്ധ്യേ പ്രായമുള്ള 8,592 യുവാക്കളെ 1500 സംഘടനാംഗങ്ങൾ സന്ദർശിച്ചു കണക്കെടുക്കുകയുണ്ടായി. ലണ്ടനിലുള്ള സംഘടനാകേന്ദ്രത്തിൽനിന്നും അതിൻെറ ഫലം ഇപ്പോൾ പുറത്താക്കിയിരിക്കുന്നു. ഇത്രയും വിപുലമായ തോതിൽ മതവിശ്വാസത്തെ സംബന്ധിച്ച ഒരു പരിശോധന ഇതിനുമുമ്പു നടന്നിട്ടുണ്ടോ എന്നു സംശയമാണു്. അ

സിനിമാതാരത്തിന്റെ ആത്മകഥാകഥനം

# എന്റെ കുട്ടികളെ ഞാൻ കത്തോലിക്കാ വിദ്യാലയത്തിൽ അയക്കുന്നതെന്തുകൊണ്ടാണെന്നോ?

(ഡെന്നിസ് ഡേ)

ഞാൻ ബ്രോൺക്സിൽ ജനിച്ചു. 1939-ൽ മൻഹട്ടൻ കോളേജിൽ നിന്നു ബിരുദധാരിയായി പുറത്തിറങ്ങി. ഏതുതുറയിലാണ് ഞാൻ ഇനി പ്രവേശിക്കേണ്ടതു്? സംഗീതവാസന എനിക്കു കുറേയുണ്ട്. കോളേജുജീവിതത്തിൽ ചില ചില്ലറ സംഗീതസദസ്സുകൾ വിജയപൂർവ്വം നടത്തിയിട്ടുമുണ്ട്. ഒരു നല്ല സിനിമാക്കമ്പനിയിൽ നടനാകുവാൻ ഞാൻ ആഗ്രഹിച്ചു. പക്ഷെ അതത്ര എളുപ്പമുള്ള ഒരു കാര്യമായിരുന്നില്ല; പ്രത്യേകിച്ചും അക്കാലത്തു്. എന്റെ അടുത്ത അഭിലാഷം ഫോർഡാം യൂണിവേഴ്സിററിയിലെ നിയമവിഭാഗത്തിൽചേർന്നു ഒരു വക്കീലായാലോ എന്നായിരുന്നു. ഏതായാലും സമയം ഒട്ടും കളയുവാനുണ്ടായിരുന്നില്ല. കാരണം ജീവിതപരിതസ്ഥിതികൾ വഷളായിവരികയായിരുന്നു. യൂറോപ്പിൽ യുദ്ധത്തിന്റെ കരിനിഴൽ വീശിയിരുന്നു. എന്റെ രാജ്യത്തിൽ ഭയങ്കരമായ ഒരു ക്ഷാമത്തിന്റെ ലക്ഷണങ്ങൾ പ്രത്യക്ഷപ്പെടാതിരുന്നില്ല. എന്റെ കുടുംബത്തിന്റെ ചുററുപാടുകളും ഒന്നിനൊന്നു ഞെരുക്കത്തിലേക്കു നീങ്ങുകയായിരുന്നു. എന്നിൽ സകല പ്രതീക്ഷകളും വച്ചു ജീവിച്ചിരുന്ന എന്റെ പിതാവിനും മാതാവിനും സഹോദരന്മാക്കും സഹോദരിക്കും എന്റെ ഭാവിവിജയം വളരെ പ്രാധാന്യമർഹിക്കുന്ന ഒരു പ്രശ്നമായിരുന്നു. ജീവിതരംഗത്തിലെ ചില നാല്ക്കവലകൾ യഥാർത്ഥത്തിൽ വിഷമംപിടിച്ചവയാണ്.

എങ്കിലും ഇതു സംഭവിച്ചു. മി. ജാക്ക്ബെന്നിയുടെ എൻ. ബി. സി. കമ്പനിയിൽ ഒരൊഴിവുണ്ടെന്നുള്ള വിവരം പരസ്യംചെയ്യപ്പെട്ടു. അതിലെ പ്രസിദ്ധ ഗായകനായ മി. കെന്നി ബേക്കർ ജോലിവിട്ടു പോവുകയായിരുന്നു. എന്റെ ഭാഗ്യം ഒന്നു പരീക്ഷിക്കണമെന്നു ഞാൻ നിശ്ചയിച്ചു. അപേക്ഷ അയച്ചു. എന്റെ കുടുംബാംഗങ്ങളും സ്നേഹിതരുമെല്ലാം എന്റെ വിജയത്തിനുവേണ്ടി പ്രാർത്ഥിച്ചിരുന്നു. ഈ ആദ്യത്തെ പരീക്ഷണത്തിൽ വിജയിക്കുമെന്നു എത്ര ശ്രമിച്ചിട്ടും എനിക്കു സ്വയം വിശ്വസിക്കുവാൻ വിഷമമായിരുന്നു. തിരിഞ്ഞെടുപ്പിനുള്ള ദിവസം വന്നു. ഞാൻ സ്ററുഡിയോയിലെത്തി. സംഗീതത്തിൽ നല്ല പ്രാവീണ്യവും പേരും പെരുമയുമുള്ള അറുപതു അപേക്ഷകർ അവിടെ നേരത്തെ ഹാജരുണ്ട്. ഓരോരുത്തരായി അടുത്ത മുറിയിലേക്കു വിളിക്കപ്പെട്ടു. കലാവൈദഗ്ദ്ധ്യം തുളുമ്പുന്ന അവരുടെ സംഗീതമാധുരി അന്തരീക്ഷത്തിൽ പടന്നു വായുവിൽ കലന്നുനിന്നു; ഒന്നിനുപുറകെ ഒന്നായി. എനിക്കു ഒരുൾക്കിടിലംതന്നെ അനുഭവവേദ്യമായി. എങ്കിലും എന്റെ മുറ വന്നപ്പോൾ ഞാനും പാടി ഒരുവിധം ഭംഗിയായിതന്നെ. ഞാൻ തിരിഞ്ഞെടുക്കപ്പെട്ടു. അങ്ങനെ എന്റെ ചിരാഭിലാഷസുമം മൊട്ടിട്ടുവിരിയുവാൻ തുടങ്ങി. ഈ വിവരമറിഞ്ഞപ്പോൾ ഒരു ഗ്രാമീണയായ എന്റെ അമ്മ പറഞ്ഞു: "ദൈവസഹായവും രണ്ടു പോലീസിന്റെ അകമ്പടിയുമാണു് നിന്നെ വിജയിപ്പിച്ചതു്." അമ്മ സൂചിപ്പിച്ച ഈ പോലീസുകാർ ആരെന്നല്ലേ? ഒന്നു അവരുടെയെല്ലാം പ്രാർത്ഥന; മറേറതു ഒരു കത്തോലിക്കാവിദ്യാലയത്തിലെ പരിശീലനം! ഈ അഭിപ്രായത്തിൽ എനിക്കു വിസ്മയം തോന്നാതിരുന്നില്ല. എന്റെ ഗ്രാമീണയായ മാതാവിന്റെ അപക്വമായ ഒരു വിഭാവനയാണിതെന്നു നിങ്ങളും പക്ഷെ വിധിയെഴുതിക്കഴിഞ്ഞിരിക്കും. പക്ഷെ അതു ഒരു പരമാർത്ഥമായിരുന്നു.

കുറേക്കഴിഞ്ഞു രണ്ടാംലോകമഹായുദ്ധത്തിനിടയിൽ ഞാൻ സൈന്യസേവനത്തിനു പുറപ്പെടുന്നതിനുമുമ്പു് മി. ജാക്ക്ബെന്നി എന്നെ യാത്രപറഞ്ഞയക്കുന്ന അവസരത്തിലാണ് ഇതിന്റെ രഹസ്യം എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞതു്. അപ്പോൾ അദ്ദേഹം എന്നോടു എനിക്കവിടെ ജോലികിട്ടിയതിന്റെ കാരണം വിവരിച്ചുപറഞ്ഞു: "നിങ്ങളുടെ സംഗീതങ്ങൾ ഞാൻ നേരത്തെ "റെക്കാഡു"കളിൽ കേട്ടിരുന്നു. നിങ്ങളുടെ കഴിവുകളെപ്പററി ഒരുവിധം നല്ല അഭിപ്രായം എനിക്കുണ്ടായിരുന്നു. എന്നാൽ നിങ്ങൾ പ്രകടമാക്കിയ ഒരു ചെറിയ മര്യാദയായ പെരുമാററമാണ് നിങ്ങളുടെ തിരിഞ്ഞെടുപ്പിനു പ്രേരണയായിരുന്നതു്. ഈ വ്യവസായത്തിൽ മര്യാദയും മേലുള്ളവരോടുള്ള ബഹുമാനവും വളരെ കുറവായേ കാണുവാൻ കഴിയുകയുള്ളു. ഇതു കാലാന്തരത്തിൽ നിങ്ങൾക്കു അനുഭവമാകും. നിങ്ങളുടെ തിരിഞ്ഞെടുപ്പിന്റെ ദിവസം സ്ററുഡിയോയിൽവച്ചു പരിശോധനയ്ക്കായി നിങ്ങളെ ഓരോരുത്തരായിവിളിച്ചപ്പോൾനിങ്ങൾ വിളികേട്ടതെങ്ങനെയാണെന്നു നിങ്ങൾ ഓർമ്മിക്കുന്നുണ്ടോ? "യെസ്, പ്ലീസ്" എന്നായിരുന്നു നിങ്ങളുടെ മറുപടി. ഉടനെ ഞാൻ എന്റെ ഭാര്യ മേരിയോടുപറഞ്ഞു അയാളെയാണ് നമുക്കു വേണ്ടതെന്നു്. അങ്ങനെയാണ് ആ തിരിഞ്ഞെടുപ്പു നടന്നതു്."

പ്രകാശമാനമായ ഒരു ചിന്താമണ്ഡലം എന്റെ മനസ്സിൽ ഉദയംചെയ്തു. അദ്ദേഹത്തിന്റെ ഈ പ്രസ്താവം അന്നത്തെ സംഭവങ്ങൾ ഓരോന്നും വ്യക്തമായി എന്നെ അനുസ്മരിപ്പിച്ചു. ഉല്ക്കണ്ഠയോടും ഉൾക്കിടിലത്തോടുംകൂടി എന്റെ മുറയും പ്രതീക്ഷിച്ചു് ആ മുറിയിൽ ഞാൻ കഴിച്ച ഓരോ നിമിഷങ്ങൾ; ഉദ്യോഗാർത്ഥികളുടെ ഹൃദയഹാരിയായ സംഗീതധ്വനി മുഴങ്ങുമ്പോൾ എനിക്കനുഭവപ്പെട്ട നിരാശ; പെരുമാററങ്ങളിലും അഭിനയങ്ങളിലും അവരെ അനുകരിക്കുന്നതിനും അതിശയിക്കുന്നതിനും തോന്നിയിരുന്ന ആവേശം; ഇങ്ങനെ നൂറുകൂട്ടം കാര്യങ്ങൾ അവിടെ ഞാൻ ശ്രദ്ധിച്ചിരുന്നു. പേരുവിളിക്കുമ്പോൾ അവരോരോരുത്തരും വിളികേട്ടിരുന്ന രീതിയും എനിക്കു പുത്തരിയായിരുന്നു. ചിലർ പറയും, "യീ", മററു ചിലർ "ഓക്കെ". ഇതേതെങ്കിലും ഒന്നുതന്നെ അനുകരിക്കണമെന്നു ഞാനും നിശ്ചയിച്ചു. പക്ഷെ പെട്ടെന്നു പേരുവിളിച്ചപ്പോൾ അതെല്ലാം മറന്നുപോയി. ഞങ്ങളുടെ കത്തോലിക്കാവിദ്യാലയത്തിൽ ദിനേദിനേ പറഞ്ഞുശീലിച്ചിരുന്നവിധം "യെസ്, പ്ലീസ്" എന്നു ഞാനറിയാതെതന്നെ ഉരുവിട്ടുപോയി. ദൈവാനുഗ്രഹം. അതെന്റെ ജീവിതത്തിനു അടിത്തറപാകി. എന്റെ വിജയത്തിനു നിദാനമായി. ഇപ്പോഴാണ് എനിക്കു മനസ്സിലാകുന്നതു് എന്റെ അമ്മയുടെ വാക്കുകളുടെ അർത്ഥം, "കത്തോലിക്കാവിദ്യാഭ്യാസമാണ് എന്റെ വിജയത്തിനു സഹായിച്ച ഒരു പോലീസുകാരനെന്നു്." ഒരു കത്തോലിക്കാവിദ്യാലയത്തിലെ പരിശീലനമാണ് മേലുള്ളവരോടു ബഹുമാനവും ഭക്തിയും പ്രദർശിപ്പിക്കത്തക്കവണ്ണം സ്വാഭാവികമായി ഈ ഉപചാരമുറകൾ എന്നിൽ രൂഢമൂലമാക്കിയതു്. മററു വിദ്യാലയങ്ങളിൽ ചിലതിലെല്ലാം ഇവയൊക്കെയും പഠിപ്പിക്കുന്നുണ്ടാവാം. എന്നാൽ ഒരു കത്തോലിക്കാവിദ്യാലയത്തിൽ അതു പഠിപ്പിക്കാതിരിക്കുകയില്ല. അതുകൊണ്ടാണ് എന്റെ ആറുകുട്ടികളേയും കത്തോലിക്കാവിദ്യാലയങ്ങളിൽ അയക്കുന്നതിനു ഞാൻ നിഷ്കാണിക്കുന്നതു. അതിനു മൂന്നു ന്യായങ്ങൾ എനിക്കുണ്ടു:- 1. ഒരു കത്തോലിക്കാ പിതാവ് എന്ന നിലയിൽ അതിനു ഞാൻ ബാദ്ധ്യസ്ഥനാണ്; 2. എന്റെ കുട്ടികളുടെ ആദ്ധ്യാത്മികമായ ഭാവിയെ സുരക്ഷിതമാക്കുന്നതിനു് എനിക്കുള്ള ഏററവും ദൃഢമായ ഉറപ്പ് കത്തോലിക്കാവിദ്യാഭ്യാസത്തിലാണുള്ളതു്; 3. ഒരു കത്തോലിക്കാവിദ്യാഭ്യാസത്തിനുമാത്രമേ അവരുടെ ബുദ്ധിയേയും, ശരീരത്തേയും, ആത്മാവിനേയും സംബന്ധിക്കുന്ന ഒരു പരിപൂർണ്ണവിദ്യാഭ്യാസം നൽകുന്നതിനു സാധിക്കുകയുള്ളൂ. ഇതിൽ ഞാനൊരു പുതിയ സിദ്ധാന്തം പറയുകയല്ല. മററുള്ളവർ ഇതു ഭംഗിയായി പല പ്രാവശ്യം പ്രതിപാദിച്ചിട്ടുണ്ട്. അത്ഭുതകരമായതൊന്നും ഞാനിവിടെ ചെയ്യുന്നുമില്ല. പ്രത്യുത ലോകം സ്വാതന്ത്ര്യത്തിന്റേയും അടിമത്തത്തിന്റേയും ഇരുചേരികളിലായി തിരിഞ്ഞിരിക്കുകയും ധർമ്മബോധവും മര്യാദയുമെല്ലാം വലിയൊരു ഗണനത്തിനു വെറു പൊള്ളയായ പദങ്ങൾമാത്രമായി പകന്നിരിക്കുകയും ചെയ്യുന്ന ഇന്നത്തെ പരിതസ്ഥിതിയിൽ എന്റെ കുഞ്ഞുങ്ങൾക്കു അവരുടെ ജീവിതം സുരക്ഷിതമായിരിക്കത്തക്ക ഒരു പ്രാരംഭപരിശീലനം ഞാൻ നൽകുന്നില്ലായെങ്കിൽ അതു് എന്റെ പേരിൽ അപരിഹാര്യമായ ഒരു കൃത്യവിലോപമായിരിക്കുമെന്നു ഞാൻ വിശ്വസിച്ചുപ്രവത്തിക്കുന്നുവെന്നുമാത്രമേയുള്ളൂ.

(ആലംബം—
കാത്തലിക്ക് ഡൈജസ്റ്റ്)

വരിൽ ദൈവത്തിൽ വിശ്വസിക്കുന്നവരുടെ സംഖ്യ 90 ശതമാനത്തിനു മേലാണ്; ദൈവത്തിൽ വിശ്വാസമില്ലാത്തവർ നാലര ശതമാനം വരും. നാലു ചോദ്യങ്ങളാണ് ചോദിക്കുക. അവയ്ക്കു ഓരോന്നിനും തിരിച്ചുതിരിച്ചു കണക്കെടുക്കുകയാണെങ്കിൽ ഫലമിതാണ്:- ദൈവത്തിൽ വിശ്വസിക്കുന്നവർ 90 ശതമാനം; ദൈവം മനുഷ്യനായി അവതരിച്ചതാണ് യേശുക്രിസ്തു എന്നു വിശ്വസിക്കുന്നവർ 69 ശതമാനം; പള്ളിയിൽ പോകാതെ തന്നെ ക്രിസ്ത്യാനികളായിരിക്കാൻ കഴിയുമെന്നു വിശ്വസിക്കുന്നവർ 76 ശതമാനം; കഴിയുകയില്ല എന്നു വിശ്വസിക്കുന്നവർ 17 ശതമാനം.

SATYA PRAKASHAN'S LATEST HINDI PUBLICATIONS

1. Planned Parenthood, 2. How Christian are you? 3. Hell on Earth, 4. I hear confession, 5. Moral Science (2nd edition) Rs. 18-0-0 a hundred, 6. Daily Prayer (for children) Rs. 7-0-0 a hundred, 7. Gyan Vigyan Ki Tasbiren-Rs. 40-0-0 a hundred. (Packing & Postage free). (All books have "imprimatur") Available from:- HAM SAB, Post Box 68, Golghar, Patna, Bihar.

Manager

## ഇടവകവാർത്തകൾ

**കൈപ്പട്ടൂർ:** സ്ഥലം പള്ളിയിൽവച്ചു് മാതാവിന്റെ കിരീടധാരണത്തിരുനാളും മാതൃദിനവും മേയ് 26-ാംനു ആഘോഷപൂർവ്വം കൊണ്ടാടി. മാതൃസംഘം ഡയറക്ടർ റവ. ഫാദർ ജോസഫ് മാവുങ്കൽ അവർകൾ രാവിലെ ആഘോഷമായ ദിവ്യബലി അർപ്പിക്കുകയും അപ്പം ആശീർവ്വദിച്ചു പിഞ്ചുകുഞ്ഞുങ്ങൾക്കു വിതരണം ചെയ്യുകയും ചെയ്തു. ഉച്ചകഴിഞ്ഞു റവ. ഫാദർ ജോസഫ് തളിയത്തു് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ കുമാരി വി വി ത്രേസ്യാമ്മ മാതാവിന്റെ മഹത്വത്തേയും മാതൃപദത്തിന്റെ മാഹാത്മ്യത്തേയും പുരസ്കരിച്ചു സാരസമ്പൂർണ്ണമായ ഒരു പ്രസംഗം ചെയ്തു. അനന്തരം താഴെ വരുന്ന പ്രമേയം പാസ്സാക്കി:

"കുട്ടികളെ തങ്ങളുടെ ഇഷ്ടംപോലെ വളത്താനും പഠിപ്പിക്കുവാനും മാതാപിതാക്കന്മാക്കുള്ള അവകാശം ഗവമ്മെന്റിനാണെന്നുള്ള ഭാവത്തിൽ ഇന്നു കേരളം ഭരിക്കുന്ന കമ്മ്യൂണിസ്റ്റ്ഗവമ്മേന്റ് അതിന്റെ പാർട്ടിയുടെ ആദർശങ്ങൾ അടിച്ചേല്പിക്കുവാൻ ആവിഷ്കരിക്കുന്ന വിദ്യാഭ്യാസപദ്ധതികളെ ഈ യോഗം ഏകകണ്ഠമായി പ്രതിഷേധിക്കുന്നു."

**തെക്കൊട്ടുശ്ശേരി:** സ്ഥലം പള്ളിയിലെ സൊഡാലിററിയുടേയും സെൻറ് വിൻസെൻറ് ഡി പോൾ സഖ്യത്തിന്റേയും വല്യാറപള്ളിയിലെ സൊഡാലിററിയുടേയും സംയുക്തവാർഷികം മേയ് 26-ാംനു റവ. ഫാദർ ജോസഫ് പാനാപ്പള്ളി അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. തദവസരത്തിൽ കുമാരി ത്രേസ്യാക്കുട്ടി ജോൺ ബി എസ്സ്സി, ശ്രീ പി ജെ ജോസഫ് എം എ, കുമാരി റോസിലി ജോർജ്ജ് ബി എ എന്നിവർ പ്രസംഗിച്ചു. മീററിങ്ങിനിടയ്ക്കു കുട്ടികളുടെ വിവിധ കലാപ്രകടനങ്ങളും രാത്രിയിൽ "കലാകാരൻ" എന്ന നാടകാഭിനയവും ഉണ്ടായിരുന്നു.



ത്വക്‌രോഗങ്ങളെ മാററുകയും വരാതെ സൂക്ഷിക്കയും ചെയ്യുന്നു.

ഇയ്യപ്പൻ സോപ്പുവക്ക്സ്
തൃശ്ശൂർ

സ്ഥലം സൊഡാലിററിയുടെ രജതജൂബിലി അടുത്ത വർഷം ലൂർദ്ദിലെ ശതാബ്ദജൂബിലിയോടനുബന്ധിച്ചു അത്യാഡംബരപൂർവ്വം നടത്തുന്നതിനും ജൂബിലിസ്മാരകമായി ഒരു ഗ്രോട്ടോ പണിയിക്കുന്നതിനും തീരുമാനിച്ചു.

**വാഴക്കുളം:** മേയ് 22 മുതൽ 26 വരെ തീയതികളിൽ ഈ ഇടവകയിൽ ദൈവവിളിവാരവും സൊഡാലിററി വാർഷികാഘോഷങ്ങളും നടത്തുകയുണ്ടായി. ദൈവവിളിധ്യാനം, പാട്ടുകുർബാന, ഓഫീസ്, റാലി തുടങ്ങിയ ഭക്തകൃത്യങ്ങൾ ഈ ദിവസങ്ങളിൽ അനുഷ്ഠിച്ചിരുന്നു. 26-ാംനു ഞായറാഴ്ച ഉച്ചകഴിഞ്ഞു് 3 മണിക്കു് സെൻറ് ജോർജ്ജ്സ് ട്രെയിനിംഗ് സ്കൂൾ ഹാളിൽ കൂടിയ സമാപനസമ്മേളനത്തിൽ റവ ഫാദർ അബ്രൂന്തിയോസ് സി ഡി ആദ്ധ്യക്ഷം വഹിച്ചു. മരിയസഖ്യത്താ പ്രസിഡൻറ് ശ്രീ കെ വി തോമസ് സ്വാഗതം ആശംസിച്ചു. അഡ്വക്കേററ് ശ്രീ ജോർജ്ജ് മാത്യു കളപ്പുര എം എ ബി എൽ പ്രസംഗിച്ചു.

(ശേഷം 5-ാംപേജിൽ)



# മനുഷ്യജീവിതത്തിൽ മതത്തിനുള്ള സ്ഥാനം

(പോൾ പി. വട്ടക്കുഴി, ബി. ഏ.)

ഇന്നു ലോകത്തിൽ അധിവസിക്കുന്ന ജനങ്ങളിൽ ഏതാണ്ടു് ഭൂരിഭാഗവും മതവിശ്വാസികളാണു്. എന്നാൽ "മതം" എന്ന പദമല്ലാതെ, അതെന്താണെന്നു ശരിയായി മനസ്സിലാക്കിയിട്ടുള്ളവർ ഇന്നത്തെ പരിഷ്കൃതലോകത്തു് ഇനിയും വിരളമാണെന്നുവേണം വിശ്വസിക്കുവാൻ. കാരണം മനുഷ്യൻ മതവുമായി അത്ര അകലത്തിലാണു് സ്ഥിതിചെയ്യുന്നതു്. മതം മനുഷ്യനെ മയക്കുന്ന കറുപ്പാണെന്ന കാറൽമാർക്സിയൻവാദം അർത്ഥശൂന്യമാണെങ്കിലും അതിനെയും ഉയർത്തിപ്പിടിച്ചുകൊണ്ടു് സ്വയം ആത്മനാശംവരുത്തിവയ്ക്കുന്നവരും ഇല്ലാതില്ല. കാറൽമാർക്സിൻെറ വാദം തെറ്റാണെന്നു് വളരെ എളുപ്പത്തിൽ മനസ്സിലാക്കുവാൻ സാധിക്കും. അന്നത്തെ സമുദായനീതിക്കെതിരായി വല്ലതുമൊക്കെ കുത്തിക്കുറിക്കുവാൻ മാർക്സിനു സാധിച്ചിട്ടുണ്ടായിരിക്കാം. പക്ഷെ മതത്തെ ഇല്ലാതാക്കുവാൻ അദ്ദേഹത്തിനു സാധിച്ചിട്ടില്ല. പ്രായോഗികമല്ലാത്ത മാർക്സിൻെറ സിദ്ധാന്തങ്ങളത്രയും അബദ്ധജടിലങ്ങളെന്നു് നെഹ്റു തുടങ്ങിയ നേതാക്കന്മാർ അഭിപ്രായപ്പെട്ടിട്ടുണ്ടു്. ചിന്തിക്കുന്ന മനുഷ്യരത്രയും അപലപിക്കുന്ന മാർക്സിൻെറ സിദ്ധാന്തത്തിൽ നമ്മുടെ ജീവിതത്തെ കാമ്യമാക്കിത്തീർക്കുന്ന മതത്തിനു സ്ഥാനമില്ലെങ്കിൽ അതിൽ അതിശയോക്തിയില്ല.

മതവും മനുഷ്യനുമായി അഭേദ്യമായ ബന്ധമുണ്ടു്, പ്രകൃത്യാതന്നെ. മനുഷ്യജീവിതം ജന്മനായുള്ള പ്രേരണകൾക്കു് വിധേയമാണു്. അധമവാസന സദാ മനുഷ്യാധഃപതനത്തിനു് പ്രേരകവുമാണു്. എന്നാൽ നമ്മുടെ സർവ്വവിധമായ അധമവാസനയേയും അധർമ്മപ്രലോഭനങ്ങളേയും നിയന്ത്രിച്ചു് നമ്മിൽ സദാചാരബോധമുളവാക്കി ജീവിതോദ്ദേശങ്ങൾ വിവരിച്ചു് മഹത്തായ ജീവിതലക്ഷ്യത്തിൽ നമ്മെ എത്തിക്കുന്നതു് മതമാണു്. മതം മനുഷ്യനെ മയക്കുന്ന കറുപ്പല്ല; പ്രത്യുത അവനെ ജീവൻെറ നിർത്ധരിയിലേക്കു് ഇറക്കിവിടുന്ന വഴിത്താരയാണു്. എന്തെന്നാൽ അനശ്വരമായ ആദ്ധ്യാത്മികജീവിതത്തിനുള്ള കളമൊരുക്കൽ സാധിക്കുന്നതു് മതംമൂലമാണു്.

മനുഷ്യൻ വെറും മാംസരക്താദികളുടെ ഒരു സമാഹാരംമാത്രമാണെന്നു് മാർക്ക്സും ചില ഭൗതികവാദികളും ഉച്ചൈസ്തരം ഉൽഘോഷിക്കുന്നുണ്ടു്. എന്നാൽ അതു ശരിയല്ല. മനുഷ്യനിൽ അദൃശ്യമായ ഒരു ശക്തി നിക്ഷിപ്തമായിട്ടുണ്ടു്. അതു് അശരീരിയായ ആത്മാവാണു്. വിശേഷബുദ്ധിയുടെ പ്രവർത്തനം നടക്കുന്നതു് ആത്മാവിൻെറ ശക്തിയാലാണു്. ബാഹ്യേന്ദ്രിയങ്ങൾക്കു് അവിഷയങ്ങളായിരിക്കുന്ന സംഗതികളെ ഗ്രഹിക്കുന്ന മനുഷ്യനിൽ തദനുഗുണമായിട്ടുള്ള ഒരു ശക്തിയുണ്ടാകണം. ഈ ശക്തികേന്ദ്രമാണു് ആത്മാവു്. വിവേചനാശക്തിയോടുകൂടിയ ആത്മാവാണു് നമ്മുടെ ബുദ്ധിപരമായ പ്രവർത്തനങ്ങൾക്കു് നിദാനമായിരിക്കുന്നതെന്നു വിശ്വസിക്കുന്ന യാതൊരുവനും "ആത്മാവെന്നൊന്നില്ലാ" യെന്ന മാർക്സിയൻവാദം സ്വീകാര്യമായിട്ടുള്ളതല്ല.

മനസ്സാക്ഷിയെ മറച്ചുവെച്ചിട്ടുപോലും ഈശ്വരനില്ലെന്നു വാദം മുഴക്കുന്ന ആളുകളും ഇന്നില്ലാതില്ല. ലോകത്തുള്ള സർവ്വചരാചരങ്ങളുടേയും സൃഷ്ടിയും ക്രമീകരണവും അതേപടി സാധിക്കുവാൻ മനുഷ്യൻ അപ്രാപ്തനെങ്കിൽ—മനുഷ്യശക്തിക്കതീതമായ ഒരു ശക്തിയാണിതിനു കാരണമെന്നു വിശ്വസിക്കാതെ തരമില്ല—അതു സാധിക്കുന്നതു ഈശ്വരനല്ലാതെ മറ്റാരുമല്ല. ഇങ്ങനെയുള്ള ഈശ്വരനും മനുഷ്യനുമായുള്ള ബന്ധത്തെ ദൃഢീകരിക്കുന്നതിനും അതിൽ നമ്മെ സ്ഥിരീകരിക്കുന്നതിനും സന്മാർഗ്ഗചിത്തരാക്കി നിത്യനിർവൃതിയിലേക്കു നമ്മെ നയിക്കുന്നതിനുംവേണ്ടി നിലകൊള്ളുന്ന മതത്തെ ദ്വേഷിക്കുന്നതു തികച്ചും ജുഗുപ്സാവഹമാണു്.

സാമ്പത്തികമായും രാഷ്ട്രീയമായും ശാസ്ത്രീയമായും നിമിഷങ്ങൾതോറും പുരോഗമിക്കുകയും അതോടൊപ്പംതന്നെ മിനിട്ടിനുമിനിട്ടിനു അഭിപ്രായഗതി മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഇന്നത്തെ ലോകത്തു്, മൃഗീയമായി അധഃപതിച്ചുകിടക്കുന്ന—അക്രമത്തിനും അനീതിക്കും കൂട്ടുനില്ക്കുന്ന—സാധുക്കളുടെ രക്തമൂറ്റിയെടുക്കുന്ന—സുഖലോലുപതയിൽമുഴുകിയിരിക്കുന്ന—മനുഷ്യനു് മതത്തെപ്പറ്റിയോ, ഈശ്വരനെപ്പറ്റിയോ ചിന്തിക്കുവാൻ സമയമില്ലപോലും!

മതവിശ്വാസത്തിനു് ഹാനികരവും പരക്ലേശത്തിനു് പ്രേരകവുമായ സുഖലോലുപതയെ കെട്ടിപ്പടുക്കുവാൻ നീതിരഹിതമായ പദ്ധതികൾപോലും ആസൂത്രണം ചെയ്യുന്നവരാണു് മതത്തെ പറിച്ചെറിയുവാൻ ശ്രമിക്കുന്നതു്. സന്മാർഗ്ഗികവലയത്തിൽ മനുഷ്യനെ ബന്ധിച്ചിരിക്കുന്ന ശൃംഖലയാകുന്ന മതത്തെ ശിഥിലമാക്കിയാൽ പട്ടിണിയും കഷ്ടപ്പാടും താനെ മാറിക്കൊള്ളുമെന്നു് വിശ്വസിക്കുന്നവരുമില്ലാതില്ല. ഇക്കൂട്ടരുടെയത്രയും അജ്ഞതയിൽ സഹതപിക്കയേ നിർവ്വാഹമുള്ളു. പട്ടിണിശമനത്തിനു് മതം ഇന്നുവരെ വിലങ്ങുതടിയായി നിന്നിട്ടില്ല; പ്രത്യുത അതിനുള്ള മാർഗ്ഗങ്ങൾ പ്രത്യക്ഷമായും പരോക്ഷമായും ലോകത്തിനു കാണിച്ചുകൊടുക്കുകമാത്രമേ ചെയ്തിട്ടുള്ളു.

ബഹുലക്ഷങ്ങളെ വഴിതെറ്റിക്കുന്ന അബദ്ധസിദ്ധാന്തങ്ങളും, ആശയങ്ങളും ശരിയായി ഗ്രഹിക്കുന്നതിനുള്ള പ്രകാശം മതത്തിൽനിന്നല്ലാതെ, മറ്റൊന്നിൽനിന്നും നമുക്കു വേണ്ടത്ര ലഭിക്കുകയില്ല. ഏതൊരു രാഷ്ട്രത്തിൻെറയും സാമൂഹ്യരംഗത്തുള്ള നേട്ടങ്ങൾ, ജനങ്ങളുടെ സന്മാർഗ്ഗത്തിനും ആദ്ധ്യാത്മികനന്മയ്ക്കും ഹാനികരമാകാതിരിക്കണമെങ്കിൽ മതം വളരുവാൻ രാഷ്ട്രം അനുവദിക്കേണ്ടതാണു്. സമസൃഷ്ടങ്ങളുടെ ഉല്ക്കർഷത്തിൽ താല്പര്യമുള്ള രാഷ്ട്രങ്ങൾ ഇന്നു് ഈ സ്വാതന്ത്ര്യം അനുവദിച്ചുകൊടുത്തിട്ടുള്ളതും ഇതുകൊണ്ടാണു്.

മതത്തേയും, സന്മനോഭാവമുള്ള മതാചാര്യന്മാരേയും, സദാചാരബോധത്തേയും നിശിതമായി വിമർശിക്കുകയെന്നതു് ഇന്നു സർവ്വസാധാരണമാണു്. മനുഷ്യൻെറ ദുരാശകളെ നിയന്ത്രിക്കുവാൻ പോരുന്ന മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതുകൊണ്ടാണോ മതത്തെ ഒരു കൂട്ടർ വെറുക്കുന്നതു്? ലോകാരംഭം മുതൽ ഈശ്വരവിശ്വാസം മനുഷ്യനിൽ ജനിച്ചുവളർന്നിട്ടുണ്ടു്. ഈ വിശ്വാസം തഴച്ചുവളരുന്നതിനും സന്മാർഗ്ഗികാഭിനിവേശം ജനിപ്പിക്കുന്നതിനുംവേണ്ടി യത്നിക്കുന്ന മതം നിലവിലുള്ളപ്പോൾ മനുഷ്യൻ അധമപ്രേരണകൾക്കു അടിമപ്പെടുന്നുവെങ്കിൽ മതമില്ലായിരുന്നെങ്കിലത്തെ കഥയെന്താകുമായിരുന്നു! മനുഷ്യൻ മൃഗതുല്യമായ ഒരു ജീവിതം നയിക്കുമായിരുന്നു.

ശാസ്ത്രത്തിൻെറ അത്ഭുതകരമായ വളർച്ച മനുഷ്യനിൽ പല പരിവർത്തനങ്ങളുമുളവാക്കിയിട്ടുണ്ടു്. നവീനമായ കണ്ടുപിടുത്തങ്ങൾ അടിക്കടി തുടർന്നുകൊണ്ടുമാണിരിക്കുന്നതു്. തൽഫലമായി മനുഷ്യശക്തിയെ വെല്ലുവാൻ കഴിവുള്ള യാതൊന്നുംതന്നെയില്ലെന്നു് തെറ്റിദ്ധരിക്കുന്നവരുണ്ടു്. അതത്രയും അബദ്ധമാണെന്നു് പറയാതിരിക്കുവാൻ തരമില്ല. മനുഷ്യൻെറ ബുദ്ധിശക്തി ഈശ്വരദത്തമാണു്. മററു സർവ്വസൃഷ്ടികളിലും ഏററം അത്ഭുതകരമായ സൃഷ്ടിയും മനുഷ്യനാണു്. അതിനുള്ള കാരണം അവൻെറ ബുദ്ധിശക്തിയാണു്. ഈശ്വരദത്തമായ ഈ ബുദ്ധിശക്തി ഇല്ലായിരുന്നുവെങ്കിൽ മനുഷ്യനു് കണ്ടുപിടുത്തങ്ങൾതന്നെ നടത്തുക സാദ്ധ്യമല്ലായിരുന്നല്ലൊ. അതിനാൽ ബുദ്ധിശക്തിയുടെ വെളിച്ചത്തിൽ അതിൻെറ ഉത്ഭവകാരണനായ ഈശ്വരനെപ്പററി മതം പഠിപ്പിക്കുന്നുവെങ്കിൽ, അതു് ഈശ്വരനിലേക്കു നമ്മെ കൂടുതൽ അടുപ്പിക്കുന്നതിനു പര്യാപ്തമാണു്.

മതം, വിഡ്ഢിത്തത്തിനും വഷളത്തത്തിനുംവേണ്ടി നിലകൊള്ളുന്നവരുടെ അബദ്ധപ്രലപനമാണെന്നാണു് ഡാർവിൻ, ഫ്രോയിഡ്, മാർക്സ് തുടങ്ങിയവരുടെ വിവക്ഷ. ഡാർവിൻെറ സിദ്ധാന്തംകൊണ്ടു് മതത്തെ തകർക്കാമെന്ന വ്യാമോഹത്തോടെ പലരും അതിനെ പൊക്കിപ്പിടിച്ചുകൊണ്ടു നടന്നു. എന്നാൽ സർവ്വാധിപതിയും, ഭരണകർത്താവുമെന്ന നിലയിൽ ലോകമാസകലം ഉൾക്കൊള്ളുന്ന ഈശ്വരനേയും, ഈശ്വരചൈതന്യം മനുഷ്യഹൃദയങ്ങളിൽ ജനിപ്പിക്കുന്ന മതബോധത്തേയും എതിർക്കുന്ന താദൃശതത്വങ്ങളെ പലരും ഇന്നു അഗണ്യകോടിയിൽ തള്ളിക്കളഞ്ഞിരിക്കുകയാണു്.

"തങ്ങളുടെ ദൈനംദിനജീവിതത്തെ നിയന്ത്രിക്കുന്ന ബാഹ്യശക്തികളെക്കുറിച്ചു് മനുഷ്യരുടെ ഹൃദയത്തിലുണ്ടാകുന്ന ഭാവനാപരമായ പ്രതിഫലനമല്ലാതെ മറ്റൊന്നുമല്ല മതം" എന്നു ഏംഗൽസ് പറയുന്നു. ഏംഗൽസിനു് തോന്നുന്ന ഈ പ്രതിഫലനങ്ങളത്രയും വസ്തുനിഷ്ഠമായ യാഥാർത്ഥ്യങ്ങളാണെന്നു് മതത്തിനു തെളിയിക്കുവാൻ സാധിച്ചിട്ടുണ്ടു്. ഉദാഹരണമായി ക്രിസ്തുമതതത്വങ്ങളെടുത്തു് പരിശോധിച്ചാൽ, യാഥാർത്ഥ്യങ്ങളുടെ വെളിച്ചത്തിൽ മാത്രമേ ക്രിസ്തുമതം വളർന്നിട്ടുള്ളുവെന്നു് ചരിത്രം തെളിയിക്കുന്നതാണു്. ലോകത്തിൽ നടന്നിട്ടുള്ള സകല സംഭവങ്ങളുടേയും സാക്ഷ്യം ചരിത്രമാണെങ്കിൽ, "ക്രിസ്തുവിൻെറ ജനനവും ജീവിതവും മരണവും അവിടുത്തെ തത്വങ്ങളും വാക്കുകളും എല്ലാം ചരിത്രസത്യങ്ങളാണു്.

അനേകനൂററാണ്ടുകാലത്തെ മഹത്തായ പാരമ്പര്യം സിദ്ധിച്ചിട്ടുണ്ടെന്നു് പാശ്ചാത്യർപോലും പ്രകീർത്തിക്കുന്ന ഭാരതീയസംസ്കാരം ഇന്നും വളർന്നുകൊണ്ടിരിക്കുന്നതു് ഭാരതത്തിൽ മതവിശ്വാസം വളരെ പ്രബലമായതുകൊണ്ടാണു്. ഒരു മഹാശക്തിയിൽനിന്നു് സ്വാതന്ത്ര്യം കൈവരിക്കുന്നതിനു് അക്രമരാഹിത്യം എന്ന ശക്തിയേറിയ ആയുധം ഭാരതത്തിനു് ലഭിച്ചിട്ടുള്ളതും മതത്തിൽനിന്നാണു്. സംസ്കാരത്തിലും, ഈശ്വരവിശ്വാസത്തിലും അടിയുറച്ചുനില്ക്കുന്നതുകൊണ്ടും, മതത്തിനു് യഥേഷ്ടം വളരുവാനുള്ള സ്വാതന്ത്ര്യം അനുവദിച്ചുകൊടുത്തിട്ടുള്ളതുകൊണ്ടും, ഈശ്വരചൈതന്യം സർവ്വത്രനിറഞ്ഞുതുളുമ്പുന്നതുകൊണ്ടുമാണു് ഭാരതം ഏഷ്യയുടേയും, യൂറോപ്പിൻെറയും വെളിച്ചമായിട്ടിന്നു് നിലകൊള്ളുന്നതു്.

ഏതായാലും ഒരു രാഷ്ട്രത്തിൽ ഉത്തമ പൗരന്മാരുണ്ടാകുന്നതിനും. അവരിൽ സന്മാർഗ്ഗബോധമുളവാകുന്നതിനും, ഏററം ആവശ്യമായ ഒന്നാണു് മതം. മനുഷ്യൻെറ ഭാവനാപരമായ ശക്തിയെത്തന്നെയും പ്രോത്സാഹിപ്പിക്കുന്നതിനു് മതപ്രബുദ്ധതയാവശ്യമാണു്. ഇപ്രകാരം പ്രത്യക്ഷമായും പരോക്ഷമായും, മനുഷ്യജീവിതത്തിൽ വലിയപരിവർത്തനമുണ്ടാക്കിക്കൊണ്ടിരിക്കുന്ന മതത്തിനെതിരായി ചലിക്കുന്ന തൂലികയേയും, പ്രചരിപ്പിക്കപ്പെടുന്ന ദുരഭിപ്രായങ്ങളേയും നിരുത്സാഹപ്പെടുത്തേണ്ടതു ലോകപുരോഗതിക്കു് ആവശ്യമായതുകൊണ്ടു് മതവിശ്വാസികൾ അതിനു് ശ്രമിക്കേണ്ടതാണു്.

KALAN

ഈ മുദ്രയില്ലാതെ "കാളൻ" എന്ന പേരിൽ ഏതെങ്കിലും സാധനങ്ങൾ കാണുന്നപക്ഷം അവ അനുകരണങ്ങളും വ്യാജനിർമ്മിതങ്ങളുമായിരിക്കുമെന്നുള്ളതുകൊണ്ടു്, ഔഷധങ്ങളും മററും വാങ്ങിക്കുമ്പോൾ ലേബൽ മുതലായതുകളിന്മേൽ ഈ മുദ്ര കാണുന്നുണ്ടോ എന്നു പ്രത്യേകം പരിശോധിക്കണമെന്നുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

കാളൻ, നെല്ലായി (S. India)

# തിരസ്ക്കരണികളിൽ

(റവ. ഫാദർ ജേക്കബ്ബ് മാഞ്ഞൂരാൻ ബി. ഏ.)

(തുടർച്ച)

## ബാൾക്കൻ രാജ്യങ്ങൾ

റുമേനിയാ, ബൾഗേറിയാ അൽബേനിയാ എന്നീ ബാൾക്കൻ രാജ്യങ്ങളിൽ സോവ്യററു കമ്മ്യൂണിസം കത്തോലിക്കാ സഭയുടെ നേരെ എടുത്തിട്ടുള്ള മർദ്ദനനയം റഷ്യയുടെ മററു ഉപഗ്രഹരാജ്യങ്ങളായ പോളണ്ടു്, ഹങ്കറി എന്നീ രാജ്യങ്ങളിൽനിന്നു തീരെവ്യത്യസ്തമാണു്. ഇവിടങ്ങളിൽ കത്തോലിക്കാസഭയെ കഴുത്തിൽപിടിച്ചു ഞെക്കിക്കൊല്ലുന്നതിനുള്ള ഒരു കൂട്ടനയമാണു് സോവിയററു റഷ്യ സ്വീകരിച്ചതു്. അതിനുള്ള പ്രധാനകാരണം കത്തോലിക്കാസഭ ഇവിടങ്ങളിൽ ഒരു ന്യൂനപക്ഷമാണെന്നുള്ളതു മാത്രമാണു്. ഓർത്തഡോക്സ് സഭയ്ക്കും മുഹമ്മദീയമതത്തിനുമാണു് ഈ രാജ്യങ്ങളിൽ പ്രഥമസ്ഥാനം. ഈ കടുംകൂട്ടനയം ആദ്യംതന്നെ എടുത്തുപയോഗിച്ചതു് ഇംഗ്ലണ്ടിൽ ഇപ്പോൾ ഡലഗാദു് അപ്പസ്തോലിക്കയാകുന്ന ബിഷപ്പു് ജെറാൾഡു് പാററ്റിക്കു് ഹാരായുടെ നേർക്കാണു്. ധീരനായ ഈ അമേരിക്കൻ മെത്രാൻ 1946 തൊട്ടു 1950 വരെ റുമേനിയായിലെ പേപ്പൽ നുൺഷിയോ ആയിരുന്നു. 1950-ലാണു് 72 മണിക്കൂറുകൾക്കുള്ളിൽ റുമേനിയ വിട്ടു പോകണം എന്നു കമ്മ്യൂണിസ്റ്റു് ഗവർമ്മെണ്ടു അദ്ദേഹത്തിനു കല്പന കൊടുത്തതു്.

റുമേനിയായിലെ കത്തോലിക്കാസഭ കേരളത്തിലെപ്പോലെ പാശ്ചാത്യ പൗരസ്ത്യ വിഭാഗങ്ങളുടെ ഒരു സങ്കരമാണു്. മാർപ്പാപ്പായുടെ കീഴിൽ ലത്തീൻ റീത്തുകാരും "യൂണിയെററസ്" എന്ന പൗരസ്ത്യറീത്തുകാരും സൗഹാർദ്ദമായി വർത്തിച്ചു പോരികയായിരുന്നു. 1947-ൽ കമ്മ്യൂണിസ്റ്റുകാർ റുമേനിയായെ പൂർണ്ണമായി കയ്യടക്കിക്കഴിഞ്ഞ ഉടനെ ആദ്യം കൊടുത്ത അടി കത്തോലിക്കാസഭയുടെ പൗരസ്ത്യറീത്തിനാണു്. കമ്മ്യൂണിസ്റ്റു് പാർട്ടി മെമ്പറും ഓർത്തഡോക്സ് സഭയുടെ പത്രിയക്കീസും ആയ ജസ്റ്റീനിയൻെറ കീഴിലുള്ള കമ്മ്യൂണിസ്റ്റു് പാർട്ടി നിയന്ത്രിതമായ ഓർത്തഡോക്സ് സഭയിൽ കത്തോലിക്കാസഭയുടെ പൗരസ്ത്യറീത്തിനെ ലയിപ്പിക്കുവാനുള്ള പരിപാടിയായിരുന്നു കമ്മ്യൂണിസ്റ്റു് ഗവർമ്മെണ്ടു നടപ്പിലാക്കിയതു്. 1948ൽ സ്കൂളുകളെല്ലാം ദേശസാൽക്കരിച്ചു. സ്കൂളുകളുടെ ദേശീകരണത്തിനു ശേഷം എല്ലാ ദിവസവും പ്രഭാതത്തിൽ ഒരു അഭിവാദ്യചടങ്ങു് എല്ലാ സ്കൂളുകളിലും നടപ്പിലാക്കി. വിദ്യാർത്ഥികൾ "ദൈവം ഇല്ലാ" എന്ന മുദ്രാവാക്യം ചൊല്ലിക്കൊണ്ടു് അദ്ധ്യാപകനെ സല്യൂട്ടു ചെയ്യണം. അപ്പോൾ അദ്ധ്യാപകൻ "അങ്ങനെ ഒന്നു ഒരിക്കലും ഉണ്ടായിരുന്നില്ല" എന്നു സല്യൂട്ടു് സ്വീകരിച്ചുകൊണ്ടു് മറുപടി പറയണം.

വിദ്യാഭ്യാസവകുപ്പു് സന്യാസസഭകളുടെ പ്രവർത്തനങ്ങളുടെ നിയന്ത്രണം ഏറെറടുത്തു. മതപരങ്ങളായ ആരാധനാക്രമങ്ങളുടെ നിയന്ത്രണങ്ങളെ കേന്ദ്രീകരിച്ചു പ്രവർത്തിക്കുന്നതിനു ഒരു പ്രത്യേകവകുപ്പുതന്നെ പുതുതായി സൃഷ്ടിക്കപ്പെട്ടു. സൈന്യസേവനം ചെയ്തിരുന്ന എല്ലാ വൈദികരേയും പിരിച്ചുവിട്ടു 1948 മുതൽ പൗരസ്ത്യറീത്തിൽ പെട്ട 2000 ത്തോളം കത്തോലിക്കാവൈദികരെ കത്തോലിക്കാസഭയെ ഉപേക്ഷിച്ചു കമ്മ്യൂണിസ്റ്റു് നിയന്ത്രണത്തിലുള്ള ഓർത്തഡോക്സ് സഭയിൽ ചേരുവാൻ കമ്മ്യൂണിസ്റ്റു് ഗവർമ്മെണ്ടു പരോക്ഷമായവിധം മർദ്ദനനയം ഉപയോഗിച്ചു നിർബന്ധിച്ചുകൊണ്ടിരുന്നു. തദ്സംബന്ധമായ ഗവർമ്മെണ്ടു കല്പനയെ പ്രതിഷേധിച്ചതിനു 700 പൗരസ്ത്യറീത്തുകാരായ വൈദികരെ 1948 ഒക്ടോബർ 28-ാം തീയതി അറസ്റ്റു ചെയ്തു തടങ്കലിലടച്ചു. അവരുടെ പള്ളികൾ കമ്മ്യൂണിസ്റ്റു് നിയന്ത്രണത്തിലുള്ള ഓർത്തഡോക്സ് പാത്രിയക്കീസു് ജസ്റ്റീനിയൻെറ അധികാരത്തിലേക്കു മാററപ്പെട്ടു. 1948 ഡിസംബർ 1-ാം തീയതി പ്രസിദ്ധപ്പെടുത്തിയ ഒരു ഗവർമ്മെണ്ടു്

St. Mary's Orphanage
INSTITUTE OF ENGINEERING
FATIMANAGAR, TRICHUR
Efficient Tuition by Experienced Staff:
Plenty of Fieldwork with
all necessary Engineering Instruments
Admission begins on July 1st 1957. Limited seats only.
Apply sharp to avoid disappointment. Prospectus available.

# വൈദികവിദ്യാർത്ഥി

(ബ്രദർ ജെ. കട്ടയ്ക്കൽ)

കഴിഞ്ഞ ആദ്യവെള്ളിയാഴ്ച പള്ളിയിൽനിന്നും വീട്ടിലേക്കു ഞാൻ വേഗം നടന്നുപോകുമ്പോൾ, വായിൽ അധികം പല്ലില്ലാത്ത ഒരു വൃദ്ധൻ എന്നെ തടഞ്ഞുനിറുത്തിക്കൊണ്ടു ചോദിക്കുകയാണ്, "ചെമ്മാച്ചാ, ചെമ്മാച്ചൻ മനുഷ്യനാണോ?" എന്നു്. വൃദ്ധന്റെ ഈ ചോദ്യംകേട്ടു് എനിക്കു് ആശ്ചര്യംതോന്നി. എങ്കിലും ചിരിച്ചുകൊണ്ടു് ഞാൻ പറഞ്ഞു: "ഞാൻ മനുഷ്യനല്ലെങ്കിൽ പിന്നെ എങ്ങനെയാണു് ശമ്മാശനാകുന്നതു് അപ്പാപ്പാ?" അപ്പോൾ ആ വൃദ്ധൻ പറഞ്ഞു: "ഈ ചെമന്ന അരക്കെട്ടു കണ്ടതുകൊണ്ടാണു് ഞാൻ ചോദിച്ചതു്." തത്ക്ഷണം ആ വയസ്സന്റെ ചോദ്യത്തിന്റെ അത്ഥം എനിക്കു മനസ്സിലായി. വായിൽ വേണ്ടത്ര പല്ലില്ലാതിരുന്നതുകൊണ്ടു് "മിഷനാണോ" എന്നു ചോദിച്ചതു് "മനുഷനാണോ" എന്നു മാറിപ്പോയതാണു്.

"ശമ്മാശന്മാർ" എന്നു വിളിക്കപ്പെടുന്ന വൈദികവിദ്യാത്ഥികൾ ഒരു പ്രത്യേകതരം ആളുകളായിട്ടാണു് പലരുടേയും ദൃഷ്ടിയിൽപ്പെടുന്നതു്. ആപാദകണ്ഠം ധവളവസ്ത്രം ധരിക്കുന്ന ഈ യുവാക്കന്മാർ ആരാണു്? ഇവർ എവിടെ പഠിക്കുന്നു; എന്താണിവർ പഠിക്കുന്നതു്; എത്രനാൾ പഠിക്കണം? ഇങ്ങനെ അനേകം കാര്യങ്ങൾ ശമ്മാശന്മാരെപ്പററി അറിയുവാൻ പലക്കും കൗതുകമുണ്ടാകും. കഴിഞ്ഞ ജൂൺമാസത്തിൽ ഞങ്ങൾ ഇരുപതിൽപ്പരം ശമ്മാശന്മാർ തൃശ്ശിനാപ്പള്ളിക്കുള്ള ട്രെയിനിൽ യാത്രചെയ്യുകയായിരുന്നു. ഈറോഡ് ജങ്ഷനിൽ കുറച്ചു താമസിക്കേണ്ടിവന്നു. ഞങ്ങൾ അവിടെയിറങ്ങി പ്ലാററ്ഫോറത്തിൽക്കൂടി നടക്കുകയായിരുന്നു. അപ്പോൾ വടക്കേ ഇൻഡ്യാക്കാരനായ ഒരഭ്യസ്തവിദ്യൻ ഞങ്ങളെ സമീപിച്ചു് മര്യാദപൂർവ്വം ഇങ്ങനെ ചോദിച്ചു: "May I know what this dress indicates?" ഈ വേഷം ധരിച്ചിട്ടുള്ള നിങ്ങൾ ആരാണു്? ഞങ്ങൾ കത്തോലിക്കാവൈദികവിദ്യാത്ഥികളാണെന്നും മററും അദ്ദേഹത്തെ പറഞ്ഞു മനസ്സിലാക്കി. ട്രെയിൻ നീങ്ങിത്തുടങ്ങി. ഞങ്ങൾ യാത്രതുടരുകയും ചെയ്തു.

ശമ്മാശന്മാരെപ്പററി ഇത്ര ജിജ്ഞാസാപൂർവ്വം പലരും പലതും ചോദിക്കുന്നതിനാൽ, വൈദികവിദ്യാർത്ഥികളെപ്പററി ചില വിവരങ്ങൾ ഇവിടെ കുറിക്കുന്നതു് ഉപകാരപ്രദമായിരിക്കുമല്ലോ.

സാധാരണയായി ഒൻപതുവർഷംകൊണ്ടാണു് വൈദികാഭ്യസനം പൂർത്തിയാകുന്നതു്. ആദ്യത്തെ രണ്ടുകൊല്ലം പെററിസെമ്മിനാരിയിലും (Petit Seminary) ബാക്കി ഏഴുകൊല്ലം വലിയ സെമ്മിനാരി (Major Seminary) യിലുമാണു് അഭ്യസനം നടത്തുന്നതു്. ഈ ഒൻപതുവർഷം മുഴുവനും വൈദികവിദ്യാർത്ഥികൾ എന്താണു പഠിക്കുന്നതു് എന്നു പലരും അത്ഭുതം പ്രകടിപ്പിക്കുന്നതായി കേട്ടിട്ടുണ്ടു്. അതുകൊണ്ടു് സെമ്മിനാരിയിലെ പഠനക്രമത്തെപ്പററി ചുരുക്കമായി പ്രതിപാദിക്കാം.

പെററിസെമ്മിനാരിയിൽചേന്നു് പഠനം തുടങ്ങുന്നതിനു കുറഞ്ഞതു് S. S. L. C. പരീക്ഷയെങ്കിലും പാസ്സായിരിക്കണം. സാമാന്യം നല്ല ബുദ്ധിശക്തിയും ആരോഗ്യവും വൈദികാത്ഥികുണ്ടായിരിക്കണം. സെമ്മിനാരിയിൽ വിദ്യാത്ഥികൾ സമൂഹമായി ജീവിക്കുന്നു. പെററിസെമ്മിനാരി ജീവിതകാലത്തു് ലാററിൻഭാഷയിൽ അവർ സാമാന്യം നല്ല ജ്ഞാനം സമ്പാദിക്കണം. തത്വശാസ്ത്രം, ദൈവശാസ്ത്രം, കാനൺ നിയമം മുതലായവയുടെ പ്രമാണഗ്രന്ഥങ്ങളെല്ലാം ലാററിൻഭാഷയിലാകയാൽ, ആ ഭാഷയിൽ നല്ല വിജ്ഞാനം വൈദികവിദ്യാർത്ഥിക്കു് അവശ്യം വേണ്ടതാണു്. സുറിയാനിറീത്തിൽ വൈദികന്മാരായിത്തീരാനുള്ളവർ പെററിസെമ്മിനാരിയിൽ ലാററിൻപഠിക്കുന്നതോടൊപ്പം സുറിയാനിയും പഠിക്കണം. ലാററിൻ, സുറിയാനി എന്നീ ഭാഷകൾക്കു പുറമെ ഇംഗ്ലീഷും വിജ്ഞാനപ്രദങ്ങളായ മററു പല വിഷയങ്ങളും അവിടെ പഠിപ്പിക്കുന്നുണ്ടു്.

പെററിസെമ്മിനാരിയിലെ പഠനം പൂർത്തിയാകുമ്പോൾ വൈദികാർത്ഥികൾ വലിയ സെമ്മിനാരിയിലേക്കു അയക്കപ്പെടുന്നു. ഇൻഡ്യയിൽ ഇപ്പോൾ പതിനൊന്നു മേജർസെമ്മിനാരികളാണുള്ളതു്. അവ, അലഹബാദ്, ബാംഗളൂർ, ബോംബെ, ഗോവാ, പൂനമലി, മാംഗ്ളൂർ, നെല്ലൂർ, പൂനാ, റാഞ്ചി, തൃശ്ശിനാപ്പള്ളി, ആലുവാ എന്നീ സ്ഥലങ്ങളിലാണു്. ഈ പതിനൊന്നു വലിയ സെമ്മിനാരികളിലായി, 1953 ലെ കണക്കനുസരിച്ചു് 1250-ൽ അധികം വൈദികവിദ്യാർത്ഥികൾ പഠിച്ചിരുന്നു. ഇപ്പോൾ എണ്ണം കുറേക്കൂടി കൂടിയിട്ടുണ്ടാവാം. ഇവ കൂടാതെ ഓരോ സന്യാസസഭയ്ക്കും അതതിന്റേതായ സെമ്മിനാരികളുമുണ്ടു്. പെററിസെമ്മിനാരികൾ മിക്ക രൂപതകളിലുമുണ്ടു്. 1953-ലെ കണക്കനുസരിച്ചു് ഇൻഡ്യയിൽ 42 പെററിസെമ്മിനാരികളിലായി 1200-ൽ അധികം വിദ്യാർത്ഥികൾ ഉണ്ടായിരുന്നു.

വലിയ സെമ്മിനാരിയിൽ ഏഴുകൊല്ലത്തെ അദ്ധ്യയനം ഉണ്ടെന്നു പറഞ്ഞല്ലോ. ഇതിൽ ആദ്യത്തെ മൂന്നുകൊല്ലം തത്വശാസ്ത്രവും (Philosophy) പിന്നത്തെ നാലുകൊല്ലം ദൈവശാസ്ത്രവും (Theology) ആണു് പഠിപ്പിക്കപ്പെടുന്നതു്. Logic, Critics, Ethics, Metaphysics, Cosmology, Psychology, Natural Theology ഈ വിഷയങ്ങളാണു് തത്വശാസ്ത്രപഠനകാലത്തു് പഠനീയങ്ങൾ. Dogmatic Theology, Moral Theology, Canon Law, Holy Scripture, Church History മുതലായ വിഷയങ്ങളാണു് ദൈവശാസ്ത്രപഠനകാലത്തു് വൈദികവിദ്യാത്ഥി പഠിക്കുന്നതു്. ഇവയ്ക്കു പുറമെ, ദൈവശാസ്ത്രത്തോടും തത്വശാസ്ത്രത്തോടും ബന്ധപ്പെട്ട മററു പല പ്രശ്നങ്ങളും വൈദികവിദ്യാലയത്തിൽ ചർച്ചചെയ്യപ്പെടാറുണ്ടു്.

ദൈവശാസ്ത്രപഠനം ആരംഭിക്കുന്നതോടുകൂടി പട്ടങ്ങളും നൽകപ്പെടുന്നു. ആസ്ഥപ്പാടുപട്ടം (Tonsure) ആണു് ആദ്യം നൽകപ്പെടുന്നതു്. ദ്വാരപാലകൻ (Ostiariatus), വായനക്കാരൻ (Lectoratus) പിശാചിനെ ഓടിക്കൽ (Exorcitatus), പൂജാസഹായി (Acolytatus), അഞ്ചാംപട്ടക്കാരൻ (Subdiaconatus), ആറാംപട്ടക്കാരൻ (Diaconatus), വൈദികൻ (Presbyteratus), മെത്രാൻ (Episcopatus) ഇതാണു് മററു പട്ടങ്ങളുടെ ക്രമം. മെത്രാൻപട്ടം എല്ലാവക്കും നൽകപ്പെടുന്നതല്ലല്ലോ.

ശമ്മാശന്മാരെല്ലാവരും ഒരേനിറത്തിലുള്ള അരക്കെട്ടല്ല ധരിക്കുന്നതു് എന്നുള്ളതാണു് പലരിലും ചിന്താക്കുഴപ്പമുളവാക്കുന്ന ഒരു സംഗതി. ചിലക്കു് ചുവന്ന അരക്കെട്ടു്, ചിലക്കു വെളുത്തതു്, ചിലക്കു കറുത്തതു്, ചിലക്കു കെട്ടേ

(ശേഷം 5-ാംപേജിൽ)

## ഉപകാരസ്മരണ



ഉദ്ദിഷ്ടകാര്യം സാധിച്ചതിനു ഉപകാരസ്മരണ.

കെ. പി. ആൻറണി
ചിറക്കൽ, കുറുമ്പിലാവു്.

"ശ്മശ്" എന്ന സുറിയാനിക്രിയയ്ക്കു് ശുശ്രൂഷചെയ്യുക എന്നാണർത്ഥം. അതിനാൽ "ശമ്മാശൻ" എന്ന പദത്തിനു് ശുശ്രൂഷചെയ്യുന്നവൻ എന്നർത്ഥമാകും. ദേവാലയശുശ്രൂഷകളിൽ വൈദികന്മാരെ സഹായിക്കേണ്ടതു് ശമ്മാശന്മാരുടെ ചുമതലയാണു്. "ക്ലേരിക്കൂസ്" (clericus) എന്ന ലാററിൻ പദത്തിനു് ശമ്മാശൻ എന്നർത്ഥമുണ്ടു്. അതിനാൽ ചില സ്ഥലങ്ങളിൽ വൈദികവിദ്യാർത്ഥി "ക്ലേരി" എന്നും വിളിക്കപ്പെടുന്നു. വൈദികവിദ്യാർത്ഥികളെ പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയുംചെയ്യുന്നതു് സെമ്മിനാരികളിലാണു്. ബീജം അല്ലെങ്കിൽ വിത്തു് എന്നർത്ഥമുള്ള (semen) സേമൻ എന്ന ലാററിൻപദത്തിൽനിന്നു് "സെമിനാരിയും" (seminarium) എന്ന പദമുണ്ടായി. ഇതിന്റെ ഇംഗ്ലീഷ്‌രൂപമാണു് seminary. വിത്തുകൾ ശേഖരിക്കുന്ന സ്ഥലം എന്നു് "സെമ്മിനാരി"ക്കു് അർത്ഥംകൊടുക്കാം. ദൈവവചനമാകുന്ന വിത്തു് മനുഷ്യഹൃദയങ്ങളിൽ വിതയ്ക്കേണ്ട ഭാവിവൈദികന്മാരെ വാർത്തെടുക്കുന്ന മൂശയാണു് സെമ്മിനാരി അഥവാ വൈദികവിദ്യാലയം.

വിളംബരം വഴിയായി കത്തോലിക്കാസഭയുടെ പൗരസ്ത്യറീത്തുവിഭാഗത്തെ അങ്ങനെതന്നെ ലിക്വിഡേററു ചെയ്തു. അതേസംബന്ധിച്ചു "യൂണിവേർസൽ" എന്ന കമ്മ്യൂണിസ്റ്റു് പത്രം ഇങ്ങനെ എഴുതി: "ഭാവിയിൽ വൈദികർ നവീനജനതയുടെ ജനാധിപത്യആദർശത്തോടു യോജിച്ചുകൊണ്ടു് പ്രവർത്തിക്കണം. ദൈവശാസ്ത്രം സ്ലലിനിസത്തോടു രമ്യപ്പെട്ടുപോകുന്ന വിധത്തിൽ പുതുക്കി എഴുതണം". 1949 ൽ എല്ലാ സന്യാസസഭകളും നിർത്തലാക്കി.

ലത്തീൻസഭയുടെ മേലദ്ധ്യക്ഷനായ ബിഷപ്പ് പാററ്റിക്ക് ഹാരാ ലത്തീൻ റീത്തിനെ സംരക്ഷിക്കുവാൻ കമ്മ്യൂണിസ്റ്റു് അക്രമങ്ങളെ ധീരതയോടെ ചെറുത്തുനിന്നു. പക്ഷെ 1950-ൽ 72 മണിക്കൂറിന്റെ നോട്ടീസുകൊടുത്തു അദ്ദേഹം നാടുകടത്തപ്പെട്ടതോടെ ലത്തീൻ സഭയുടെ മരണമണിയടിച്ചു. ആഗസ്റ്റു് മാസത്തിൽ ലത്തീൻ സഭയുടെ സ്വത്തു് മുഴുവൻ "ജനകീയ കത്തോലിക്കാസഭ" എന്ന കമ്മ്യൂണിസ്റ്റു് ഗവമ്മെണ്ടിന്റെ ഒരു പാവയായി വർത്തിക്കുന്ന സഭാവിഭാഗത്തിനു നൽകപ്പെട്ടു. ഈ സന്ദർഭത്തിൽ വത്തിക്കാൻ റേഡിയോ അതിനിഷ്ഠുരമായ ഈ ആക്രമണത്തിൽ 700 വൈദികർ കൊല്ലപ്പെട്ടുവെന്നു പ്രഖ്യാപിച്ചു.

ഇന്നു റുമേനിയായിൽ കത്തോലിക്കാസഭ നിശ്ശബ്ദമാണു്. അവിശ്വാസിയായ ജസ്റ്റീനിയൻ പാത്രിയക്കീസിന്റെ സ്വരം മാത്രമേ ഇന്നു റുമേനിയായിൽ എവിടെയും കേൾക്കപ്പെടുന്നുള്ളൂ. എന്നിരുന്നാലും 1948 ജൂൺ 29-ാം തീയതി പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾദിനം പൗരസ്ത്യറീത്തിലെ മെത്രാന്മാർ എല്ലാവരുംകൂടി പുറപ്പെടുവിച്ച ഒരു ഇടയലേഖനത്തിന്റെ സ്വരം ഇന്നു ലോകത്തിന്റെ എല്ലാ ഭാഗങ്ങളിലുമുള്ള ജനങ്ങളുടെ ഹൃദയങ്ങളിൽ മുഴങ്ങുന്നുണ്ടു്. അതിലെ മർമ്മപ്രധാനമായ ഒരു വാക്യം താഴെ ചേക്കുന്നു. "മാർപ്പാപ്പയോടു നമ്മെ ബന്ധിച്ചിരിക്കുന്ന കെട്ടുകൾ മനുഷ്യരാൽ ഉണ്ടാക്കിയിട്ടുള്ളവയല്ല, പ്രത്യുത ദൈവത്താൽ പ്രദാനംചെയ്തിട്ടുള്ളതാണു്."

ആദ്ധ്യാത്മികവീഥി

# ദൈവവിളി—കുടുംബം

ദൈവത്തിന്റെ വത്സലമക്കളേ,

കുട്ടികൾക്കു ഒരു പത്തുപതിനാറു വയസ്സെങ്കിലും ആകുന്നതിനുമുൻപു അവരുടെ ദൈവവിളിയെക്കുറിച്ചു ഒന്നും സംസാരിക്കേണ്ടതില്ലെന്നു പലക്കും ഒരഭിപ്രായമുണ്ടു്. അതിനുമുൻപു തൽസംബന്ധമായി ഒരു തീരുമാനം ചെയ്യുന്നതു ശരിയല്ലെന്നു സമ്മതിക്കാം. തിരുസഭ അതിനു അനുവദിക്കുന്നുമില്ല. എന്നാൽ തിന്മ പഠിക്കുന്നതിനു മുൻപുതന്നെ, ദുഷിച്ച കൂട്ടുകാരുടെയും മററും സഹവാസത്താൽ ചില ദുസ്തഴക്കങ്ങൾക്കു് അടിമപ്പെട്ടുപോകുന്നതിനു മുൻപു ദൈവത്തിനായി സ്വയം പ്രതിഷ്ഠിക്കുന്നതിന്റെ മാഹാത്മ്യത്തെക്കുറിച്ചു കുട്ടികളോടു സംസാരിക്കുന്നതു് കൂടുതൽ ഫലപ്രദമാണെന്നു് അനുഭവംതന്നെ തെളിയിക്കുന്നുണ്ടു്.

ഫ്റാൻസിൽ ഒരു രൂപതയിൽ കുട്ടികൾക്കു 12 വയസ്സു തികയുന്നതിനു മുൻപുതന്നെ ദൈവവിളിയുടെ മാഹാത്മ്യത്തെക്കുറിച്ചു പറഞ്ഞു അവരെ ധരിപ്പിക്കുന്നതിനു മാതാപിതാക്കന്മാരും, അദ്ധ്യാപകന്മാരും, ഇടവക വികാരികളും മററും ശ്രമിക്കുന്നതിന്റെ ഫലമായി ആ രൂപതയിലെ ആവശ്യം കഴിഞ്ഞു അയൽരൂപതകളിലേക്കു അയക്കാൻമാത്രം വൈദികരെയും സന്യാസികളെയും സന്യാസിനികളെയും ലഭിക്കുന്നതായി എവിടെയോ വായിച്ചതായി ഓർമ്മിക്കുന്നു.

അതിൽ അത്ഭുതപ്പെടാനില്ല. കുട്ടികൾ നിഷ്കളങ്കരായിരിക്കുമ്പോൾ ദൈവികവും സ്വർഗ്ഗീയവുമായ കാര്യങ്ങളിലേക്കു അവരുടെ ശ്രദ്ധയെ നിഷ്പ്രയാസം തിരിച്ചുവിടാം. യാതൊരു വിഷമവും കൂടാതെ അവയെല്ലാം അവർ വിശ്വസിക്കുകയും ചെയ്യും. അക്കാലത്തു ഉൽകൃഷ്ടമായ ഒരു ജീവിതത്തിനായുള്ള ആഗ്രഹം അവരിൽ അങ്കുരിപ്പിച്ചാൽതങ്ങളുടെആത്മാവിനെ മലിനപ്പെടുത്താതിരിക്കാൻ അവർ സൂക്ഷിക്കുമെന്നു മാത്രമല്ല പല പുണ്യാഭ്യാസങ്ങളാൽ അതിനെ അലങ്കരിക്കുന്നതിൻ ശ്രമിക്കുകയും ചെയ്യും. അതിന്റെ ഫലമായി യാഥാർത്ഥ്യത്തിൽ വൈദികജീവിതത്തിനോ സന്യാസജീവിതത്തിനോ ദൈവം അവരെ വിളിച്ചിട്ടുണ്ടെങ്കിൽ അവർ ആ വിളിയെ നഷ്ടപ്പെടുത്താതെ ഉത്തമവൈദികരോ സന്യാസികളോ ആയിത്തീരും.

മറിച്ചു കുടുംബജീവിതത്തിനാണു് ദൈവം അവരെ ഉദ്ദേശിച്ചിരുന്നതെങ്കിൽ അവർ ഉത്തമമാതാപിതാക്കന്മാരായിത്തീരുകയും വി. കൊച്ചുത്രേസ്യായുടെ അപ്പനേയും അമ്മയേയും പോലെ തങ്ങൾക്കു നിഷേധിക്കപ്പെട്ട ഭാഗ്യം മക്കൾക്കു കൈവരുന്നതിനായി പ്രാത്ഥിക്കുകയും പ്രയത്നിക്കുകയും ചെയ്യും.

ചെറുപ്പത്തിൽ യാതൊരു ഉന്നതമായ ആശയവുമില്ലാതെ ആരുടെക്കൂടെയും സഹവസിക്കുന്നതിനും എന്തും വായിക്കുന്നതിനും എന്തും ചെയ്യുന്നതിനും തടസ്സമില്ലാതെ നടക്കുന്ന കുട്ടികൾ പത്തുപതിനാറു വയസ്സാകുമ്പോഴേക്കു ദുഷിച്ചു വശായി വെറും ജഡികമായ കാര്യങ്ങൾക്കു മേലായി യാതൊന്നിനെക്കുറിച്ചും ചിന്തിക്കുന്നതിനോ ആദ്ധ്യാത്മികമായ സംഗതികൾ ഗ്രഹിക്കുന്നതിനോ അപ്രാപ്തരായിത്തീരുന്നു. നല്ല സംഗതികളെക്കുറിച്ചു പറഞ്ഞാൽ ശ്രദ്ധിക്കുകതന്നെ പ്രയാസം. ശ്രദ്ധിച്ചാൽ തന്നെയും തങ്ങളെ സംബന്ധിക്കാത്ത എന്തോ കാര്യംപോലെയേ കേൾക്കുകയുള്ളൂ. ഇവർ ബാഹ്യമായ വല്ല സമ്മർദ്ദവുംമൂലം സെമ്മിനാരികളിലോ സന്യാസസഭകളിലോ ചേർന്നാൽതന്നെയും വളരെ പരിശ്രമിച്ചു സ്വയം നിഗ്രഹിക്കാത്തപക്ഷം പഴയ തഴക്കത്തിലേക്കു തിരികെ വന്നു സഭയ്ക്കു ദുഷ്കീർത്തിയും തങ്ങൾക്കു തന്നെയും മററു പലക്കും ആത്മനാശവും വരുത്തിവയ്ക്കും.

അതിനാൽ എത്ര ചെറുപ്പത്തിലെ കുട്ടികളെ നല്ല വഴിക്കു തിരിച്ചു വിടുന്നുവോ അത്രയും നല്ലതു്.

പ്രാത്ഥനയുടെ ഐക്യത്തിൽ
സ്വന്തം ആത്മപിതാവു്.



# നിങ്ങളുടെ മകനെയും മകളെയും സൂക്ഷിക്കുക

(ഫാദർ ക്രിസ്റ്റ്യൻ ടി. ഒ. സി. ഡി.)

(തുടർച്ച)

### രണ്ടു തെററുകൾ

ദൈവം വിളിക്കാത്തവരെ, വൈദികജീവിതത്തിലേക്കും സന്യാസാന്തസ്സിലേക്കും തള്ളിവിടുകയെന്നതാണു് ഒന്നാമത്തെ തെററ്. മറെറാന്നു്, സാക്ഷാൽ ദൈവവിളിയുള്ളവരെ അവരുടെ ദൈവവിളി ശരിക്കനുസരിക്കാൻ അനുവദിക്കാതിരിക്കുകയോ, അതിനായുള്ള അവരുടെ പരിശ്രമത്തിൽ പ്രതിബന്ധങ്ങളും അപകടസാഹചര്യങ്ങളും വരുത്തിവെക്കുകയോ ചെയ്യുന്നതു്. ഈ ഇരുതെററുകളിൽനിന്നും മാതാപിതാക്കൾ തുടങ്ങി, കുട്ടികളുടെ വളർത്തലിലും പരിശീലനത്തിലും ഏർപ്പെട്ടിരിക്കുന്നവർ എല്ലാം വിവേകത്തോടും ക്രൈസ്തവാരൂപിയോടുംകൂടി, അകന്നുമാറേണ്ടതാണെന്നു് തിരുസഭയുടെ കാനൻനിയമസംഹിത അനുശാസിക്കുന്നു. "ആരെങ്കിലും, ഏതെങ്കിലും വിധത്തിലോ കാരണത്താലോ ഒരാളെ വൈദികജീവിതമോ സന്യാസജീവിതമോ ആശ്ലേഷിക്കുവാനോ, നിയമാനുസൃതം യോഗ്യനായിരിക്കെ, ആ ജീവിതസ്ഥിതി സ്വീകരിക്കുന്നതിൽനിന്നു പിൻമാറുവാനോ, നിർബന്ധിക്കുന്നതു് കുററകരമാണു്" എന്നത്രെ 971-ാംനിയമം. ഇപ്രകാരം നിർബന്ധിക്കുന്നവർക്കു് തിരുസഭ നിശ്ചയിച്ചിരിക്കുന്ന ശിക്ഷയും വളരെ ഗുരുതരമാണു്. എത്ര ഉന്നതപദവിയിലുള്ളവനായാലും ശരി, ആ തെററുചെയ്യുന്നതിനാൽ "മഹറോൻ"ശിക്ഷ അയാളിൽ വന്നു ഭവിക്കുന്നു. നോക്കുക, തിരുസഭ ഓരോ വ്യക്തിയുടേയും മനസ്സാക്ഷിസ്വാതന്ത്ര്യത്തെ എത്രമാത്രം വിലമതിക്കുന്നു എന്നു്; വിളിക്കപ്പെട്ടവർ മാത്രവും, അതുപോലെതന്നെ വിളിക്കപ്പെട്ടവരെല്ലാവരും, ഓരോരുത്തർക്കു നൽകപ്പെട്ട വിളിക്കനുസരണവും, തൻെറ പുരോഹിതരുടേയും സന്യാസികളുടേയും ഗണത്തിൽ പ്രവേശിക്കുവാൻ, അവൾ എത്ര നിഷ്കർഷാപൂർവ്വവും മുൻനോട്ടത്തോടുകൂടെയുമാണു് ക്രമീകരണങ്ങൾ ചെയ്തിരിക്കുന്നതെന്നു്. പരി. പിതാവു് പതിനൊന്നാംപീയൂസിൻെറ വാക്കുകളിൽ വൈദികരും സന്യാസികളും "വിശുദ്ധവേദിയിലെ കുസുമഗണങ്ങ"ളാണു്. അവരെ അവിടേയ്ക്കു നിയോഗിക്കുന്നതിലോ, അതിനോടു വിയോജിക്കുന്നതിലോ കേവലം ലൗകികവും മാനുഷികവുമായ ചിന്തകൾക്കോ ലാക്കുകൾക്കോ സ്ഥാനം അനുവദിച്ചുകൂടാത്തതാകുന്നു.

ദൈവവിളിയുടെ നിയമപരമായ ലക്ഷണങ്ങളെല്ലാം തികഞ്ഞ ഒരു മകനെ അല്ലെങ്കിൽ മകളെ, ആ വിളിക്കനുസരിക്കാൻ അനുവദിക്കാതിരിക്കുക ഏററം അനീതിപരവും ഒരു ക്രൈസ്തവനു് ഒട്ടും ചേരാത്തതുമാണെന്നു പറയേണ്ടിയിരിക്കുന്നു. ആ മകനോ മകളോ, കുടുംബത്തുനിന്നാൽ ഉളവായേക്കാമെന്നു പ്രതീക്ഷിക്കുന്ന ലൗകികലാഭമോ പേരോ പെരുമയോ അവരെ വ്യാമോഹിപ്പിച്ചെന്നുവരാം. അല്ലെങ്കിൽ തങ്ങളുടെ ആ സന്താനം തിരഞ്ഞെടുക്കുന്ന ജീവിതാവസ്ഥ സ്വകുടുംബത്തിനും തങ്ങൾക്കുതന്നെയുമുള്ള നിലയ്ക്കും വിലയ്ക്കും ചേരുന്നതല്ല എന്നു തെററിദ്ധരിക്കുന്നുണ്ടാവാം. ഈവിധ സ്വാർത്ഥതയോ വ്യർത്ഥാഭിമാനചിന്തയോ ആയിരിക്കാം മിക്കവാറും മാതാപിതാക്കന്മാരെ ഈ സാഹസകൃത്യത്തിനു പ്രേരിപ്പിക്കുന്നതു്. മാതാപിതാക്കന്മാരുടെ ഈദൃശമായ പ്രേരണയ്ക്കു വഴിപ്പെട്ടു ആ യുവാവോ യുവതിയോ, തനിക്കായി ദൈവം നിശ്ചയിച്ച ജീവിതാവസ്ഥ ആശ്ലേഷിക്കുന്നതിൽനിന്നു് പിൻമാറുന്നെങ്കിൽ, അതു് എത്ര അധമവും ഭീരുക്കൾക്കു ചേർന്നതുമായ പ്രവർത്തനനയമായിരിക്കും. നാമൊന്നു മനസ്സിലാക്കണം. നാമല്ല നമ്മുടെ കുഞ്ഞുങ്ങളുടെ സർവ്വനാഥന്മാർ. നാം ദൈവത്തിൻെറ സ്ഥാനത്തു് അങ്ങയുടെ സഹായികളായി അങ്ങേയ്ക്കുവേണ്ടി അവരെ കാത്തു സംരക്ഷിക്കുകയും പോററിവളർത്തുകയും ചെയ്യുന്നവർ മാത്രമാണു്. നാമും നമ്മുടെ കുഞ്ഞുങ്ങളും സർവ്വകാര്യങ്ങളിലും സർവ്വസമയവും ദൈവഹിതത്തിനു വിധേയരായി വർത്തിക്കുകയെന്നതാണു് നീതിക്കും യുക്തിക്കും ചേർന്നപ്രവർത്തനനയം. മാത്രമല്ല, തനിക്കു ലഭിച്ചിരിക്കുന്ന ദൈവാഹ്വാനത്തെ, മാതാപിതാക്കന്മാരുടെയോ മററാരുടെയെങ്കിലുമോ ഇഷ്ടാനിഷ്ടങ്ങൾവകവെയ്ക്കാതെ തന്നെ പിൻചെല്ലുന്നതിനു് ഒരു യുവാവിനു് അല്ലെങ്കിൽ യുവതിക്കവകാശമുണ്ടെന്നുള്ളതും നാം വിസ്മരിക്കരുതു്. "എന്നെക്കാൾക്കൂടുതലായി അപ്പനേയോ, അമ്മയേയോ സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല; എന്നെക്കാൾ കൂടുതലായി മകനേയോ മകളെയോ സ്നേഹിക്കുന്നവനും എനിക്കു യോഗ്യനല്ല." (മത്താ: 10;37) മക്കൾക്കു മാതാപിതാക്കളോടുണ്ടാകേണ്ട സ്നേഹബഹുമാനങ്ങളെയോ, വിധേയമനഃസ്ഥിതിയേയോ അതുപോലെതന്നെ കുടുംബഭരണത്തിനും കുട്ടികളുടെ വളർത്തലിനും മാതാപിതാക്കൾക്കു ദൈവദത്തമായുള്ള അധികാരാവകാശങ്ങളെയോ ഉത്തരവാദിത്വത്തേയോ, ചോദ്യം ചെയ്യുന്നതല്ല ഈ പ്രസ്താവനയെന്നു ധരിക്കണം. അതിനാൽ, നമ്മുടെ കുഞ്ഞുങ്ങളെ സംബന്ധിച്ചുള്ള ദൈവഹിതത്തെ നാം വിഗണിക്കുകയോ, മറിച്ചു വ്യാഖ്യാനിക്കുകയോ ആണു ചെയ്യുന്നതെങ്കിൽ അതു് ദൈവനീതിക്കും അവിടുത്തെ സ്നേഹപരിപാലനയ്ക്കും നേരെ ചെയ്യുന്ന ഒരു കൈയേററമായിരിക്കും. ഇതുകൊണ്ടുതന്നെയാണു് തിരുസഭ ഈദൃശപ്രവർത്തനങ്ങളെ ഏററം കുററകരവും ശിക്ഷാർഹവുമായി പരിഗണിക്കുന്നതും.

സന്യാസജീവിതത്തിനായി അതും ഒരു പ്രത്യേകസഭയിൽ പ്രവേശിക്കുവാൻ, ദൈവത്താൽ വിളിക്കപ്പെടുന്ന ഒരു മകനെ രൂപതാവൈദികനാകുവാനോ, തങ്ങൾക്കു് ഏതെങ്കിലും കാരണത്താൽ ഇഷ്ടപ്പെടുന്ന സന്യാസസഭയിൽ പ്രവേശിക്കുവാനോ നിർബന്ധിക്കുന്നതും; സ്വദേശംവിട്ടു് വിളഞ്ഞുവെളുത്തുകിടക്കുന്ന വിദേശമിഷ്യൻവയലുകളിലേക്കു വേലയ്ക്കുപോകുവാനാണു് ദൈവം തന്നെ ക്ഷണിക്കുന്നതെന്നു മനസ്സിലാക്കുന്ന ഒരു പുത്രനേയോ പുത്രിയേയോ ആ ഉദ്യമത്തിൽനിന്നു പിന്മാററി സ്വദേശത്തു താമസിപ്പിക്കുന്നതും ദൈവനിശ്ചയത്തോടുള്ള എതിർപ്പുതന്നെയാണു്.

### സ്വാഭാവികത്തെ അതിസ്വാഭാവികമാക്കി പകർത്തുക

മക്കൾ മാതാപിതാക്കൾക്കു വത്സലരാണു്. തങ്ങൾക്കു എപ്പോഴും പ്രത്യേകം വാർദ്ധക്യത്തിലും മരണാവസരത്തിലും സഹായവും ആശ്വാസവും അരുളത്തക്കവിധം, അവർ തങ്ങളുടെ സമീപത്തുണ്ടായിരിക്കണമെന്ന മാതാപിതാക്കളുടെ അഭിലാഷവും സ്വാഭാവികമാണു്. തങ്ങൾ പാലൂട്ടി വളർത്തി [illegible]ളിൽ അവർ വയ്ക്കുന്ന ഈ പ്രതീക്ഷ ഒരപരാധവുമല്ല. പക്ഷെ ആ ആഗ്രഹവും പ്രതീക്ഷയുമെല്ലാം ദൈവഹിതത്തിനു കീഴ്പ്പെടുത്തുകയെന്നതു് ദൈവപരിപാലനയിൽ വിശ്വസിക്കുന്ന ഏതൊരുവൻെറയും കടമയാണെന്നുള്ളതു് വിസ്മരിച്ചുകൂടാ. ദൈവാനുഗ്രഹം കൂടാതെ, അവിടുന്നു തിരുഹിതമാകുന്നില്ലെങ്കിൽ, നമ്മുടെ ഏതു പ്രതീക്ഷയാണു്, ഏതു പരിശ്രമമാണു് പ്രവൃത്തിയിലാകുകയോ വിജയം ചൂടുകയോ ചെയ്യുക? ദൈവഹിതത്തെ ഭയത്തോടും അവജ്ഞയോടും അരിശവും ശരസവും കലർന്ന ഭാവത്തോടുംകൂടി വീക്ഷിക്കുന്നവരെ സംബന്ധിച്ചിടത്തോളം അവരുടെ സുപ്രതീക്ഷകളെല്ലാം തകിടം മറിഞ്ഞു് നിലംപരിശായിട്ടുള്ള സംഭവങ്ങൾക്കു നമ്മുടെ നാടുതന്നെ എത്രതവണ സാക്ഷിനിന്നിട്ടുണ്ടാവണം! മറിച്ചു് ദൈവഹിതത്തോടു് ഔദാര്യപൂർവ്വം സഹകരിക്കുന്നവരേയും അവരുടെ കുടുംബത്തെയും അവിടുന്നു് ഒന്നിനു നൂറായി അനുഗ്രഹിച്ചിട്ടുള്ളതിനും നമ്മുടെ നാട്ടിൽ ഉദാഹരണം വിരളമല്ല. പൂർവ്വനിയമത്തിലെ അബ്രാഹത്തിൻെറയും, ഇസഹാക്കിൻെറയും ചെറിയ തോബിയാസിൻെറയും മററും കഥകൾ ഇന്നും എത്രയെത്ര കുടുംബങ്ങളിൽ ആവർത്തിക്കപ്പെടുന്നില്ല? ദൈവം തന്നു, ദൈവം വിളിച്ചു, ദൈവത്തിനു കൊടുത്തു എന്നു തങ്ങളിൽനിന്നകന്നു് സന്യാസഭിത്തികൾക്കുള്ളിലും, മിഷ്യൻവയലുകളിലും ജീവിക്കുന്ന സ്വസന്താനങ്ങളെ സംബന്ധിച്ചു സമാശ്വസിക്കുന്ന വൃദ്ധമാതാപിതാക്കളും കുറവല്ല നമ്മുടെ ഇടയിൽ. "മകനെ, നീ പട്ടത്തിനു പോകുന്നെങ്കിൽ, ഒരു സന്യാസപ്പട്ടക്കാരനോ മിഷ്യനറിയോ ആയിക്കാണാനാണു് ഞങ്ങളുടെ ആഗ്രഹം" എന്ന വാക്കുകളാൽ തങ്ങൾക്കു ഔദാര്യപൂർവ്വം ഉപദേശവും ധൈര്യവും നൽകിയ മാതാപിതാക്കളുടെ മധുരസ്മരണ കൃതജ്ഞതാഭരിതരായി നിലനിർത്തുന്ന മിഷ്യനറിമാരുടേയും സന്യാസികളുടേയും സംഖ്യയും ഒട്ടും ചെറുതല്ല. ഇവരുടെ മാതാപിതാക്കൾക്കു് തങ്ങളുടെ മക്കളെ വിട്ടുപിരിയുന്നതിൽ സങ്കടമില്ലാഞ്ഞിട്ടല്ല; പ്രത്യുത അവർക്കു് സ്വാഭാവികമായുണ്ടാകാവുന്ന ദുഃഖത്തെ അതിസ്വാഭാവികമായ ഒരു പ്രേരണാശക്തിക്കു് അവർ കീഴ്പ്പെടുത്തിയതിനാലാണു് ഈവിധം മഹാമനസ്കതയോടെ പ്രവർത്തിക്കുവാൻ അവർക്കു കഴിഞ്ഞതു്. ഒരു നല്ല ഉദ്യോഗം കിട്ടുമെന്നോ, കുടികയററത്തിനു സൗകര്യമുണ്ടെന്നോ, പരീക്ഷാവിജയം സുസാദ്ധ്യമെന്നോ കാണുമ്പോൾ തങ്ങളുടെ മക്കളെ വിട്ടുപിരിയുവാൻ യാതൊരു മാതാവും യാതൊരു പിതാവും വിമുഖതകാണിക്കുന്നില്ലല്ലോ. ഒരനുദിനസംഭവമാണിതു്. വേർപാടിൽ കുറേ ദുഖമനുഭവവേദ്യമായേക്കാം. അതു് സ്വാഭാവികമാണു്. എന്നാൽ ആ ദുഖത്തെ വിജയിച്ചടക്കുവാൻ കെല്പുനൽകുന്ന ഒരു പ്രേരണാശക്തി അവരുടെ ലക്ഷ്യത്തിലുണ്ടു്.

### ഒരു തത്വം

വിവാഹിതരാകുന്ന മക്കളെ വിട്ടുപിരിയുവാൻ മാതാപിതാക്കൾ വിമുഖത കാണിക്കാറില്ല. ഇതു "അതിനാൽ പുരുഷൻ തൻെറ അപ്പനേയും അമ്മയേയും വിട്ടു് തൻെറ ഭാര്യയോടു ചേർന്നിരിക്കും..." (മത്താ: 19; 5) എന്ന സുവിശേഷവാക്യത്തെപ്പററി അവർ വിചിന്തനംചെയ്യുന്നതുകൊണ്ടാണെന്നു പറയാമോ? ഈ സുവിശേഷോക്തിക്കും അടിസ്ഥാനമായി മനുഷ്യപ്രകൃതിയിൽ ലയിച്ചുകിടപ്പുണ്ടു് ഒരു തത്വം. അതായതു് ഒരുവൻെറ സ്നേഹത്തെ കൂടുതലായി അർഹിക്കുന്ന ഒരു വിഷയത്തിനുമുമ്പിൽ താരതമ്യേന കുറച്ചുമാത്രം സ്നേഹയോഗ്യമായവയോടുള്ള സ്നേഹം അത്ര അനുഭവവേദ്യമാകുകയില്ല എന്നു്. ഏററം സ്വാഭാവികവും യുക്തിപൂർണ്ണവുമായ ഈ തത്വത്തെയാണു് പ്രവർത്തിപരമായി മാതാപിതാക്കൾ ഇവിടെ അംഗീകരിച്ചുകാണിക്കുന്നതു്.


ഒരിക്കൽ ധീരനായ ഒരു ബെൽജിയൻ സേനാനി, തൻെറ പ്രിയപത്നിക്കും വത്സലകുഞ്ഞുങ്ങൾക്കുമായി ഇപ്രകാരമെഴുതി: "ഇതുവരെ ഞാൻ വിചാരിച്ചിരുന്നു, നിങ്ങളെയാണു് ഈ ലോകത്തിൽവച്ചു് ഏററം പ്രിയപ്പെട്ടവരായി ഞാൻ കരുതുകയും സ്നേഹിക്കുകയും ചെയ്യുന്നതെന്നു്. പക്ഷെ എനിക്കു തെററുപററി. നമ്മുടെ മാതൃഭൂമി എല്ലാററിനും മുമ്പായി എൻെറ സ്നേഹമർഹിക്കുന്നു. ഇനി ഞാൻ ഒരു പിതാവോ, ഭർത്താവോ എന്നതിനേക്കാൾ, സ്വരാജ്യസേവനത്തിനായി എൻെറ കരബലം എത്രകാലത്തേക്കു് ആവശ്യമായിരിക്കുമോ അത്രയുംകാലത്തേക്കു് ഉഴിഞ്ഞുവയ്ക്കപ്പെട്ട ഒരു വ്യക്തിയായിരിക്കും......" ഈ ധീരപുരുഷൻെറ ആശയത്തെ ആരും വകവച്ചുകൊടുക്കും. ആ ഭാര്യയും, കഴിയുമെങ്കിൽ ആ കുഞ്ഞുങ്ങളും അയാളുടെ വാക്കുകളിൽ അന്തർഭവിച്ചിരിക്കുന്ന പ്രസ്തുത തത്വത്തിൻെറമുമ്പിൽ ആദരപൂർവ്വം മൗനമവലംബിക്കും. ഇതുതന്നെയാണു് മാതാപിതാക്കൾ തങ്ങളുടെ മക്കളുടെ വൈദികദൈവവിളിയേയൊ മിഷൻജോലിക്കായുള്ള ദൈവാഹ്വാനത്തേയോപററി അറിയുമ്പോൾ ചെയ്യേണ്ടതും. വിവാഹബന്ധത്തിലേർപ്പെടുന്ന ആ മകനോ മകളോ സ്വരാജ്യത്തിനുവേണ്ടി പടപൊരുതുവാൻ കുടുംബം വിട്ടിറങ്ങിയ ആ യോദ്ധാവോ, അവരിലുണ്ടായിരുന്ന കുടുംബസ്നേഹത്തെ നിഹനിച്ചിട്ടാണു് ഇറങ്ങിപ്പുറപ്പെട്ടതെന്നു് നമ്മിലാരെങ്കിലും പറയുമോ? ഒരിക്കലുമില്ല. എങ്കിലും ഉപരിസ്നേഹയോഗ്യമായ ഒന്നിൻെറ മുമ്പിൽ അവരുടെ പ്രഥമസ്നേഹം അനുഭവപ്പെടുന്നില്ല എന്നതു പരമാർത്ഥം. "നിങ്ങൾ എന്നെ അന്വേഷിച്ചതെന്തിനു്, ഞാൻ എൻെറ പിതാവിൻെറ ഭവനത്തിലായിരിക്കേണ്ടതാകുന്നു എന്നു നിങ്ങൾ അറിയുന്നില്ലേ?" എന്നു് ബാലനായ മിശിഹാ അരുളിയ തിരുമൊഴികളുടെ മുമ്പിൽ നമ്രശിരസ്കരായ പരി: ക: മറിയത്തിൻെറയും വി. യൗസേപ്പിൻെറയും മഹനീയമാതൃക നമുക്കു കാണിച്ചുതരുന്നതു് പ്രസ്തുത തത്വത്തോടുള്ള ആദരവല്ലെങ്കിൽ പിന്നെ എന്താണു്? ഈ സ്ഥിതിക്കു് "എന്നെക്കാൾ കൂടുതൽ അപ്പനേയൊ അമ്മയേയൊ സ്നേഹിക്കുന്നവൻ എനിക്കു യോഗ്യനല്ല" (മത്താ: 10; 37) എന്ന മിശിഹായുടെ മുന്നറിയിപ്പിനെ അനുസ്മരിപ്പിച്ചുകൊണ്ടു്, തങ്ങളുടെ പരമോന്നതസ്നേഹവിഷയമായ ദൈവത്തിനുവേണ്ടി ജീവിക്കുവാനും ജോലിചെയ്യുവാനും മുതിരുന്ന നമ്മുടെ കുഞ്ഞുങ്ങളുടെ ആ അഭിലാഷത്തെ നാം വിലമതിക്കുകയും, പ്രോത്സാഹിപ്പിക്കുകയുമല്ലയോ ചെയ്യേണ്ടതു്?

അതുകൊണ്ടു് നമ്മുടെ കുടുംബത്തിൽനിന്നു് ധാരാളം നല്ല ദൈവവിളി മുളയെടുത്തുവരുവാൻ നിരന്തരമായി ദൈവത്തെ പ്രാർത്ഥിക്കാം. അതിനായി ഒരു നല്ല കുടുംബാന്തരീക്ഷം നിലനിർത്തുകയും, അതിൽ നമ്മുടെ കുഞ്ഞുങ്ങളെ സശ്രദ്ധം, എന്നാൽ ദൈവമക്കൾക്കനുയോജ്യമായ, സ്വാതന്ത്ര്യത്തിലും ഉത്തരവാദിത്വബോധത്തിലും വളർത്തിക്കൊണ്ടുവരികയും ചെയ്യാം. "തങ്ങളുടെ പുത്രരുടെ ദൈവവിളിയെ നിർഭയം സ്വീകരിക്കുകയും അതിൽ തങ്ങളുടെ കുടുംബത്തിനു കൈവന്ന അസാധാരണബഹുമതിയും ഭാഗ്യമായ നമ്മുടെ കർത്താവിൻെറ പ്രത്യേകസ്നേഹപരിപാലനയും ദർശിക്കുകയും ചെയ്യുന്ന മാതാപിതാക്കൾ അനുഗൃഹീതർ. വിശ്വാസം കൂടുതൽ ശക്തിപ്പെട്ടിരുന്ന കാലങ്ങളിലെപ്പോലെ, ഇങ്ങനെയുള്ള ദൈവികാനുഗ്രഹങ്ങൾക്കായി ആത്മാർത്ഥമായി പ്രാർത്ഥിക്കുകകൂടി ചെയ്യുമെങ്കിൽ അവർ കൂടുതൽ അനുഗൃഹീതരായിരിക്കും" എന്ന പരി. പിതാവു് പതിനൊന്നാം പീയൂസിൻെറ വാക്കുകൾ നമ്മുടെ സ്മൃതിപഥത്തിൽ എപ്പോഴുമുണ്ടായിരിക്കട്ടെ.

—ഠ—

ചന്ദ്രിക
REGD.
ഔഷധസോപ്പ്
ചുണങ്ങ്, താരൻ, മുഖക്കുരു മുതലായവയ്ക്ക്
S.V.PRODUCTS, IRINJALAKUDA

## വിനോദിനി



ദിവസം 5 രൂപാ ശമ്പളം കിട്ടുങ്കി ഞാൻ തയ്യാറാ ജോലിക്കു്. എന്താ പണ്ണീന്നു പറയിൻ.

ദേ എലക്ഷൻ പ്രചരണത്തിനേ മൈക്കില്ലാത്തിടത്തൊക്കെ നീ കൂടെ പോയി അവരുടെ പ്രസംഗമൊന്നു് ഏററു പറയണം അത്രേ വേണ്ടൂ!

x x x

എല്ലാവരും പെരുന്നാൾകഴിഞ്ഞു മടങ്ങുകയാണു് ബസ്സിൽ. ഒരു കുട്ടി ഒരു യാത്രക്കാരൻെറ അടുത്തിരുന്നു അവൻ വാങ്ങിച്ച ചൂളക്കണ്ടമാനം ഊതുകയാണു്. യാത്രക്കാരനു അസഹ്യമായി. ദേഷ്യം വന്നു. എന്തു ചെയ്യാനാണു് ആ കുട്ടിയോടു്. പെട്ടെന്നു ശാന്തമായി കുട്ടിയെ തലോടിക്കൊണ്ടു് പറഞ്ഞു:- "മകനേ, ഇതു നീ പെരുന്നാളിനു മേടിച്ചതാണോ? എന്തു വിലയായി?"

കുട്ടി:- "ഒരണ."

യാത്രക്കാരൻ:- "നീ വേറെ എന്തെങ്കിലും വാങ്ങിയോ?"

കുട്ടി:- "ഓ, ധാരാളം."

ഒരു സഞ്ചിയെടുത്തു അവൻ കച്ചവടസാമാനങ്ങൾ ഒന്നൊന്നായി എടുത്തു യാത്രക്കാരെ കാണിച്ചുതുടങ്ങി. ശല്യം കൂടാതെ യാത്രക്കാരൻ അയാളുടെ സ്ഥലത്തിറങ്ങിപ്പോവുകയുംചെയ്തു.

—ഠ—

Wednesday
JUNE 12
1957

# THE SATHYADEEPAM

(ESTD. 1927)


BROADWAY—ERNAKULAM (KERALA STATE)

Reg. No. M. 2298
Vol. 30
No. 42

# ബാലരംഗം



വി. ബ്രിജീത്താ



ബാലികയായ ബ്രിജീത്താ ഡി. പാട്രിക്കിൻെറ സന്നിധിയിൽ

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

നമുക്കു മാതൃകാവിശുദ്ധന്മാരുടെ ചരിത്രത്തിലേക്കു മടങ്ങാം. വിദ്യാത്ഥികളുടെ മദ്ധ്യസ്ഥയായ വിശുദ്ധ ബ്രിജീത്തായെപ്പററി നിങ്ങൾ കേട്ടിട്ടുണ്ടോ? പേരു നിങ്ങൾക്കു സുപരിചിതമായിരിക്കും. ബ്രിജീത്താ എന്നുള്ള പേരു നമ്മുടെ പെൺകുട്ടികളുടെ ഇടയിൽ അത്ര അപൂർവ്വമല്ല. പക്ഷെ വിശുദ്ധയുടെ ചരിത്രം ആക്കെങ്കിലും അറിയാമോ? കുഞ്ഞനുജന്മാരും കുഞ്ഞനിയത്തികളും മിക്കവാറും കണ്ണുമിഴിക്കുകയേ ഉള്ളൂ. അതിനവരെ കുററപ്പെടുത്താനില്ല. വിശുദ്ധയെപ്പററി കൂടുതൽ അറിയുന്നതിനു് അവക്കവസരമുണ്ടായിട്ടില്ലാത്തതിനു് അവരെന്തുചെയ്യാനാണു്. വിശുദ്ധ ബ്രിജീത്തായുടെ ചരിത്രം വളരെ വികാരനിർഭരമാണു്. ചെറുപ്രായത്തിൽതന്നെ വളരെ കഷ്ടതകളും ദുഃഖങ്ങളും വിശുദ്ധ സഹിക്കേണ്ടിവന്നു. എങ്കിലും വിശ്വാസചൈതന്യത്തോടും പ്രത്യേകിച്ചു കഷ്ടപ്പെടുന്ന ജനവിഭാഗത്തോടുള്ള അനുകമ്പയോടുംകൂടി പുണ്യമായ ജീവിതം നയിച്ചു. കന്യാസ്ത്രീയായി, മഠസ്ഥാപകയും മഠാധിപയുമായി. ജന്മരാജ്യമായ ഐർലണ്ടിൻേറയും വിദ്യാത്ഥികളുടേയും മദ്ധ്യസ്ഥയായി ഇന്നു വിരാജിക്കുന്നു.

എ. ഡി. അഞ്ചാംനൂററാണ്ടിൻെറ മദ്ധ്യത്തിലാണു് ഐർലണ്ടിലുള്ള ഒരു ചെറുഗ്രാമത്തിൽ ബ്രിജീത്താ ജനിച്ചതു്. അവളുടെ ബാല്യകാലത്തിൽതന്നെ ദുസ്സഹമായ ഒരു സംഭവമുണ്ടായി. അന്നു കിരാതമനഃസ്ഥിതിക്കാരായ പ്രഭുക്കന്മാരുടെ വിളയാട്ടത്തിൻെറ കാലമായിരുന്നു അവരുടെ കീഴിലുള്ളവരെ മൃഗങ്ങളേപ്പോലെ അടിമകളായി വിററിരുന്നു. ബ്രിജീത്തായുടെ പ്രിയപ്പെട്ട അമ്മയേയും അവരുടെ യജമാനൻ ഒരു ദിവസം തുച്ഛമായ വിലയ്ക്കു ആക്കോ വിററുകളഞ്ഞു. ആ സംഭവം ജീവിതകാലം മുഴുവനും അവളുടെ ഹൃദയത്തെ വേദനിപ്പിച്ചിരുന്നു എന്നു പറയേണ്ടല്ലോ. പ്രിയപ്പെട്ട അമ്മയുടെ വിരഹത്തിൽ ദുഃഖിച്ചിരുന്ന ബാലികയായ ബ്രിജീത്തായെ മെത്രാനായ പാട്രിക്കു് ഒരു ദിവസം കണ്ടുമുട്ടി. അദ്ദേഹം ഐർലണ്ടിൻെറ മാനസാന്തരത്തിനായി പ്രവത്തിച്ചുകൊണ്ടിരുന്ന കാലമായിരുന്നു അതു്. അദ്ദേഹം അവളുടെ പേരു ചോദിച്ചു. ബ്രിജീത്താ എന്നു മറുപടി പറഞ്ഞപ്പോൾ അദ്ദേഹം സകരുണം തിരക്കി, നീ ഒരു ക്രിസ്ത്യാനിയാണോ എന്നു്. പിന്നീടു് അവളുടെ കുടുംബത്തെപ്പററി ചോദ്യമായി. ബ്രിജീത്തായ്ക്കു കണ്ണീരിനെ നിയന്ത്രിക്കാൻ സാധിച്ചില്ല. "പിതാവേ, കഴിഞ്ഞ ദിവസം ഞങ്ങളുടെ യജമാനൻ അമ്മയെ വിററു" എന്നു ഒരു വിധത്തിൽ അവർ പറഞ്ഞുതീത്തു. അദ്ദേഹത്തിനും അതിയായ സഹതാപം തോന്നി. അദ്ദേഹം ആ പിഞ്ചുകുഞ്ഞിനെ സമാധാനിപ്പിക്കുകയും ദൈവത്തിൻെറ അനന്തമായ പരിപാലനയെപ്പററി അവളെ പറഞ്ഞു മനസ്സിലാക്കി അവൾക്കാശ്വാസം വരുത്തുവാൻ ശ്രമിക്കുകയും ചെയ്തു.

വല്യേട്ടൻ

---

119-ാം നമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം

എൻെറ പേർ—പുഞ്ചിരി

പ്രശ്നം നമ്പ്ര് 120

(ടി. എം. ലാസർ, എരനെല്ലൂർ, Reg. No. 98)

എല്ലാവരും ഇഷ്ടപ്പെടുന്നതും, എല്ലാ മനുഷ്യക്കും അവശ്യം വേണ്ടതുമായ ഒരു സൽഗുണമാണു് ഞാൻ. എൻെറ അഭാവത്തിൽ മററുള്ള എല്ലാ സൽഗുണങ്ങളും നിഷ്പ്രഭങ്ങളാകും. സാവധാനത്തിൽ അവ ഇല്ലാതാകുകയുംചെയ്യും. എൻെറ പേരിനു മൂന്നക്ഷരമേയുള്ളൂ. ഒന്നും രണ്ടും അക്ഷരങ്ങൾ ചേന്നാൽ നാശം, ദുഃഖം എന്നെല്ലാം അത്ഥമാണു്. രണ്ടും മൂന്നും അക്ഷരങ്ങൾ ചേന്നാൽ സൂത്രത്തിൽ കാര്യംകാണുന്ന ഒരു നടപടിയാകും. ഒന്നും മൂന്നും അക്ഷരങ്ങൾ ചേന്നാൽ അതിൻെറ അത്ഥം വിശാലത, ആത്മപ്രശംസ എന്നെല്ലാമാകും. എൻെറ പേരു കണ്ടുപിടിക്കാമോ?

(ഉത്തരം അടുത്തതിൽ)

---

ചെറുകഥ

## നീറുന്ന ഹൃദയത്തുടിപ്പുകൾ

(കെ. എൽ. അന്തോണി Reg. No. 81)

അരുണിമകലന്ന അസ്തമയാക്കൻ അന്ധകാരത്തിലേക്കു അനുനിമിഷം ആണ്ടുപോകയാണു്. ആ വെള്ളാരമ്പൂഴിമണലിൽ അതിമനോജ്ഞമായി അലങ്കരിച്ച ഒരു പ്രസംഗപീഠത്തിനുമുമ്പിൽ അനവധി ജനങ്ങൾ തിങ്ങിക്കൂടിയിട്ടുണ്ടു്. നാലുഭാഗത്തും രക്തവണ്ണത്തിലുള്ള അനവധി കൊടിക്കൂറകൾ ഇളംകാററിൽ പാറിപ്പറക്കുന്നുണ്ടു്. സൂര്യൻ അന്തരാളത്തിലേക്കു ആണ്ടിറങ്ങി. എങ്കിലും അവിടം അനവധി വൈദ്യുതദീപങ്ങളാൽ തേജോമയമായിക്കഴിഞ്ഞു. സഖാവുജെയിംസും ഭാര്യ നളിനിയും ഒരു കാറിൽ വന്നിറങ്ങി. അവരെ പല സഖാക്കളും ചുവന്ന മാലകൾ അണിയിച്ചു. ആയിരം ഉറുപ്പികയുടെ ഒരു പണക്കിഴി അവക്കു സമ്മാനിക്കുകയെന്നതു അന്നത്തെ പരിപാടികളിലെ ഒരു പ്രധാനചടങ്ങായിരുന്നു. അപ്പോൾ ജെയിംസിൻെറ മുഖം വൈദ്യുതദീപത്തിൽ പ്രകാശിച്ചു.

ജെയിംസിൻെറ പ്രസംഗത്തിൽ പല വിഷയങ്ങളെക്കുറിച്ചു സംസാരിച്ചതിൽ ഒരുഭാഗം ഇതായിരുന്നു. ഈലോകജീവിതം മാത്രമാണു് മനുഷ്യനുള്ളതു്. അല്ലാതെ അതിനപ്പുറത്തു് ഒന്നിനെപ്പററിയുള്ള സിദ്ധാന്തങ്ങളെല്ലാം തെററാണു്. അതു പുരോഹിതവർഗ്ഗത്തിൻെറ മേധാവിത്വം നിലനിത്തുവാനുള്ള ഉപായങ്ങൾമാത്രമാണു്. ആ പാവപ്പെട്ടവർ കണ്ണുംമിഴിച്ചിരുന്നു അതെല്ലാം ഉള്ളിലാക്കി. സംശയിക്കാനുണ്ടോ? നേതാവല്ലേ പറയുന്നതു്! കിഴിസമ്മാനിച്ചതിനു അവിടത്തെ കയർതൊഴിലാളികളോടു് കൃതജ്ഞതയും അദ്ദേഹം രേഖപ്പെടുത്തി. പാർട്ടിയുടെ ജീവനെ നിലനിത്തുവാൻ തൊഴിലാളികൾ ഇത്തരത്തിൽ തന്നെ സഹായിക്കണമെന്നു ഭാവിയിലേക്കു അവക്കദ്ദേഹം ഒരു ഉപദേശവുംകൊടുത്തു. അങ്ങനെ അന്നത്തെ കാര്യപരിപാടി വലിയ ഹർഷാരവത്തോടെ അവസാനിച്ചു. ആരാണീ ജെയിംസ്? നളിനി ആരാണു്?

മാത്തുമാസ്റ്റർ ഒരു കുലീനനും കുബേരനുമാണു്. അകലെയുള്ള ഒരു ഹൈസ്കൂളിലെ ഹെഡ്മാസ്റ്ററുദ്യോഗമാണു് അദ്ദേഹം വഹിക്കുന്നതു്. അദ്ദേഹത്തിൻെറ ഏകമകനാണു് ജെയിംസ്. പിതാവു് അധികസമയവും വീട്ടിലില്ലാത്തതിനാൽ അമ്മയുടെ പരിലാളനയിൽ ജെയിംസ് വളന്നുവന്നു. അവനെ സങ്കടപ്പെടുത്തുവാൻ ആ മാതാവിനു തീരെ ഇഷ്ടമുണ്ടായിരുന്നില്ല. അവൻ ചോദിക്കുന്നതും ആഗ്രഹിക്കുന്നതുമൊക്കെ കൊടുക്കുവാൻ അവർ സദാ സന്നദ്ധയായിരുന്നു. ജെയിംസ് ഇപ്രകാരം യാതൊരു നിയന്ത്രണവുമില്ലാതെ ദുഷ്ടക്കൂട്ടുകെട്ടുകളിൽപ്പെട്ടു് ഒരു ധൂത്തനായി വളരുവാൻതുടങ്ങി. പഠിക്കുവാനും പ്രസംഗിക്കുവാനും പ്രകൃത്യാതന്നെ സമത്ഥനായിരുന്നു ജെയിംസ്. അച്ചടക്കവും ആശാനിഗ്രഹവുമൊക്കെ അവനസഹനീയമാണു്. ജീവിതത്തിൽ ആനന്ദദായകമായവയെ മാത്രമേ അവൻ സ്വാഗതംചെയ്യുള്ളൂ. മററുള്ളതെല്ലാം അവനു അരോചകമായിരുന്നു. കാലാന്തരത്തിൽ ജെയിംസ് ബി. എ. പാസ്സായി. താമസിയാതെ ജെയിംസ് സുന്ദരിയും സുശീലയുമായ മേരിയെ വിവാഹംകഴിച്ചു. ജെയിംസിൻെറ മാതാവു രണ്ടുകൊല്ലത്തിനകം മരണമടഞ്ഞു. മേരിയുടെ പ്രേരണകൾക്കും സേവനങ്ങൾക്കും ജെയിംസിൻെറ സാഹസികമായ ജീവിതവ്യതിയാനങ്ങളെ കടിഞ്ഞാണിട്ടു നിത്തുവാൻ സാധിച്ചില്ല. അവൻെറ മിഥ്യാഭിലാഷങ്ങൾ പൂത്തിയാക്കുവാനായി അവൻ കണ്ടെത്തിയതു് കമ്മ്യൂണിസ്റ്റുസംഘടനയാണു്. ആദ്യം അതിൻെറ അനുഭാവിയായി. പിന്നീടു് അതിൽ അംഗമായിച്ചേന്നു. ഒടുവിൽ അതിലെ ഒരു പ്രമുഖപ്രവത്തകനും നേതാവുമായി. കമ്മ്യൂണിസ്റ്റുകൾ ജെയിംസിനെ ഉയത്തുവാനും പുകഴ്ത്തുവാനുംതുടങ്ങി. അദ്ദേഹത്തിൻെറ പ്രസംഗധോരണി കമ്മ്യൂണിസത്തിലേക്കു തൊഴിലാളികളെ മുഴുവനും വശീകരിക്കത്തക്കതായിരുന്നു. ജെയിംസ് അവരുടെ നേതാവായിത്തീന്നു.

മാത്തുമാസ്റ്ററും ജെയിംസിൻെറ ഭാര്യയും ഇതെല്ലാംകണ്ടു ദുഃഖപരവശരായിക്കഴിഞ്ഞുകൂടി. പല ഉപദേശങ്ങളും അവർ അവൻ നൽകിക്കൊണ്ടിരുന്നു, ഓരോ അവസരത്തിലും. പക്ഷെ അവരോടു അവനു വലിയ വിദ്വേഷമാണു തോന്നിയതു്. മാത്തുമാസ്റ്റർ വികാരിയച്ചനോടു്, മകനെ വിളിച്ചുപദേശിക്കുവാൻ അപേക്ഷിച്ചു അദ്ദേഹം ജെയിംസിനെ വിളിച്ചു ഉപദേശിച്ചുനോക്കി. യാതൊരു പ്രയോജനവുമുണ്ടായില്ല. മാത്രമല്ല അതിനു വികാരിയച്ചനോടു് തക്ക പ്രതിപകരം ചെയ്യുകയുംചെയ്തു. സവ്വകമ്മ്യൂണിസ്റ്റു പത്രങ്ങളിലും പല ഇല്ലാക്കഥകളും അച്ചനെപ്പററി പ്രസിദ്ധംചെയ്തു.

ജെയിംസ് ഈ സംഭവങ്ങൾ നടന്നതുമുതൽ വീട്ടിൽ വരാതെയായി. പിതാവിനോടും ഭാര്യയോടും അവനു അരിശമായി. ഇതിനിടയിൽ മേരി രണ്ടു കുഞ്ഞുങ്ങളുടെ മാതാവായിത്തീന്നിരുന്നു. അവൾ പ്രാണവല്ലഭൻെറ ഈ വക പ്രവൃത്തികളിൽ ഭഗ്നാശയായി ദൈവത്തോടും മാതാവിനോടും പ്രാത്ഥിപ്പാൻതുടങ്ങി.

മാത്തുമാസ്റ്റർ മകൻെറ ദുഷ്പ്രവൃത്തികളുടെ ഫലമായി ആധിയിലാണ്ടു. വയസ്സനായതുകൊണ്ടു് പെട്ടെന്നു ആധി വ്യാധിയായി രൂപാന്തരപ്പെട്ടു. ദിനം ദിവസം തോറും വർദ്ധിച്ചുവന്നിരുന്നു. മാത്തുമാസ്റ്റർ അന്ത്യകൂദാശകളെല്ലാം സ്വീകരിച്ചു് മരണനിമിഷത്തെ പ്രതീക്ഷിച്ചു് കിടപ്പിലാണു്. ജെയിംസ് അപ്പോഴും വീട്ടിൽ വന്നിരുന്നില്ല. പലരും ഉപദേശിച്ചിട്ടും അയാൾ വന്നില്ല. അവസാനം മേരിയും കാല്ക്കൽവീണു കേണപേക്ഷിച്ചെങ്കിലും യാതൊരു ഫലവുമുണ്ടായില്ല. മേരിയുടെ കവിൾത്തടം ചുവപ്പിച്ചു മടക്കി അയച്ചു. മേരിയുടെ ഹൃദയത്തിലൂടെ നൂറുനൂറു നീറുന്ന ചിന്തകൾ പാഞ്ഞുപോയി. അവൾ അതെല്ലാം സഹിച്ചു വീട്ടിലേക്കുമടങ്ങി.

മദ്ധ്യാഹ്നസൂര്യൻെറ ഉഗ്രകിരണങ്ങളാൽ അന്തരീക്ഷം ആളിക്കത്തുകയാണു്. എന്നാൽ മാത്തുമാസ്റ്ററുടെ ശരീരം തണുക്കുകയാണു്. അയാൾ ഈലോകത്തോടു യാത്രപറഞ്ഞു് ദീർഘനിദ്രപ്രാപിച്ചുകഴിഞ്ഞിരുന്നു. മേരിയും ബന്ധുജനങ്ങളും ആശ്വാസരഹിതരായിരുന്നു കരയുകയാണു്. അപ്പോഴാണു് ജെയിംസ് വീട്ടിൽവരുന്നതു്. പക്ഷെ അവൻ വന്നതു് പിതാവിൻെറ മൃതദേഹം സംസ്കരിക്കാനല്ല; മുതലിൻെറ അവകാശം സ്ഥാപിക്കുവാനാണു്. പലരും അവനു സദുപദേശങ്ങൾനൽകി. തല്ക്കാലം അവൻ അതൊക്കെ സമ്മതിച്ചു. ശവശരീരം മറവുചെയ്തു കഴിഞ്ഞു് ബന്ധുജനങ്ങൾ പിരിഞ്ഞുപോകുവാൻതുടങ്ങി. ചില സഖാക്കൾവന്നു് ജെയിംസിനെ വീട്ടിൽനിന്നും വിളിച്ചുകൊണ്ടുപോയി. മൂന്നുദിവസത്തേക്കു ജെയിംസ് വീട്ടിൽ വന്നില്ല.

ജെയിംസ് വീട്ടിൽ വരാത്തദിവസങ്ങൾ പണ്ടേപ്പോലെ നീണ്ടുനീണ്ടുപോയിരുന്നു. നളിനിയെന്ന ഒരു യുവതിയുമായിട്ടാണു് അയാളുടെ കൂട്ടുകെട്ടു്. അവളും ഒരു കമ്മ്യൂണിസ്റ്റു് പ്രസംഗകയാണു്. അവർ ഇരുവരും പല പ്രസംഗങ്ങളിലും പങ്കെടുക്കും. ഇവരുടെ പ്രസംഗധോരണിയിൽ തൊഴിലാളികൾ മനംമയങ്ങി പല കിഴികളും ഇവക്കു സമ്മാനിക്കാൻതുടങ്ങി. പാർട്ടിയുടെ ജീവനെ നിലനിത്താനെന്ന വ്യാജേനയാണു് ഇതെല്ലാം വാങ്ങിച്ചിരുന്നതു്. പിതാവിൻെറ മരണശേഷം ഒരുദിവസം നളിനിയും ജെയിംസുംകൂടി അയാളുടെ വീട്ടിൽവന്നു. മേരിയോടും കുട്ടികളോടും വീടുവിട്ടിറങ്ങുവാൻ ശഠിച്ചു. സ്വഭത്താവിനെ വിശ്വസ്തതാപൂവ്വം പൂജിച്ചിരുന്ന പതിവ്രതയായ ആ ഭാര്യ എന്തുചെയ്യണമെന്നറിയാതെ കലങ്ങി. മേരി വികാരിയച്ചനെ വിവരമറിയിച്ചു് അദ്ദേഹത്തിൻെറ ഉപദേശമനുസരിച്ചു് സ്വന്തം പിതാവിൻെറ വീട്ടിലേക്കു് ആ ഓമനക്കുഞ്ഞുങ്ങളുടെ ദയനീയമായ നിലവിളിയുടെമദ്ധ്യേ മടങ്ങിപ്പോയി.

കാലചക്രം ആരുടെയും ദുഃഖങ്ങളെയും സുഖങ്ങളെയും നോക്കാതെ തിരിഞ്ഞുകൊണ്ടിരുന്നു. അത്തരത്തിൽ കാലങ്ങൾ പലതും കടന്നുപോയി. മേരി അപ്പോഴും നീറുന്ന ഹൃദയത്തുടിപ്പുകളോടെ ജെയിംസിനെ കാത്തിരിപ്പുണ്ടു്. അതിനുവേണ്ടി അവൾ മിക്കസമയവും പ്രാത്ഥനയിലും പ്രായശ്ചിത്തത്തിലും കഴിച്ചിരുന്നു. ജെയിംസും നളിനിയും സ്വത്തെല്ലാം ധൂത്തടിച്ചു ജീവിക്കാൻ തുടങ്ങി. അധികകാലം ആ ജീവിതം തുടന്നുപോകാൻ സാധിച്ചില്ല. സ്വത്തെല്ലാം അവസാനിച്ചു. നളിനി മററു പല സഖാക്കന്മാരുടേയും കണ്ണിലുണ്ണിയായിരുന്നു. ജെയിംസിൻെറയും നളിനിയുടെയും ജീവിതവിഹായസ്സിൽ ചില ഇരുണ്ട മേഘങ്ങൾ ഉരുണ്ടുകൂടുവാൻ തുടങ്ങി.

(ശേഷം 7-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press,
Ernakulam-1